## VII. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ലഹരി വ്യാപനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ സമയകൃത്യത പാലിക്കണം. യാതൊരു കാരണവശാലും 10 സെക്കന്റ് പോലും അധികമായി ആർക്കും അനുവദിക്കുന്നതല്ല. എല്ലാവരും ചെയറുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അസുഖബാധിതയായി സഹോദരിയുടെ വീട്ടിൽ കഴിയുകയായിരുന്ന 52 കാരിയായ സുബൈദയെ കാണാനാണ് 25 കാരനായ മകൻ മുഹമ്മദ് ആഷിഖ് അവിടേയ്ക്ക് എത്തിയത്. ഉമ്മയോടൊപ്പം സന്തോഷവാനായി ചിരിച്ച് ഉല്ലാസിച്ചുനിൽക്കുന്ന ആഷിഖിന്റെ ഫോട്ടോയ്ക്ക്

അധികം പഴക്കമൊന്നുമില്ല. പിതാവ് ഉപേക്ഷിച്ച് പോയതിൽ പിന്നെ ഉമ്മയ്ക്ക് മകനും മകന് ഉമ്മയുമായിരുന്നു എല്ലാം. ഉമ്മയുടെ സഹോദരി വീട്ടിലില്ലാത്ത സമയത്ത് ആഷിഖ് അടുത്ത വീട്ടിൽ ചെന്ന് തേങ്ങ പൊതിക്കാൻ ഒരു കൊടുവാൾ ആവശ്യപ്പെടുന്നു. തന്റെ പ്രിയപ്പെട്ട ഉമ്മയെ ആ വീട്ടിലെ ഡൈനിങ് ഹാളിൽ കഴുത്തറുത്ത് കൊന്നതിനുശേഷം രക്തം പുരണ്ട കൈയുമായി നിന്ന ആഷിഖിനെയാണ് ഓടിയെത്തിയവർ കാണുന്നത്. ആഷിഖ് ആ കൊലയുടെ കാരണം വെളിപ്പെടുത്തിയപ്പോൾ കൂടെനിന്നവരെല്ലാം ഞെട്ടിപ്പോയി. തനിക്ക് ജന്മം നൽകിയതിനുള്ള ശിക്ഷയാണ് ഉമ്മയ്ക്ക് നൽകിയതെന്നാണ് ആ അരുംകൊലയ്ക്ക് കാരണമായി അയാൾ പറഞ്ഞത്. ഇതൊരു സിനിമയുടെ കഥയല്ല. ഇത്ര വൈകാരികവും തീക്ഷണവുമായ ഡയലോഗ് ഒരു പക്ഷേ എം. ടി. വാസുദേവൻ നായരോ ലോഹിതദാസോ എഴുതുവാൻ ഒരു നിമിഷം മടിക്കും. കാരണം, മാതാവ് എന്നത് കേവലം ഒരു വിളിപ്പേരല്ല. വാൽസല്യത്തിന്റെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും ആൾരൂപമാണ്. ആ ആൾരൂപത്തെയാണ് കോഴിക്കോട് താമരശ്ശേരിയിൽ അടിവാരത്ത് നിഷ്കരുണം മകൻ കഴുത്തറുത്ത് കൊന്നത്. എം. ടി. വാസുദേവൻ നായരുടെ

'നാലുകെട്ട്' എന്ന നോവലിൽ തന്റെ പിതാവിന്റെ ഘാതകരോട് പക വീട്ടാൻ പകയുമായി വളരുന്ന അപ്പുണ്ണി എന്ന കഥാപാത്രത്തെ വരച്ചിടുന്നുണ്ട്. എന്നാൽ, അപ്പുണ്ണി വളർന്നപ്പോൾ ആ പക അവനോടൊപ്പം വളർന്നില്ല; അയാൾ മാനസാന്തരപ്പെട്ടു. ഇന്നത്തെ കാലമായിരുന്നെങ്കിൽ അയാൾ മാനസാന്തരപ്പെട്ടുമായിരുന്നില്ല. കാരണം, ലഹരി മനുഷ്യ മനസ്സുകളെ കീഴടക്കുന്ന കാലമാണിത്. സ്വന്തം രക്ഷകർത്താക്കളെപോലും കഴുത്തറുത്തും ചവിട്ടിയും കൊല്ലുന്ന ലഹരിക്കടിമപ്പെട്ട മക്കളെ സൃഷ്ടിക്കുന്ന കാലമാണ്. താമരശ്ശേരിയിലേത് ഒറ്റപ്പെട്ട ഒരു സംഭവമല്ല. ഒരു തലമുറയുടെ മസ്തിഷ്കത്തെ കാർന്നുതിന്നുന്ന വൈറസായി ലഹരി മാറുകയാണ്.

ഇന്നലെയാണ് തൃശൂരിലെ കൊടുങ്ങല്ലൂരിൽ ലഹരി ഉപയോഗം ചോദ്യം ചെയ്തതിന് മകൻ അമ്മയുടെ കഴുത്തറുത്ത സംഭവമുണ്ടായത്. പ്രതിപക്ഷ നേതാവിന്റെ മണ്ഡലമായ പറവൂർ ചേന്ദമംഗലത്ത് അയൽവാസി വീട്ടിൽ കയറി മൂന്ന് പേരെ അടിച്ചുകൊന്നു. കിഴക്കമ്പലത്ത് ഋതുജയൻ എന്നയാളാണ് കൊല നടത്തിയത്. അച്ഛനെയും അമ്മയെയും മകളെയും കൊച്ചുമക്കളുടെ മുന്നിലിട്ടാണ് ഇയാൾ കൊന്നത്. ഇയാളും ലഹരിക്കടിമയായിരുന്നു. കോട്ടയത്ത് കാരിത്താസ്

ആശുപത്രിക്ക് സമീപം പോലീസുകാരനായ സി.പി.ഒ. ശ്യാമപ്രസാദിനെ കൊന്ന കേസിലെ പ്രതി ജിബിൻ ജോർജ്ജ് ലഹരിക്കടിമയായിരുന്നു. പത്തനംതിട്ട വള്ളിക്കോട് ലഹരി വിൽപന ചോദ്യം ചെയ്ത യുവാവിനും അയാളുടെ വീട്ടുകാർക്ക് നേരെയും ലഹരി മാഫിയയുടെ അക്രമമുണ്ടായ വാർത്തയും ഈ ദിവസങ്ങളിലാണ് നമ്മൾ വായിച്ചത്. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ ലഹരിക്കടിമയായ യുവാവ് അമ്മയെയും മുത്തച്ഛനെയും അടിച്ചുകൊന്നു. ആദ്യം മുത്തച്ഛനെ ചുറ്റിക കൊണ്ട് തലക്കടിച്ച് വീഴ്ത്തി, ആ സമയം മാതാവ് അവിടെയുണ്ടായിരുന്നില്ല.  പിന്നീട് മാതാവ് വന്നപ്പോൾ മാതാവിനെ മുറിയിലേക്ക് വലിച്ചുകൊണ്ടുപോയശേഷം ചുറ്റികകൊണ്ട് തലയ്ക്കടിച്ചുകൊന്നു. എന്നിട്ട് ഇയാൾ ആ മാതാവിന്റെ അടുക്കലിരുന്ന് മണിക്കൂറുകളോളം പാട്ട് കേൾക്കുകയും പിന്നീട് ഓംലെറ്റ് ഉണ്ടാക്കി കഴിച്ചുവെന്നുമാണ് പോലീസുകാരോട് പറഞ്ഞത്.  മൂന്നര മണിക്ക് കൊലപാതകം നടത്തിയിട്ട് രാത്രി ഇരുട്ടുംവരെ ആ വീട്ടിൽ അമ്മയുടെ മൃതശരീരത്തിനടുത്ത് പാട്ട് കേട്ടിരുന്നശേഷം രാത്രിയിൽ ഈ ചെറുപ്പക്കാരൻ മതിൽ ചാടി രക്ഷപ്പെടുകയാണ് ചെയ്തത്. കഴിഞ്ഞ ദിവസം കാശ്മീരിൽ

നിന്നാണ് പോലീസ് അയാളെ അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്യുമ്പോൾ അശ്ശേഷം കുറ്റബോധമുണ്ടായിരുന്നില്ല. ഇയാൾ ഒന്നിലധികം രൂപത്തിലുള്ള മയക്കുമരുന്നിന് അടിമയായിരുന്നുവെന്നാണ് അറിയാൻ സാധിച്ചത്. ആ ഗ്രാമത്തിൽ മയക്കുമരുന്ന് വളരെ സുലഭമാണെന്നാണ് ഈ സംഭവത്തിലൂടെ തെളിയുന്നത്. ആ ഗ്രാമത്തിൽ ഒന്നിലധികം രൂപത്തിലുള്ള മയക്കുമരുന്നുകൾ യഥേഷ്ടം ഉപയോഗിക്കാൻ ഇയാൾക്ക് ലഭിക്കുന്നുണ്ടെന്ന വലിയ അപകടകരമായ യാഥാർഥ്യം സഭയുടെ മുന്നിലേയ്ക്ക് കൊണ്ടുവരികയാണ്.

"അങ്കിളേ ഞാൻ എന്റെ അച്ഛനെ കൊന്നു" കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന ഒരു തലക്കെട്ടാണ്. തിരുവനന്തപുരത്ത് വെള്ളറട കിളിയൂരിൽ അച്ഛനെ കൊന്നിട്ട് അച്ഛന്റെ സഹോദരനെ വിളിച്ചിട്ട് എന്റെ അച്ഛനെ ഞാൻ കൊന്നുവെന്ന് മകൻ പറയുകയാണ്. എം.ബി.ബി.എസ്. വിദ്യാർഥിയായ മകനാണ് ഇങ്ങനെ പറയുന്നത്. അച്ഛൻ ജോസിനെ മകൻ പ്രജിൻ ജോസാണ് കൊലപ്പെടുത്തിയത്. ഇയാളും ലഹരിക്ക് അടിമയായിരുന്നു. മാധ്യമത്തിലൂടെ വന്ന ഒരമ്മയുടെ വാക്കുകൾ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മകൻ പ്ലസ്ടു കാലം മുതലാണ് വഴി തെറ്റി തുടങ്ങിയത്. പ്ലസ്ടുവിന് പഠിക്കുന്ന

സമയത്ത് ബാഗിൽനിന്നും ഒരു കുഞ്ഞു പൊതി ലഭിച്ചു. പൊതിയിൽ തരി പോലൊരു വെള്ള പൊടിയായിരുന്നു. കൂട്ടുകാരൻ തന്നതാണെന്നും കെമിസ്ട്രി ലാബിലേയ്ക്കുള്ളതാണെന്നും അവൻ അമ്മയോട് പറഞ്ഞു. പിന്നീട് ബാഗിൽനിന്നും ഉണങ്ങിയ ഇലകൾ ലഭിച്ചപ്പോഴാണ് സംശയം മുളപൊട്ടിയത്. തരക്കേടില്ലാത്ത മാർക്ക് വാങ്ങി പ്ലസ്ടു ജയിച്ചു. ബിരുദ പഠനത്തിനായി കോളേജിൽ ചേർന്നതിനുശേഷം കാര്യങ്ങൾ കൈവിട്ടു. അവന്റെ കണ്ണുകൾ ചത്ത മീനിനെ പോലെയാകുകയും പ്രസരിപ്പെല്ലാം എങ്ങോ മാഞ്ഞുപോകുകയും ചെയ്തു. വസ്ത്രധാരണം അലസമായി, പണത്തിനുവേണ്ടി വീട്ടിൽ എന്നും അടിയുണ്ടാക്കുകയും വീട്ടിൽനിന്ന് മോഷ്ടിക്കാൻ ആരംഭിക്കുകയും ചെയ്തു. വൈകിട്ട് ജോലി കഴിഞ്ഞെത്തിയാൽ നാട്ടിലെയും വീട്ടിലെയും കോളേജിലെയും വിശേഷങ്ങൾ പങ്കുവച്ചിരുന്ന അവന് ഇപ്പോൾ അതിനൊന്നും താൽപര്യമില്ല. എന്തെങ്കിലും ചോദിച്ചാൽ ഒന്നോരണ്ടോ വാക്കിലാണ് മറുപടി പറയും. ഓരോ കാരണങ്ങൾ പറഞ്ഞ് അച്ഛന്റെയും അമ്മയുടെയും സഹോദരിയുടെയും കൈയിൽനിന്നും പണം വാങ്ങും. പണം കൊടുത്തില്ലെങ്കിൽ കാണുന്നതെല്ലാം തല്ലിപ്പൊട്ടിക്കും. ലഹരിക്കുവേണ്ടി ആരെയും

കൊല്ലാൻപോലും മടിക്കില്ല. ലഹരി ഉള്ളിലാക്കിയാൽ ആരോട് എങ്ങനെ പെരുമാറുമെന്നുപോലും അറിയില്ല. ഒരമ്മ മാധ്യമത്തോട് പറഞ്ഞ വാക്കുകളാണിത്.

സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗംമൂലം കുറ്റകൃത്യങ്ങൾ വർധിക്കുമ്പോൾ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ കൈയ്യിൽ കൃത്യമായ കണക്കില്ലെന്നാണ് ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-ക്ക് സർക്കാർ നൽകിയ മറുപടിയിൽ പറയുന്നത്. ലഹരിക്ക് അടിമയായവരുൾപ്പെട്ട കൊലപാതക കേസും ആക്രമങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടപ്പോൾ ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ലെന്ന മറുപടിയാണ് ബഹുമാന്യനായ അംഗത്തിന് ഗവൺമെന്റിൽനിന്ന് ലഭിച്ചത്. ലഹരിക്ക് അടിമപ്പെട്ടവരിൽ ഇങ്ങനെയുള്ള കൊലപാതക കേസിൽപ്പെടുന്നവരുടെ വിശദാംശങ്ങളും പഠനങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത് അത്യാവശ്യമാണ്. NDPS Act (The Narcotic Drugs and Psychotropic Substances Act) പ്രകാരമുള്ള കേസുകൾ പരിശോധിച്ചാൽ കേരളത്തിൽ ഇപ്പോൾ ഉയർന്നുവരുന്ന ലഹരിയുടെ ഉപഭോഗം മനസ്സിലാക്കാൻ സാധിക്കും. 2016-ൽ 5924-ഉം 2017-

ൽ 9244-ഉം 2021-ൽ 5695-ഉം 2022-ൽ 26619-ഉം 2023-ൽ 30697-ഉം 2024-ൽ 27530-ഉം കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽനിന്നും സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ലഹരി ഉപഭോഗം വർധിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും. 19 മാസത്തിനിടയിൽ 145 സ്ത്രീകളെയും 102 ആൺകുട്ടികളെയും പ്രതിയാക്കി എക്സൈസ് വകുപ്പ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും ഇവിടേയ്ക്ക് ലഹരിയെത്തിക്കുന്ന കണ്ണികൾ മുറിക്കാൻ സാധിക്കണം. കൊറിയറുകളിലൂടെ ലഹരിയെത്തുന്നതിനുപുറമെ ഓൺലൈൻ സൈറ്റുകളിലൂടെയും ഡാർക്ക് വെബുകളിലൂടെയും ലഹരിയുടെ വ്യാപാരം നടക്കുകയാണ്. അതുകൊണ്ടുതന്നെ വളരെ സൂക്ഷ്മതയോടും ശാസ്ത്രീയമായും ജാഗ്രതയോടെയുമുള്ള ഒരു പരിശോധനയിലും സർവയലൻസിലും മാത്രമേ ഇതിന്റെയൊക്കെ മയക്കുമരുന്ന് വിതരണത്തിന്റെ പ്രഭവകേന്ദ്രം കണ്ടെത്താൻ സാധിക്കുകയുള്ളൂ, അത് കണ്ടെത്തിയില്ലെങ്കിൽ യാതൊരു കാര്യവുമില്ല. ലഹരി ഉപയോഗിക്കുന്നവർ മാത്രമല്ല ലഹരിയുടെ കാരിയർമാരാകുന്നത്. വിദ്യാർഥികളെ കാരിയർമാരായി ഉപയോഗിക്കുന്നുണ്ട്. കാരണം, മയക്കുമരുന്ന്

കച്ചവടത്തിന് പിന്നിൽ വലിയ സാമ്പത്തികലാഭമുണ്ട്. അതുകൊണ്ട് വിദ്യാർഥികളെയടക്കം ഇതിന്റെ കാരിയർമാരായി ഉപയോഗിക്കുന്നുവെന്നതാണ് കാണേണ്ടത്. സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിലെ സർവയലൻസും പരിശോധനയും ശക്തമാക്കിയാൽ മാത്രമേ അതിർത്തി കടന്ന് ഇവിടേയ്ക്കുള്ള ലഹരിയുടെ വരവിനെ തടയാൻ സാധിക്കുകയുള്ളൂ. MDMA പോലെയുള്ള ആധുനിക സിന്തറ്റിക് മരുന്നുകളുടെ പ്രത്യേകത ഉപയോഗം കുറഞ്ഞാലും ഇതിന്റെ ലഹരി വളരെ കൂടുതലായിരിക്കുമെന്നതാണ്. വളരെ കുറഞ്ഞ അളവിൽ ഇത്തരത്തിലുള്ള മരുന്നുകൾ ഉപയോഗിച്ചാൽ സ്വന്തം മാതാപിതാക്കൾക്കുപോലും ആയത് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ടാകുന്നു. എന്നാൽ, ഒരു ഘട്ടം കഴിഞ്ഞ് ഗുരുതരമായ മാനസികാരോഗ്യപ്രശ്നമായി മാറുന്ന അവസ്ഥയിലാണ് ഇത് തിരിച്ചറിയാൻ സാധിക്കുന്നത്. പലപ്പോഴും ഈ അവസ്ഥ തിരിച്ചറിഞ്ഞശേഷം തിരികെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയാത്ത അപകടകരമായ അവസ്ഥയിലേയ്ക്ക് ഈ കുട്ടികൾ മാറുന്നുവെന്ന ഗുരുതരമായ സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്നതാണ്. മറ്റ് ലഹരി വസ്തുക്കൾ

ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ഗന്ധമൊന്നും രാസലഹരികൾ ഉപയോഗിക്കുമ്പോൾ ഇല്ലാത്തതുകൊണ്ടുതന്നെ ഇത്തരം വസ്തുക്കൾ ഉപയോഗിക്കാൻ കുട്ടികളും യുവാക്കളും തയ്യാറാവുകയും പെട്ടെന്ന് ഇതിന്റെ ഉപയോഗം കണ്ടെത്താൻ കഴിയാത്ത സാഹചര്യവുമുണ്ടാകുന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതൊരു മാനസികാരോഗ്യപ്രശ്നമായി മാറുമ്പോൾ മാത്രമാണ് എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുന്നത്. മുമ്പ് കഞ്ചാവ് പൊതിയായിരുന്നുവെങ്കിൽ ഇന്ന് അത് ഹാഷിഷ് ഓയിൽ, MDMA തുടങ്ങിയ മാരകമായ രാസലഹരികളാണ് ഉപയോഗിക്കുന്നത്. അതുപോലെ LSD (Lysergic acid diethylamide) എന്ന അതിമാരകമായ ലഹരി വസ്തുക്കളുടെ ശേഖരമാണ് സുലഭമായും വ്യാപകമായും നമ്മുടെ വിദ്യാലയങ്ങളിലും കലാലയങ്ങളിലും പൊതുയിടങ്ങളിലും എല്ലായിടത്തും ലഭിക്കുന്നുവെന്നതാണ് ഏറ്റവും അപകടകരമായ കാര്യം.

ഒരു കാര്യം കൂടി, COTPA നിയമം (The Cigarettes and Other Tobacco Products Act) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. COTPA നിയമപ്രകാരം പാൻപരാഗ് പോലെയുള്ള ലഹരി വസ്തുക്കൾ പിടിച്ചെടുക്കാൻ കഴിയും. പാൻ

പരാഗ്, ഹാൻസ് തുടങ്ങിയവയൊക്കെ ഗേറ്റ് വേ ഡ്രഗ്ഗാണ്. ഇതൊക്കെ ഉപയോഗിച്ചുതുടങ്ങിയതിനുശേഷമാണ് പിന്നീട് ഗുരുതരമായ അളവിലുള്ള മറ്റ് മയക്കുമരുന്നുകളിലേയ്ക്ക് കുട്ടികൾ കടക്കുന്നത്. COTPA നിയമത്തിലെ ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്; ടി നിയമം ലംഘനത്തിന് പിടിക്കപ്പെട്ടാൽ ലഭിക്കുന്ന പരമാവധി ശിക്ഷയായ 200/- രൂപ പിഴയടക്കുകയെന്നതാണ്. 200/- രൂപ പിഴയടച്ചാൽ ശിക്ഷയിൽ നിന്നും ഒഴിവാകാൻ സാധിക്കും. അതുമാത്രമല്ല, COTPA കേസുകളുടെ എണ്ണം 2016-ൽ 236291 ആയിരുന്നുവെങ്കിൽ ഇപ്പോൾ അത് കുറഞ്ഞ് 62618 ആയി. COTPA കേസുകളുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം വർഷം തിരിച്ച് ഞാൻ ശേഖരിച്ചിട്ടുണ്ടെങ്കിലും സമയക്കുറവുമൂലം അതിലേയ്ക്ക് കടക്കുന്നില്ല. കേസെടുക്കുന്നതുകൊണ്ടാണ് കൂടുതൽ കേസുകൾ വരുന്നതെന്നുപറഞ്ഞാൽ ഇവിടെ COTPA കേസുകളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നത് എങ്ങനെയാണെന്നത് സംബന്ധിച്ച് ഗവൺമെന്റ് കൃത്യമായി പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കഴിഞ്ഞ 10 വർഷമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഭൂരിഭാഗം 18 വയസ്സിനും 40

വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളും ചെറുപ്പക്കാരും എഞ്ചിനീയർമാരും ഡോക്ടർമാരും ഐ.ടി. പ്രൊഫഷണലുകളും ഉന്നതതലങ്ങളിൽ ജോലി ചെയ്യുന്നവരുമാണ്. അങ്ങനെ എല്ലാ മേഖലയിലുമുള്ള ആളുകൾ ലഹരിമാഫിയയുടെ പിടിയിൽ അകപ്പെടുന്നുവെന്നുള്ള വളരെ ഗുരുതരമായ ഒരു സാഹചര്യം നിലനിൽക്കുന്നുവെന്നതുകൊണ്ടാണ് ഈ വിഷയം സഭ മുമ്പാകെ അവതരിപ്പിച്ചത്. പ്രസ്തുത വിഷയം ഒരിക്കൽ നിയമസഭയിൽ അവതരിപ്പിച്ചു; ഗവൺമെന്റ് ചില പ്രഖ്യാപനങ്ങൾ നടത്തിയെന്നതുകൊണ്ട് മാത്രം ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതിനപ്പുറത്തേക്ക് ഇന്നത്തെ സാഹചര്യം മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിൽ ലഹരി ബോധവൽക്കരണം പാഠ്യപദ്ധതിയുടെ ഭാഗമായി കൊണ്ടുവരണമെന്ന് പറയുകയുണ്ടായി. അതുപോലെ സ്കൂളുകളിലെ (MPTA) വിദ്യാലയ മാതൃസമിതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കണം, ഹരിയാന മോഡൽ സ്പോർട്സ് നഴ്സറികൾ സ്കൂളുകളിൽ സ്ഥാപിക്കണം, കുട്ടികൾക്ക് ആറുമാസത്തിനിടയിൽ മെഡിക്കൽ പരിശോധന ഉണ്ടാകണം, അവർക്ക് സ്വഭാവമാറ്റങ്ങൾ

ഉണ്ടാകുന്നുണ്ടോയെന്ന് കണ്ടുപിടിക്കാനുള്ള പരിശോധനകൾ നിരന്തരമായി ഉണ്ടാകുകയും വേണം. ചില വാർത്തകൾ മാത്രം ഞാൻ വായിക്കാം; 'തൃശ്ശൂർ ചിൽഡ്രൻസ് ഹോമിൽ 17 വയസ്സുകാരനെ 15 വയസ്സുകാരൻ തലയ്ക്കടിച്ചുകൊന്നു; തൃശ്ശൂരിൽ ന്യൂ ഇയറിന്റെ തലേദിവസം ഡിസംബർ 31-ന് കൊല്ലാനുപയോഗിച്ച കത്തി 14 വയസ്സുകാരന്റേതാണ്; തിരുവനന്തപുരത്ത് ഒൻപതാം ക്ലാസ് വിദ്യാർഥി പ്ലസ്ടു വിദ്യാർഥിയെ കുത്തി; പ്ലസ്ടു വിദ്യാർഥി പോലീസ് സബ് ഇൻസ്പെക്ടറെ കഴുത്തിനുപിടിച്ചു നിലത്തടിച്ചു' എന്നുള്ള വാർത്തകൾ ഈ അടുത്ത ദിവസങ്ങളിൽ വന്നതാണ്. ഇവിടെ എന്തൊക്കെയാണ് നടക്കുന്നതെന്നത് സംബന്ധിച്ച് നമുക്ക് കേവലമായി ചിരിച്ചുതള്ളിക്കളയാവുന്ന ഒരു ട്രോൾ വാചകമല്ല, നമ്മെയെല്ലാം ഇരുത്തി ചിന്തിപ്പിക്കേണ്ട സാമൂഹിക അവസ്ഥയാണെന്നുള്ള കാര്യം ഈ സഭയിൽ വളരെ ഉത്തരവാദിത്വത്തോടുകൂടി ഉന്നയിക്കുകയാണ്. ലഹരി കുടത്തിൽനിന്നും പുറത്തുവന്ന ഭൂതം കേരളത്തെ വരിഞ്ഞുമുറുക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർതലത്തിൽ എന്തെങ്കിലും പഠനമുണ്ടോ? കുറഞ്ഞപക്ഷം കഴിഞ്ഞ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുനിന്നും ഇവിടേയ്ക്കെത്തുമ്പോൾ ലഹരി കേസുകൾ കൂടിയിട്ടുണ്ടോ,

കൂടിയത് എവിടെയൊക്കെയാണ്, ഏതെല്ലാം മേഖലകളിലാണ് എന്നുള്ള പഠനമോ ശാസ്ത്രീയമായ നിരീക്ഷണമോ ലഹരിയുമായി ബന്ധപ്പെട്ട ക്രൈമുകളെ സംബന്ധിച്ച പഠനമോ അതുമായി ബന്ധപ്പെട്ട രേഖകളോ സർക്കാരിന്റെ കൈവശമുണ്ടോ എന്നുള്ളത് അറിയാൻ കേരളത്തിന് ആഗ്രഹമുണ്ട്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിച്ചേ മതിയാകൂ. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ലഹരി മാഫിയയുടെ മുമ്പിൽ പിടിച്ചുനിൽക്കാൻ സാധിക്കുന്നില്ല. ഇക്കാര്യങ്ങൾ വിമർശന രൂപത്തിലോ നിർദേശരൂപത്തിലോ അങ്ങേയ്ക്ക് പരിഗണിക്കാം; കാരണം, ലഹരി മാഫിയയുടെ കിരാതമായ വളർച്ചയ്ക്കുമുന്നിൽ എൻഫോഴ്സ്മെന്റ് വിംഗിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അതിനായി ആധുനികവൽക്കരിക്കുകയും ജീവനക്കാരുടെ സ്ട്രങ്ത് വർധിപ്പിക്കുകയും വേണം. വനിതാ എക്സൈസ് ഓഫീസർ തസ്തികയിൽ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർഥിക്കുപോലും നിയമനം നൽകുന്നില്ല. സ്ട്രെങ്ത് വർധിപ്പിക്കാതെ എങ്ങനെ ഇതൊക്കെ നേരിടാൻ കഴിയും. അതുകൊണ്ട് നിയമങ്ങൾ ശക്തമാക്കുന്നതോടൊപ്പം സർക്കാർ ഇക്കാര്യത്തിൽ ഉണർന്ന് പ്രവർത്തിക്കുകയും വേണം.

വീണ്ടും ഞാൻ ഒരു അമ്മയുടെ കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. അതായത്, കുറച്ചുദിവസങ്ങൾക്കുമുമ്പ് ഒരു ദിനപത്രത്തിന് നൽകിയ ഇന്റർവ്യൂവിൽ "എന്റെ മകൻ രാത്രിയിൽ വരുമ്പോൾ അവന് കതക് തുറന്നുകൊടുക്കാൻ പേടിയാണ്, അവന് ഭക്ഷണം വിളമ്പി കൊടുക്കാൻ ധൈര്യമില്ല, ലഹരി ഉപയോഗിച്ച് വീട്ടിലെത്തുന്ന അവൻ എന്നെ അമ്മയായിട്ടല്ല കാണുന്നത്. വിദേശത്തുള്ള അവന്റെ അച്ഛനെ കാര്യങ്ങൾ അറിയിച്ചിട്ടില്ല, അറിഞ്ഞാൽ അദ്ദേഹം നെഞ്ചുപൊട്ടി മരിക്കും, ഒറ്റ മകനാണ്" ഒരമ്മ പറയുകയാണ്. ഇതുപോലെ ഒരുപാട് അമ്മമാർ ഇക്കാര്യങ്ങൾ പുറത്തുപറയാൻ കഴിയാതെ നെഞ്ചുനീറി വീടുകളിൽ കഴിയുകയാണ്. ലഹരി വലയത്തിലകപ്പെട്ട് ജീവിതം ഹോമിക്കുന്ന മക്കളെ ഭയന്നുകഴിയുന്ന അമ്മമാരുടെ നാടായി കേരളം മാറുകയാണ്. രാസലഹരിയുടെ ചുഴിയിൽപ്പെട്ട് സഹജീവിയെപ്പോലും കൊല്ലാൻ മടിയില്ലാത്ത ഒരു പുതിയ തലമുറ ഇവിടെ വളർന്നുവരികയാണ്. നമ്മൾ വൈകുന്ന ഓരോ നിമിഷവും ഒരു തലമുറ നമ്മുടെ കൈയിൽനിന്നും വഴുതിപ്പോകുകയാണെന്ന ബോധ്യത്തിൽ ഈ വിഷയത്തിൽ അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് വളരെ ശരിയായ കാര്യങ്ങളാണ് ഇവിടെ അവതരിപ്പിച്ചത് എന്നതുകൊണ്ടുതന്നെ ഞാൻ അതിനെ പിന്താങ്ങുകയാണ്. ലഹരി ഉപയോഗം കേരളത്തിന്റെ ഒരു സാമൂഹ്യവിപത്തായി മാറിയിരിക്കുന്നുവെന്നത് വസ്തുതയാണ്. അദ്ദേഹം സുബൈദയുടെയും മകൻ ആഷിഖിന്റെയും കഥ പറഞ്ഞതുപോലെ വളരെ ദാരുണമായ, ദയനീയമായ ഒരു സംഭവത്തെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എന്റെ മണ്ഡലത്തിലെ പുതുപ്പരിയാരം പഞ്ചായത്തിൽ ഒരു തപാൽ ജീവനക്കാരനായ അച്ഛനും വീട്ടമ്മയായ അമ്മയ്ക്കും മൂന്നുമക്കളാണ്. അതിൽ ഒരു പെൺകുട്ടിയും രണ്ട് ആൺകുട്ടികളുമാണ്. മാതാപിതാക്കളുടെ ചുരുങ്ങിയ വരുമാനത്തിനുള്ളിൽ പഠിക്കാൻ മിടുക്കനായ മൂത്ത മകനെ ഉപരിപഠനത്തിനായി ബാംഗ്ലൂരിലേക്ക് അയച്ചു. മറ്റ് രണ്ടുകുട്ടികൾ നാട്ടിൽ നല്ല രീതിയിൽ പഠിച്ചുകൊണ്ടിരിക്കുകയുമാണ്. ഒരു ദിവസം രാവിലെ ഈ അച്ഛനും അമ്മയും നിരവധി വെട്ടേറ്റ് മാരകമായ രീതിയിൽ മരണപ്പെട്ടതായി അവിടത്തെ നാട്ടുകാർ അറിയുകയാണ്. മോഷണശ്രമത്തിന്റെ ഭാഗമായി

കള്ളന്മാർ ചെയ്തതാണോയെന്ന് നാട്ടിലാകെ ആശങ്കയും ഭയപ്പാടുമുണ്ടായ അവസ്ഥയിൽ മകന്റെ ഫോണുമായി ബന്ധപ്പെട്ട് സൈബർ പോലീസ് നടത്തിയ അന്വേഷണത്തിലാണ് യഥാർഥ സംഭവമെന്താണെന്ന് തെളിയുന്നത്. ബാംഗ്ലൂരിലായിരുന്ന മകൻ രാത്രിയിൽ വീട്ടിലെത്തുകയും പെട്ടെന്ന് 2 ലക്ഷം രൂപ വേണമെന്ന് അച്ഛനോടും അമ്മയോടും ആവശ്യപ്പെടുകയും ചെയ്തു. വാതരോഗം ബാധിച്ച് കിടപ്പിലായിരുന്ന അച്ഛൻ പെട്ടെന്ന് 2 ലക്ഷം രൂപ തരാൻ യാതൊരു മാർഗവുമില്ലെന്ന രീതിയിൽ മകനോട് സംസാരിക്കുകയും സ്നേഹപൂർവ്വം അവനെ സ്വന്തം കട്ടിലിൽ കിടത്തുകയും ചെയ്തു. രാത്രിയിൽ വെള്ളം ആവശ്യപ്പെട്ട അച്ഛന് വെള്ളം കൊടുക്കാതെ മകൻ കൊടുവാളെടുത്ത് വെട്ടിക്കൊലപ്പെടുത്തുകയാണ് ചെയ്തത്. ഇതുകണ്ട് നിലവിളിച്ചോടിയെത്തി കാര്യങ്ങൾ പറഞ്ഞ അമ്മയെയും മകൻ വെട്ടിക്കൊലപ്പെടുത്തി. പിന്നീട് മകൻ കൊടുവാൾ കഴുകിവയ്ക്കുകയും ഒരു കത്തിയെടുത്ത് ഒരു ആപ്പിളിന്റെ പകുതിഭാഗം മുറിച്ചുകഴിച്ച് രാത്രിയിൽത്തന്നെ ഏതോ വാഹനത്തിൽ ബാംഗ്ലൂർക്ക് തിരിച്ചുപോകുകയും ചെയ്തു. സംഭവദിവസം അവരുടെ വീട്ടിൽ മറ്റാരും ഉണ്ടായിരുന്നില്ലെന്നാണ് ഇതുസംബന്ധിച്ച് നാട്ടുകാരൊക്കെ പറഞ്ഞത്.

അവസാനം പോലീസിന്റെ മികവുറ്റ അന്വേഷണത്തിലൂടെയാണ് സ്വന്തം മകനാണ് ഈ കൊല നടത്തിയതെന്ന് കണ്ടെത്തിയത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ സംഭവങ്ങളെല്ലാം നമ്മുടെ നാട്ടിലെ പല പ്രദേശത്തേയും വീടുകളിൽ നിത്യേന നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളാണ്. ഈയൊരു പശ്ചാത്തലത്തിൽ അത്യന്താധുനികമായ രീതിയിൽ ശാസ്ത്രസാങ്കേതിക വികസനവും പുരോഗതിയും പരമാവധി ഉപയോഗപ്പെടുത്തി ലഹരിയുടെ ഉപയോഗം അവസാനിപ്പിക്കാൻ കാര്യമാത്ര പ്രസക്തമായ അന്വേഷണം നടത്താനാവശ്യമാണ് പ്രവർത്തനം നടത്തേണ്ടതാണ്. മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, തമിഴ്നാടിലെ വാളയാറാണ് എന്റെ മണ്ഡലത്തിന്റെ അതിർത്തി. വാളയാർ മുതൽ ചാവടി വരെ ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുകയാണ്. മലയാളികളായ കുട്ടികളിൽ പലരും അവിടെ പഠിക്കാൻ പോകുന്നുണ്ട്. സ്വാഭാവികമായും ഈ വിദ്യാർഥികളെ മാത്രമല്ല, വിദ്യാർഥികളുടെ വീട്ടുകാരെ സ്വാധീനിക്കുന്നതിന് മയക്കുമരുന്ന് ലോബി സാമ്പത്തികമായി ചില കാര്യങ്ങൾ ചെയ്തുകൊണ്ട് അവരെ സഹായിക്കുകയാണ്. കാറുകളിലും ബസ്സുകളിലും ഹൈസ്പീഡ് ബൈക്കുകളിലും

ഒക്കെയാണ് കുട്ടികൾ അവരുടെ ബാഗുകളിൽ പുസ്തകങ്ങൾ കൊണ്ടുപോകുന്ന രീതിയിൽ ലഹരി വസ്തുക്കൾ കടത്തുന്നത്. നിലവിൽ കുട്ടികൾ ലഹരികടത്തൽ ഒരു വരുമാനമാർഗ്ഗമായി സ്വീകരിച്ച് കൊണ്ടുപോകുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചതുപോലെ പഴയ വാഹനങ്ങളൊക്കെ മാറ്റി കാര്യമാത്ര പ്രസക്തമായിതന്നെ ഈ വിഷയത്തിൽ ഇടപെട്ടുകൊണ്ടുള്ള പ്രവർത്തനം നടത്തുന്നുവെന്ന് മാത്രമല്ല, അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കാര്യക്ഷമമായി നടത്തിക്കൊണ്ടിരിക്കുകയാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ, അതിനൊക്കെ അതീതമായ രീതിയിലാണ് ഇത്തരം അക്രമ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. മാത്രമല്ല, പണ്ടൊക്കെ ചാരായമോ വിദേശമദ്യമോ കഴിച്ചാൽ പരിശോധിക്കുന്നതിനും കണ്ടുപിടിക്കുന്നതിനും ഊതാനുള്ള ഒരു യന്ത്രമുണ്ടായിരുന്നു. ഇപ്പോൾ എങ്ങനെ ഊതിയാലും കണ്ടെത്താൻ കഴിയാത്ത വിധത്തിലുള്ള വളരെ മാരകമായതും വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതുമായ ലഹരി പദാർഥങ്ങളാണ് സംസ്ഥാനത്ത് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. വിദ്യാർഥികളായ

കുഞ്ഞുകുട്ടികളെപോലും ഉപയോഗിച്ചാണ് കേരളത്തിൽ ഇത്തരം പ്രവർത്തനം നടത്തുന്നതെന്ന് മാത്രമല്ല, എൽ.പി. സ്കൂളുകളിൽപോലും സുലഭമായി മയക്കമരുന്ന് വിതരണം നടക്കുന്നുവെന്നത് അവിശ്വസനീയമായ കാര്യമാണ്. അതുസംബന്ധിച്ചും ഒരു കഥ പറയാനുണ്ട്; എന്റെ മണ്ഡലത്തിൽ മാന്യമായി പ്രവർത്തിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് ഭാരത് മാതാ സ്കൂൾ. ആ സ്കൂളിൽനിന്നും മറ്റൊരു സ്കൂളിലേക്ക് പോകാൻ ഇടയ്ക്കൊരു പഞ്ചായത്ത് റോഡുണ്ട്. ക്ലാസിന്റെ ഇടവേളകളിൽ കുട്ടികൾ ആ പഞ്ചായത്ത് റോഡ് വഴി പോകുമ്പോൾ അവിടെ വിൽക്കുന്ന ഒരുതരം മിഠായി കുട്ടികൾ വാങ്ങികഴിച്ചശേഷം വെപ്രാളം കാണിക്കുകയാണ്. ഇതേത്തുടർന്ന് ആ സ്കൂളിലെ ഫാദറും അധ്യാപകരും ചേർന്ന് കുട്ടികൾക്ക് എന്താണ് വിതരണം ചെയ്യുന്നതെന്ന് അന്വേഷിച്ചപ്പോഴാണ് ഒരുതരം മിഠായി വിതരണമാണെന്ന് മനസിലായത്. ഇവിടെ ഇത് വിൽക്കാൻ പാടില്ലായെന്ന് കടക്കാരനോട് പറഞ്ഞപ്പോൾ അയാൾ കത്തിയെടുത്ത് കുത്താൻ പോകുകയാണ് ചെയ്തത്. ഞാനിക്കാര്യം പറയാനുണ്ടായ കാരണം, അവിടെയൊരു ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യപ്പെട്ടപ്പോൾ പഞ്ചായത്ത് അധികൃതർ അനുമതി

നിഷേധിച്ചു. തദവസരത്തിലാണ് അവർ എന്നെ കാണാനെത്തുന്നത്. അതിനുശേഷം ഇപ്പോൾ ഓവർബ്രിഡ്ജ് നിർമ്മിച്ചിട്ടുണ്ട്. നാട്ടുകാരുടെ ഇടപെടൽ കൊണ്ടാണ് കച്ചവടക്കാരനെ അവിടെനിന്നും ആട്ടിപ്പായിക്കാൻ കഴിഞ്ഞത്. ഈ വിപത്തിൽനിന്നും കേരളത്തെ രക്ഷിക്കുന്നതിനും മദ്യലഹരിയെ അകറ്റുന്നതിനും സമൂഹത്തിന്റെ ഒന്നാകെയുള്ള ശക്തമായ ഇടപെടലിലൂടെയും പ്രവർത്തനത്തിലൂടെയും സാധിക്കും. മറ്റൊന്ന്, നമ്മുടെ നിയമത്തിലുള്ള ഒരു പോരായ്മ തിരുത്തണമെന്നുകൂടി ഈ അവസരത്തിൽ ഞാൻ അഭ്യർഥിക്കുകയാണ്. കാരണം, നിശ്ചിത അളവിലുള്ള ലഹരി പദാർഥം കൈവശം വച്ചാൽമാത്രമെ അവരെ ശിക്ഷിക്കാനും ജയിലിലടയ്ക്കാനും വകുപ്പുള്ളൂ എന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ, ചെറിയൊരു അംശം ലഹരിവസ്തുപോലും കൈവശം വച്ചാൽ ജയിൽശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ നിയമത്തിൽ മാറ്റം വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനുപിന്നിൽ ഒരു രാഷ്ട്രീയമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇക്കാര്യത്തിൽ രാഷ്ട്രീയം ഉൾപ്പെടുത്താൻ ഉദ്ദേശിക്കുകയല്ല; ഇടതുപക്ഷത്തിന്റെ സ്വാധീനമുള്ളൊരു സംസ്ഥാനമാണ് കേരളമെന്ന് നമുക്കറിയാം. കേന്ദ്രത്തിൽ

ബി.ജെ.പി. ഭരിക്കുമ്പോൾ മാത്രമല്ല, കോൺഗ്രസ് ഭരിക്കുമ്പോഴും കേരളത്തോട് പല തരത്തിലും അവഗണന കാണിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളുമായുള്ള കേന്ദ്ര നിക്ഷേപം പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും. എന്തായാലും, ഇതരസംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഇടതുപക്ഷത്തിന് സ്വാധീനമുള്ള ഒരു തലമുറ കേരളത്തിൽ വളർന്നുവരികയാണ്. അതിനെ ബോധപൂർവ്വം തകർക്കുന്നതിന് മറ്റുപല സംസ്ഥാനങ്ങളിലുമുള്ള തരത്തിൽ ജാതിക്കും മതത്തിനുമൊക്കെ അതീതമായി ചിന്തിക്കുന്ന ഒരവസ്ഥ കേരള സംസ്ഥാനത്തുള്ളതുകൊണ്ട് ഇതിനെ തകർക്കാൻവേണ്ടി വളരെ ബോധപൂർവ്വം ഒരു ലോബി ഇതിനുപിന്നിൽ പ്രവർത്തിക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. കുഞ്ഞുങ്ങളെ അവരുടെ ബാല്യകാലം മുതൽ മാറ്റിയെടുത്ത് വളരുന്ന തലമുറയെ വൈകൃതമാക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനം ഈ കേരള സംസ്ഥാനത്ത് നടപ്പാക്കുകയാണ്. ഇതരസംസ്ഥാനങ്ങളിൽ നിന്നാണ് ലഹരിവസ്തുക്കൾ കേരളത്തിലേക്ക് കടത്തിവിടുന്നത്. മറ്റുസംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കിയാൽ കേരള സംസ്ഥാനത്താണ് ലഹരി കടത്ത് കൂടുതലായുള്ളത്. അതുകൊണ്ട്,

രാഷ്ട്രീയപരമായ ലക്ഷ്യംവച്ച് കേരളത്തിന്റെ പുരോഗതിയെയും കേരളത്തിൽ വളർന്നുവരുന്ന ശരിയായ രീതിയിൽ ചിന്തിക്കുന്ന സമൂഹത്തെയും തെറ്റായി വളർത്തിയെടുത്ത് കേരളത്തെ തകർക്കാൻ വേണ്ടിയുള്ള പ്രവർത്തനംകൂടി ഇതിന്റെ പിന്നിൽ നടക്കുന്നുണ്ടെന്ന് ഞാൻ ബലമായി സംശയിക്കുന്നു. തീർച്ചയായും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതായി  നേരിട്ട് ബോധ്യമുള്ള കാര്യങ്ങളാണ്. വളരെ കാര്യക്ഷമമായി ജനകീയ സദസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് ഇതിനെ നേരിടാൻ വേണ്ടിയുള്ള പ്രവർത്തനം എക്സൈസ് വകുപ്പ് നടത്തുന്നുണ്ട്. കുട്ടികൾ ഇത്തരം കൃത്യത്തിൽ ഇടപെട്ടുകഴിഞ്ഞാൽപോലും അത് എന്റെ മകനല്ലെന്ന് വരുത്തി തീർക്കാനുള്ളൊരു ശ്രമം ചില രക്ഷിതാക്കൾ നടത്തുന്നുണ്ട്. രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളുമുൾപ്പെടുന്ന സമൂഹമാകെ ഒറ്റക്കെട്ടായി നിന്നാൽ മാത്രമേ ഈ വിപത്തിനെ നേരിടാൻ സാധിക്കുകയുള്ളൂ. കർശനമായ നിയമം ഇക്കാര്യത്തിലുണ്ടാവണം. കേരള സംസ്ഥാനത്തെ വളരുന്ന തലമുറയെ സമൂലമായി തകർക്കാനാവശ്യമായ പ്രവർത്തനം ബോധപൂർവം നടത്തുമ്പോൾ

മറ്റേതു ചെലവുകുറച്ചാലും കുഴപ്പമില്ല, ഇതിനായി പ്രത്യേക ഫണ്ട് കണ്ടെത്തി ഭാവിതലമുറയെ രക്ഷിക്കാനാവശ്യമായ ഇടപെടൽ നടത്താൻ ഗവൺമെന്റ് സന്നദ്ധമാകുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. തീർച്ചയായും ഈ വിപത്തിൽനിന്ന് കര കയറിയേ പറ്റൂ. ഇതൊരു മഹാവിപത്തായി മാറിയിരിക്കുകയാണ് എന്നുസൂചിപ്പിച്ചുകൊണ്ട് ഇതിനെ നേരിടാനുള്ള പ്രവർത്തനങ്ങൾ നിയമപരമായും കാര്യക്ഷമമായും മറ്റെല്ലാ അർഥത്തിലും കേരള സർക്കാർ സ്വീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, പ്രിയങ്കരനായ അംഗം എ. പ്രഭാകരൻ ഇവിടെ സൂചിപ്പിച്ചതിൽനിന്നും കേരളത്തിൽ ലഹരി ഉപയോഗത്തിനെതിരെ പ്രതിരോധങ്ങളോ ക്യാമ്പെയ്നുകളോ നടക്കുന്നില്ലെന്ന് വ്യക്തമായിതന്നെ മനസ്സിലാകുന്നുണ്ട്. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കുവാനുള്ള സാഹചര്യം തന്നെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മനസ്സിലും ഗവൺമെന്റിനും ഇക്കാര്യത്തിൽ കുറ്റബോധമുള്ളതുകൊണ്ടുതന്നെയാണ്. കാരണം, മയക്കുമരുന്ന് മാഫിയയെ

അറിഞ്ഞോ അറിയാതെയോ കയറൂരി വിട്ടിരിക്കുന്നുവെന്നത് സർക്കാർ കേരളത്തോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധമാണ്. അത് വളരെ ദൗർഭാഗ്യകരമായ ഒരു കാര്യമാണ്. പോലീസ്, എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മയക്കുമരുന്ന് മാഫിയയ്ക്കെതിരെ നടപടിയെടുക്കാൻ ഭയപ്പെടുന്നു. കാരണം, ഈ മാഫിയ ഇവരെ ഉപദ്രവിക്കുമോയെന്നുള്ള ഭയം ഇവിടത്തെ പല ഉദ്യോഗസ്ഥർക്കുമുണ്ട്. കാരണം, അവർക്കും മക്കളും കുടുംബവുമൊക്കെയുണ്ട്. സർക്കാർ സംവിധാനം സംഘടിതമായി സർവസന്നാഹവും ഉപയോഗിച്ച് മയക്കുമരുന്ന് മാഫിയയെ കേരളത്തിന്റെ മണ്ണിൽനിന്നും ഉന്മൂലനം ചെയ്യുമെന്ന് തീരുമാനിച്ചുറപ്പിച്ച് മുന്നോട്ടുപോയാൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. പല ഉദ്യോഗസ്ഥരും ഞങ്ങളോട് അവരുടെ ഭയത്തെക്കുറിച്ച് രഹസ്യമായി സംസാരിക്കാറുണ്ട്. മയക്കുമരുന്ന് മാഫിയയെ എതിർക്കുന്നതിനായി സർവ സന്നാഹത്തോടുകൂടി ഗവൺമെന്റ് മുന്നോട്ടുവരണം. എങ്കിൽ മാത്രമെ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർക്ക് ആത്മവിശ്വാസത്തോടുകൂടി പ്രവർത്തിക്കുന്നതിനും നടപടിയെടുക്കാനുമുള്ള മനോധൈര്യം ലഭിക്കുകയുള്ളൂ. അത്തരത്തിലുള്ള

ധൈര്യമാണ് ഉദ്യോഗസ്ഥർക്ക് നമ്മളെല്ലാം നൽകേണ്ടത്. അതുമാത്രം പോര, സംസ്ഥാനത്തെ പോലീസ്-എക്സൈസ് വകുപ്പുകളിൽ ആവശ്യത്തിനുള്ള സ്റ്റാഫ് സ്ട്രെങ്ത് ഇല്ല. ഒരു സി.ഐ., ഒരു സർക്കിൾ. ഒരു എക്സൈസ് സി.ഐ.-യുടെ കീഴിൽ 6 പോലീസ് സ്റ്റേഷനുകളും 15 ഉദ്യോഗസ്ഥരും രണ്ട് റെയ്ഞ്ചുമുണ്ട്. ഈ സ്ട്രെങ്ത് കാലാനുസൃതം മാറ്റേണ്ടതാവശ്യമാണ്. ലഹരിഉപയോഗം നാടിനെ കുട്ടിച്ചോറാക്കുമ്പോൾ അതിനെതിരെ പ്രതിരോധിക്കാൻ ഈ സ്ട്രെങ്ത് പോരാ; എക്സൈസിന്റെ സ്ട്രെങ്ത് വർധിപ്പിക്കാനുള്ള സാമ്പത്തികം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വകയിരുത്താൻ സാഹചര്യമൊരുക്കണം. സ്ട്രെങ്ത് വർധിപ്പിച്ചാൽമാത്രമേ ഇതിനെതിരെയുള്ള നടപടിയുണ്ടാകുകയുള്ളൂ. ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യങ്ങൾ സർക്കാർ ഏറ്റെടുത്ത് ചെയ്തില്ലെങ്കിൽ നാളെകളിൽ സർക്കാർ വിച്ചാരിച്ചാൽപ്പോലും നിയന്ത്രിക്കാൻ സാധിക്കാത്ത നിലയിലേക്ക് ഈ മാഫിയ വളരും. ഇപ്പോൾത്തന്നെ ഈ സാഹചര്യങ്ങളിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യം വളരെ ഗൗരവതരമായി നാം കാണേണ്ടതുണ്ട്. പുതിയ തലമുറയ്ക്കായി നമ്മൾ ചെയ്യേണ്ടത് എന്താണ്; നമ്മുടെ നാടിന്റെ യുവതയുടെ എനർജി

സ്പോർട്സാണ്, അതിനെ ശരിയായ ദിശയിലേക്ക് ഉപയോഗിക്കാനുള്ള സൗകര്യം നമ്മൾ ഒരുക്കണം. അതിനുള്ള ഏറ്റവും വലിയ മാർഗം സ്പോർട്സ് തന്നെയാണ്. ബജറ്റിൽ സ്പോർട്സിനുവേണ്ടി കൂടുതൽ തുക വകയിരുത്തണം. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം'  എന്ന പ്രഖ്യാപനമുണ്ടായിട്ടുണ്ട്. പക്ഷെ അത് എത്രമാത്രം യഥാർത്ഥ്യമാണെന്നുള്ളത് പരിശോധിക്കണം. കാരണം, പലയിടത്തും ടി പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. മന്ത്രിക്ക് ആഗ്രഹമുണ്ട്; അദ്ദേഹത്തിന്റെ മനസ്സിൽ ലഡു പൊട്ടിയിട്ട് കാര്യമില്ല. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ കൂടുതൽ ഫണ്ട് സ്പോർട്സ് തലങ്ങളിൽ പ്രയോജനപ്പെടുത്തി യുവാക്കളെ സ്പോർട്സിന്റെ വിവിധ തലങ്ങളിലേക്ക് ഒരുക്കിക്കൊണ്ടുവന്ന് സജ്ജരാക്കേണ്ടതുണ്ട്. അങ്ങനെവരുമ്പോൾ അവർ തെറ്റായ പ്രവണതയിലേക്ക് പോകില്ല. പല ചെറുപ്പക്കാരും ആദ്യം മയക്കുമരുന്ന് രുചിച്ച് നോക്കും പിന്നീട് അതിന് അടിമപ്പെടുകയാണ് ചെയ്യുന്നത്. എനിക്ക് സർക്കാരിനോടും മന്ത്രിയോടും പറയാനുള്ളത്, ദൈവത്തെ സാക്ഷിനിർത്തി പറയുന്നു, എക്സൈസ് വകുപ്പ് ഒരു കൈകൊണ്ട് കൊടുക്കുകയും മറ്റൊരു കൈകൊണ്ട് ഇതിനെതിരെ ക്യാമ്പയിൻ നടത്തുകയും ചെയ്യുന്നത്

പ്രഹസനമാണ്, ഈ രീതി മാറ്റണം. ഇതിന്റെ ക്യാമ്പയിൻ യഥാർത്ഥത്തിൽ ഏറ്റെടുക്കേണ്ടത് ആരാണെന്നറിയാമോ? ഒന്നുകിൽ സാമൂഹികക്ഷേമ വകുപ്പ് അല്ലെങ്കിൽ സ്പോർട്സോ യുവജനകാര്യവകുപ്പോ ആയിരിക്കണം. എൻഫോഴ്സ്മെന്റിലും എക്സൈസിലുമൊക്കെ ലഹരിയുമായി ബന്ധപ്പെട്ട ധാരാളം കേസുകൾ നിലനിൽക്കുന്നതിനാൽ അതുതന്നെ അവർക്ക് പിടിപ്പത് പണിയാണ്. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്ന സമീപനമാണ് എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ ചെയ്തുകൊണ്ടിരിക്കുന്നത്. അവർ എൻഫോഴ്സ്മെന്റ് നടത്തട്ടെ; ഈ ക്യാമ്പയിൻ ഏറ്റെടുക്കേണ്ടത്....., ഒരു കൈ കൊണ്ട് കൊടുത്തിട്ട് അത് പാടില്ലെന്ന് പറയുമ്പോൾ അതിന്റെ വിശ്വാസ്യത നഷ്ടപ്പെടും. നേരത്തെ ഇതുമായി ബന്ധപ്പെട്ട പല വകുപ്പുകളുമുണ്ടായിരുന്നു. ഇപ്പോൾ സ്പെസിഫിക്കായി എക്സൈസ് വകുപ്പിനെ മാറ്റി നിർത്തി മറ്റ് വകുപ്പുകൾക്ക് ചുമതല നൽകട്ടെ; കേരളത്തിന്റെ വരുമാനമാണ്. സാമൂഹികക്ഷേമ വകുപ്പ്, സ്പോർട്സ്, യുവജനകാര്യ വകുപ്പ് ഇവയ്ക്കൊക്കെ ക്യാമ്പയിൻ കൊടുക്കാൻ സാധിക്കണം, അതാണ് സ്പെസിഫിക്കായി ചെയ്യേണ്ടത്. ഇതുസംബന്ധിച്ച് ഞാനിവിടെ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ

വകുപ്പുമന്ത്രി അതിന് നല്ല മറുപടിയാണ് നൽകിയത്. കുട്ടികളുടെ മനസ്സിൽ ചെറിയ പ്രായത്തിൽത്തന്നെ മയക്കുമരുന്നിനെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കണം. ആറാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള കുട്ടികളുടെ പാഠ്യപദ്ധതിയിൽ ലഹരിമരുന്ന് ദുരുപയോഗം ഉൾപ്പെടുത്തണം. ഇക്കാര്യം പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുകയുണ്ടായി. പക്ഷെ ചെറിയൊരു ഭാഗം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. മയക്കുമരുന്നിന്റെ ദുരുപയോഗം സംബന്ധിച്ച് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി മയക്കുമരുന്ന് എന്ന വിപത്തിനെക്കുറിച്ചുള്ള നെഗറ്റീവ് ചിന്ത അവരുടെ ചെറിയ മനസ്സിലേക്ക് കൊണ്ടുവരേണ്ടത് അനിവാര്യമാണ്. മാതാപിതാക്കൾ കുട്ടികളോട് പറയുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നത് അധ്യാപകരിൽ നിന്നാണ്. അങ്ങനെവരുമ്പോൾ ലഹരി അപകടമാണെന്നുള്ളത് കുട്ടികൾ മനസ്സിലാക്കും. ഒരു പിരീഡ് ഇതിനായി മാറ്റിവയ്ക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സമയബന്ധിതമായി അത് നടപ്പാക്കണം. കുട്ടികൾക്ക് പ്രായോഗിക വിദ്യാഭ്യാസം നൽകണം. ലഹരി ഉപയോഗത്തിനെതിരെ,

നാട്ടിൽ നടക്കുന്ന തെറ്റായ പ്രവണതയ്ക്കെതിരെ സർക്കാരിന്റെ കൂട്ടായൊരു തീരുമാനമുണ്ടാകണം. എക്സൈസ് വകുപ്പ് മുൻകൈയെടുത്തുകൊണ്ട് ഇക്കാര്യങ്ങൾ ചെയ്യാനായി ഗവൺമെന്റ് അവരെ നിർബന്ധിതമാക്കണം അല്ലെങ്കിൽ ഈ വിപത്ത് നമ്മുടെ നാടിനെ കാർന്നുതിന്നുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. എ. പ്രഭാകരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങൾക്ക് ഞാൻ അടിവരയിടുകയാണ്. അണലിവിഷം പോലെ കേരള ജനജീവിതത്തിന്റെ ഓരോ അടരുകളിലേക്കും പടർന്നുവ്യാപിപ്പിക്കുന്ന മാരകമായ രാസലഹരിയുടെ പിടിയിലേക്ക് കേരളം പതുക്കെ പതുക്കെ അമർന്നുപോകുകയാണെന്നുള്ള സ്ഥിതിവിവര കണക്കുകളും അന്വേഷണ റിപ്പോർട്ടുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഔദ്യോഗിക രേഖകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. എന്റെ ജില്ലയായ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഒരു ഗ്രാമപ്രദേശത്തെപ്പറ്റി മലയാളമനോരമ പത്രത്തിൽ ഒരു ദിവസം വന്ന വാർത്ത - 'കരുണാമയനെ

കാപ്പ ചുമത്തി നാടുകടത്തി' എന്നാണ്. കരുണാമയൻ ചെയ്തത് സ്വന്തം ഉമ്മയുടെ സഹോദരനും ഉമ്മയും ലഹരിഉപയോഗത്തെ എതിർത്തപ്പോൾ അവരെയും അയൽവാസികളെയും കൈകാര്യം ചെയ്തു, അങ്ങനെ കരുണാമയനെ പോലീസ് കാപ്പ ചുമത്തി നാടുകടത്തി. ദയാനന്ദൻ എന്ന വ്യക്തി സ്ഥിരമായി ലഹരി ഉപയോഗിച്ച് അയൽവാസികളെ ആക്രമിച്ച് നാല് ക്രിമിനൽ കേസിൽ ഉൾപ്പെട്ടപ്പോൾ ദയാനന്ദനെയും കാപ്പ ചുമത്തി നാടുകടത്തി. കാപ്പ ചുമത്തലും നാടുകടത്തലും ലഹരി ഉപയോഗത്തിന്റെ മറ്റൊരു വശമായി പോലീസ് കേസെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. നമ്മുടെ കുട്ടികൾക്ക് എൽ.എസ്.ഡി. സ്റ്റാമ്പ്, ഹാഷിഷ്, കൊക്കെയ്ൻ, ബ്രൗൺ ഷുഗർ എന്നിവ മുറയ്ക്ക് എത്തിച്ചുകൊടുക്കുന്ന ഒരു സമ്പ്രദായം കേരളത്തിൽ ശക്തിപ്പെട്ടിട്ടുണ്ടെന്നുള്ളത് മനസ്സിലാക്കി അതിനെ നേരിടാൻ ശ്രമിക്കണം. കൗമാരഭാവങ്ങളെ പ്രണയഭാവങ്ങൾ തൊട്ടുതീണ്ടുന്നതുമുതൽ ഈ വിഷലഹരി അവരെ വഴിതെറ്റിക്കുന്നു എന്നതിന്റെ തെളിവാണ് കേരളത്തിലുണ്ടായ 12 പ്രണയക്കൊലകൾ. "അത്യനർഹമാം ഈ നിമിഷത്തിൽ ഉത്തമേ നീ മരിക്കണം മാമകാശയം ക്രൂരമാകിലോ ഓമലേ നീ പൊറുക്കണം"

**'ഗോർഫ്രിഡിയായുടെ കാമുകൻ',** ബഹുമാനപ്പെട്ട സ്പീക്കർക്കറിയാം. അതിൽ സുന്ദരിയായ കാമുകിക്ക് വയസ്സായാൽ ഈ മനോഹാരിത നഷ്ടപ്പെടുമെന്ന് പറഞ്ഞ് സ്വന്തം മുടികൊണ്ട് കാമുകിയെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തുന്ന കാമുകനെ അവതരിപ്പിച്ച ഒരു കാവ്യശകലം നമ്മൾ പഠിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ നടക്കുന്ന പ്രണയക്കൊലകളെന്താണ്? പെട്രോൾ ഒഴിച്ചും കഠാരകൊണ്ടും തെരുവിൽ വച്ചും വീട്ടിൽ വച്ചും പ്രണയത്തിന് അറുതി വരുത്തുന്ന കാമുകിയെ നിഷ്ഠുരണം കൊല്ലുന്നതും മറിച്ചാണെങ്കിൽ കഷായം കൊടുത്തും അതുപോലെ മറ്റ് തരത്തിലും വകവരുത്തുന്നവിധത്തിലേക്ക് നീങ്ങുന്നു. അവിടെയും ഇവിടെയും ഈ ലഹരി മരുന്നിന്റെ സ്വാധീനമുണ്ട്. അത് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. നമ്മുടെ അണുകുടുംബങ്ങൾ, കുടുംബസാഹചര്യം, പഴയകാലങ്ങളിൽനിന്നുള്ള മാറ്റം, സാമ്പത്തിക വരുമാനം കുട്ടികളിലെത്തപ്പെടുന്നതും അത് കുട്ടികൾ ദുർവ്യയം ചെയ്യുന്നതും - ഇതൊക്കെയാണ് കുട്ടികളെ ലഹരിയിലേയ്ക്ക് അടുപ്പിക്കുന്നത്. നമ്മുടെ ഗ്രാമീണമേഖലയിലേക്കും/നാട്ടിൻപുറങ്ങളിലേക്കും ലഹരി വ്യാപനം എത്തിചേരുന്നത് തടയാൻ നമുക്ക് സാധിക്കുമെന്നുള്ള സാമൂഹ്യജാഗ്രത

വളർന്നുവരണം. ഇവിടെ ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചത് കയർ ഊരി വിട്ടിരിക്കുകയാണെന്നാണ്. മൂക്ക് കയറിട്ട് നിർത്തിയാലും മയക്കുമരുന്നിന്റെ ഉപയോഗം വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന ചില ശക്തികൾ കേരളത്തിനുപുറത്ത് പ്രവർത്തിക്കുന്നുണ്ട്. ഡൽഹിയിൽ 2000 കോടി രൂപയുടെ മയക്കുമരുന്നാണ് പിടിച്ചത്. ഇറാൻ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ എന്നിവിടങ്ങളാണ് അതിന്റെ സോഴ്സ് എന്ന് പത്രമാധ്യമങ്ങൾ എഴുതിക്കഴിഞ്ഞു. അങ്ങനെ വിദേശത്തെ വിഘടന വാദത്തെയും വികസ്വര രാഷ്ട്രങ്ങളെ തകർക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായും ഇത്തരം കേന്ദ്രങ്ങളിലേയ്ക്ക് ലഹരിമരുന്ന് എത്തിക്കുന്നതിന് പിന്നിൽ ചില രാഷ്ട്രീയ ഉദ്ദേശ്യങ്ങൾ കൂടിയുണ്ടെന്ന് സംശയിച്ചാൽ തെറ്റാവില്ല. നമ്മുടെ ജനാധിപത്യ ക്രമത്തിൽ സാമ്പത്തിക വളർച്ച പരിശോധിച്ചാൽ നോൺ പെർഫോമിംഗ് അസെറ്റായി മാറ്റിവയ്ക്കപ്പെടുന്നതിൽ വലിയൊരു തുക ലഹരി വ്യാപാരത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നുവെന്ന് പുതിയ സാമ്പത്തിക വിശാരദന്മാരും പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്. പല രാഷ്ട്രങ്ങളുടെയും ഭീകരവാദത്തിന്റെയും തകർച്ചയുടെയും പിന്നിലുള്ള ഈ ലഹരി വ്യാപന

ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുന്നതാണ്. അങ്ങനെ പരിശോധിക്കുന്ന അവസരത്തിൽ കേരളത്തിൽ ഇത് വളരുന്നത് എങ്ങനെ തടയാൻ സാധിക്കും? കേരളത്തിലെ വിദ്യാലയങ്ങളിൽ ഇപ്പോൾ എ.ഡി.ജി.പി. ആയ ശ്രീ. പി. വിജയന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള, അദ്ദേഹത്തിന്റെ സമഗ്രമായ നിരീക്ഷണത്തിൽ ശക്തിപ്രാപിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനവും കുട്ടികളിൽ കലാഭിരുചികളും കായികക്ഷമതയും വളർത്തികൊണ്ടുവരുന്നതിനുള്ള സംവിധാനങ്ങളും സമഗ്രമായുണ്ടാകണം. ഡി-അഡിക്ഷൻ സെന്ററുകളുടെയും റിഹാബിലിറ്റേഷൻ സെന്ററുകളുടെയും നാടായി കേരളത്തെ മാറ്റാതിരിക്കണമെങ്കിൽ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നീണ്ടുനിൽക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നമുക്ക് കഴിയണം. സ്പോർട്സിലേയ്ക്ക് കുട്ടികളെ കൊണ്ടുവരാൻ കളിക്കളങ്ങൾ ഉണ്ടായതുകൊണ്ടുമാത്രം കാര്യമില്ല. സ്പോർട്സിനെ അനുദിനം, കായിക മേഖലയിലേയ്ക്ക് കുട്ടികളുടെ ശ്രദ്ധ തിരിയുന്ന വിധത്തിലുള്ള ഒരു വലിയ സംവിധാനമായി കേരളത്തിൽ വളർത്തിക്കൊണ്ടുവരാനുള്ള എല്ലാ വിധത്തിലുള്ള സാഹചര്യവും ഇന്ന് നമുക്കുണ്ട്. അങ്ങനെ സ്പോർട്സ്

ഉപയോഗപ്പെടുത്തികൊണ്ട്, കലാ-സാംസ്കാരിക സംരംഭങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇതിനെ വളർത്തിക്കൊണ്ടുവരാൻ സാധിക്കണം. ലഹരിയിൽനിന്ന്, രാസലഹരിയിൽനിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ മാനസികമായ ഉല്ലാസവും ആനന്ദവും ലഭിക്കുന്നതിനുള്ള നിരവധി പരിപാടികൾ കേരളത്തിൽ വളർത്തിക്കൊണ്ടുവരുന്നതിന് ശ്രമിക്കണം. അതിനുവേണ്ടി എക്സൈസ് ഡിപ്പാർട്ടുമെന്റ് മാത്രം ശ്രമിച്ചാൽ പോരാ; സംയുക്തമായ ഒരു അവബോധം കേരളത്തിൽ വളർത്തിക്കൊണ്ടുവരണം. ഇതിനായി ചെറുതും വലുതുമായ എല്ലാ സന്നദ്ധ സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും കൈകോർത്തു പിടിച്ച് അണിനിരക്കണം. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് കൗതുകം' എന്ന് പറഞ്ഞതുപോലെ, ഇതിൽ ചില ലക്ഷ്യങ്ങൾ മാത്രം, ചില ദുഷ്ടലാക്കുകൾ മാത്രം വച്ച് ഇടപെടുകയല്ല വേണ്ടത്. കാര്യങ്ങൾ നന്നാകണം. മലയാള സമൂഹത്തെ അണലിവിഷം പോലെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കാർന്നുതിന്നുന്ന ഈ രാസവിഷ ലഹരിയിൽനിന്ന് വിമുക്തമാക്കുന്നതിനുവേണ്ടി യോജിച്ച യുവജന സംരംഭങ്ങളുണ്ടാകണം. ഇന്ന് നമുക്ക് യുവജന വേദികളുണ്ട്,

യുവജനക്ഷേമ ബോർഡുണ്ട്. അതുപോലെതന്നെ വിദ്യാർഥികളുടേതായ നിരവധി സംരംഭങ്ങളുണ്ട്. ഇതിനെയെല്ലാം കോർത്തിണക്കിക്കൊണ്ട് സാമൂഹിക അവബോധത്തിന്റെ ഒരു വലിയ സംവിധാനം കേരളത്തിൽ വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. ഈ കേരളത്തെ, മലയാളത്തെ രക്ഷിക്കുന്നതിന്റെ ഭാഗമായി എല്ലാ വിഭാഗം ജനങ്ങളുടെയും മനസ്സിൽ നിന്നുതന്നെ ഒരു രാഷ്ട്രീയ ജാഗ്രത വളർന്നുവരണം. അങ്ങനെ ഈ കേരളത്തിൽ കൈവിട്ട് പോകുന്ന നമ്മുടെ നാട്ടിൻ പുറങ്ങളിലേയും പട്ടണങ്ങളിലേയുമൊക്കെ ജനജീവിതത്തിന്റെ സുരക്ഷിതത്വവും അവ തമ്മിലുള്ള സാംസ്കാരികമായ ഇഴയടുപ്പവും വർധിപ്പിച്ചുകൊണ്ട് മാത്രമേ നമുക്ക് ലഹരി വ്യാപനത്തെ എതിർക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് കൊച്ചിപോലെയുള്ള ഓരോ മെട്രോപൊളിറ്റൻ സിറ്റിയിലും ഇതിനുള്ള റാക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് പലരും പറയുന്നത്. വിദഗ്ധമായ അന്വേഷണ സംഘങ്ങളുടെ റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. അതെല്ലാം കേന്ദ്രീകരിച്ചുകൊണ്ട് സമഗ്രമായൊരു പഠനത്തിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിന്റെ കയ്യിൽ വിശദമായ രേഖകളും ഇതുസംബന്ധിച്ച

എല്ലാവിധത്തിലുള്ള വസ്തുതകളുമുണ്ട്. ഇതെല്ലാം പരിശോധിച്ചുകൊണ്ട് നമ്മുടെ ഗ്രാമ-ഗ്രാമാന്തരങ്ങളെ ശുദ്ധീകരിക്കാനുള്ള ഒരു പ്രക്രിയയ്ക്ക് കേരളത്തിൽ തുടക്കം കുറിക്കണം. ഈ അടിയന്തരപ്രമേയം സഭയിൽ തുറന്നചർച്ചയ്ക്ക് വിധേയമാക്കാൻ നിശ്ചയിച്ച, എക്സൈസ് വകുപ്പിന് നേതൃത്വം കൊടുക്കുന്ന ശ്രീ. എം. ബി. രാജേഷിനെയും ഈ കാര്യത്തോട് തുറന്ന സമീപനം സ്വീകരിക്കുന്ന ഗവൺമെന്റിനെയും ഇക്കാര്യം സഭയിൽ അവതരിപ്പിക്കാൻ, സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ പ്രതിപക്ഷം കാണിച്ച താൽപര്യത്തെയും പ്രശംസിക്കുകയാണ്. ഈ താൽപര്യത്തെ തുടർന്നുകൊണ്ടുപോകാൻ നമ്മൾ ഇരുപക്ഷത്തുനിന്നുമുള്ളവരുടെ യോജിപ്പുണ്ടാകണമെന്നുമാത്രം അഭ്യർഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> സർ, ഈ അടിയന്തരപ്രമേയ ചർച്ചയ്ക്ക് അവസരമുണ്ടാക്കിയതിലുള്ള സന്തോഷം ഞാൻ രേഖപ്പെടുത്തുകയും ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയും ചെയ്യുകയാണ്. പ്രിയങ്കരരായ സുഹൃത്തുക്കൾ, ഇവിടെ സംസാരിച്ച ശ്രീ. എ. പ്രഭാകരനും ശ്രീ. പി. ബാലചന്ദ്രനുമൊക്കെ ഇതിന്റെ ഭവിഷ്യത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുകയുണ്ടായി.

അതിൽ വളരെ സന്തോഷമുണ്ട്. അപകടകരമായ ഈ സാഹചര്യം ഒഴിവാക്കാൻ നമ്മളെല്ലാവരും ഒന്നിച്ച് നിൽക്കേണ്ടതുണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലഹരിയും മദ്യവുമുൾപ്പെടെയുള്ള എല്ലാ ലഹരി വസ്തുക്കളും തടഞ്ഞേ മതിയാകൂ. അത്രമാത്രം പ്രയാസകരവും ദുരിതപൂർണ്ണവുമായൊരു ഘട്ടത്തിലേയ്ക്കാണ് നാട് പൊയ്ക്കൊണ്ടിരിക്കുന്നത്. അതിനനുസരിച്ച് സർക്കാരിന്റെ നയങ്ങളിലും തീരുമാനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തിയുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. കേരളത്തെ സംബന്ധിച്ച് നമുക്കറിയാം, വിദ്യാസമ്പത്ത് കൈമുതലായ കേരള സംസ്ഥാനം, കർഷക പ്രധാനമായിട്ടുള്ള ഒരു നാട്; ഈ നാട് ഇന്ന് ലഹരി പ്രധാനമായ ഒരു സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഓരോ ദിവസത്തെയും പത്രങ്ങളിൽ മൂന്നും നാലും അഞ്ചും ലഹരി മാഫിയകളുടെ കടന്നാക്രമണവും അതിൽ അപകടപ്പെടുന്ന കുട്ടികളെയും അതുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന ദുരിതങ്ങളുടെയും വാർത്തകൾ വായിക്കേണ്ടി വരികയാണ്. വളരെയേറെ കഷ്ടപ്പെടുന്നു. ഇതിനുമുമ്പ് ഇവിടെ സംസാരിച്ച, ശ്രീ. പി. സി.

വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവർ വേദനാജനകമായ പല റിപ്പോർട്ടുകളും ഇവിടെ സമർപ്പിക്കുകയുണ്ടായി. അതുകൊണ്ട് കേരളത്തിൽ ഇന്ന് വളർന്നുവരുന്ന ഒരേ ഒരു മേഖല എന്നുപറയുന്നത് ഈ മദ്യത്തിന്റെ ഉപയോഗമാണ്. രണ്ട്, അതിന്റെ വിതരണ ശൃംഖലയുടെ വലിപ്പം കൂടുന്നു. മൂന്ന്, മദ്യവില്പന കേന്ദ്രങ്ങളും വർധിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കറിയാം, എട്ട് കൊല്ലം മുമ്പ് 27 ബാറുകൾ മാത്രമുണ്ടായിരുന്ന സാഹചര്യത്തിൽനിന്ന് ഇന്ന് 836 ബാറുകളിലേയ്ക്ക് കുതിച്ചുയർന്നിരിക്കുകയാണ്. ഈ തിരഞ്ഞെടുപ്പിന് മുമ്പ് നമ്മളൊക്കെ ഇതിനെതിരായി സംസാരിച്ച ആളുകളായിരുന്നു. ഒരു തുള്ളി മദ്യം പോലും ഇറക്കുമതി ചെയ്യില്ല, അധികമായി ഒഴുക്കില്ലെന്ന് പറഞ്ഞൊരു സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിയൊക്കെ അപ്രത്യക്ഷമായി, മദ്യം വ്യാപകമായിരിക്കുകയാണ്. ഇന്ന് ടൂറിസ്റ്റ് പ്രധാനമായ സീസണുകളിൽ പ്രത്യേകം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലൈസൻസ് ഫീസ് കുറച്ച് ബാറുകളും വൈൻ ഷോപ്പുകളുംവരെ തുടങ്ങാൻ അനുമതി നൽകിയിരിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സന്തോഷിക്കാനെന്ന പേരിൽ വൈൻ

ഷോപ്പുകളും ബിയർ ഷോപ്പുകളുമൊക്ക തുടങ്ങും എന്നുവരെ പ്രഖ്യാപിച്ച സന്ദർഭം നമ്മൾ ഞെട്ടലോടെയാണ് കേട്ടത്. ഇക്കാര്യങ്ങളൊക്കെ കേട്ടുകൊണ്ടാണ് ഇന്ന് നമ്മൾ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ പത്ത് വർഷത്തിനുള്ളിലായി 544 കോടി രൂപയുടെ മയക്കുമരുന്നുകൾ പിടികൂടിയിട്ടുണ്ടെന്നാണ് എക്സൈസ് വകുപ്പിന്റെ സെപ്റ്റംബർ വരെയുള്ള കണക്കുകൾ പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ 1057 സ്കൂളുകൾ ലഹരി മാഫിയയുടെ വലയിലാണെന്ന് പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നു. അതുപോലെതന്നെ ഈ എം.ഡി.എം.എ.-യും കഞ്ചാവും രാസലഹരിയുമുൾപ്പെടെ മറ്റ് മയക്കുമരുന്നുകളുമായി എത്രയെത്ര സംഘങ്ങളെയാണ് ഇതിനകം പിടികൂടപ്പെട്ടിട്ടുള്ളതെന്ന് നമുക്കറിയാവുന്നതാണ്. വിദ്യാർത്ഥികളെയും യുവാക്കളെയും വ്യാപകമായി ലഹരി മാഫിയ വലയെറിഞ്ഞുകൊണ്ടിരിക്കുകയാണ്. പ്രായപൂർത്തിയാകാത്ത കുട്ടികളെപ്പോലും ലഹരി വില്പനയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തിയ സാഹചര്യം നമ്മൾ കാണുകയുണ്ടായി. ആറാം ക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടിയെപ്പോലും മദ്യവില്പനയ്ക്ക് ഈ മാഫിയ ഉപയോഗപ്പെടുത്തിയ സാഹചര്യം നമ്മുടെ

കേരളത്തിലുണ്ടായി. എത്രമാത്രം വേദനാജനകമായ സംഭവങ്ങളാണ് ഓരോ ദിവസവും നടക്കുന്നത്. സർക്കാരിനും എക്സൈസിനും പോലീസ് നൽകിയ റിപ്പോർട്ടിൽ ചില സ്കൂളുകളിൽ ലഹരി വസ്തുക്കൾ സൂക്ഷിക്കാനുള്ള പ്രത്യേക സ്ഥലങ്ങൾപോലുമുണ്ടെന്നും സ്കൂളുകളുടെ പേരും വില്പന കഥകളും അതിൽ വിതരണക്കാരെക്കുറിച്ചും വിൽക്കുന്ന വസ്തുക്കളെക്കുറിച്ചും റിപ്പോർട്ടിൽ പറഞ്ഞതായി കേരള കൗമുദി വളരെ വിശദമായ ഒരു വാർത്ത ഈയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. എക്സൈസ് വകുപ്പിനുകീഴിലുള്ള 'വിമുക്തി' ഇവന്റ്സ് 4 വർഷത്തിനിടെ ലഹരിയുമായി ബന്ധപ്പെട്ട് നടത്തിയ കൗൺസിലിംഗിൽ പങ്കെടുത്തത് 12000-ലധികം പേരാണ്, അതിലധികവും സ്ത്രീകളാണ്. 21 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ ആയിരത്തിലധികമാണ്. സമീപകാലത്തായി ആക്രമണങ്ങൾ, സ്ത്രീ പീഡനങ്ങൾ, കൊല, കൊള്ള, ആത്മഹത്യകൾ എന്നിവ നമ്മുടെ സംസ്ഥാനത്ത് വർധിച്ചുവരുന്നത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇതിനൊക്കെ ഒരു കണ്ണി, ഒരു പ്രധാന കാരണം ലഹരി കൂടിയാണ്. പല വാർത്തകളും വായിക്കുമ്പോൾ പ്രതി ലഹരിക്കടിമപ്പെട്ടിരുന്നു, കൊലപാതകി മദ്യത്തിനടിമപ്പെട്ടിരുന്നു

എന്നൊക്കെയുള്ള വാർത്തകൾ കൂടി വായിക്കേണ്ടതായ സാഹചര്യം നമുക്കുണ്ടായിരിക്കുകയാണ്. ഈ അടുത്തകാലത്ത് ഭിക്ഷതേടിവന്ന 82 വയസ്സുള്ള വൃദ്ധയായ സ്ത്രീയെ ഒരു പോലീസ് ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ സുഹൃത്തും ചേർന്ന് ആക്രമിച്ച വാർത്ത വളരെ ദു:ഖത്തോടുകൂടി, ഞെട്ടലോടുകൂടിയല്ലേ നമ്മൾ വായിച്ചത്? ഈ കേരളത്തിൽ, അതും ഒരു പോലീസ് ഉദ്യോഗസ്ഥൻ!, ഇതൊക്കെ തടയേണ്ടയാൾ. കുറച്ചുമാസങ്ങൾക്കുമുമ്പ്, കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ കീഴിൽ ഒരു വിദേശ വനിതയ്ക്ക് മദ്യം കൊടുത്ത് മയക്കി അവരെ ആക്രമിച്ച ഒരു സംഭവം നമ്മുടെ സംസ്ഥാനത്തുണ്ടായി. തിരുവനന്തപുരത്ത് റെയിൽവെ സ്റ്റേഷനുമുമ്പിൽ 21 വയസ്സ് പ്രായമുള്ള ഒരു ആൺകുട്ടി മദ്യലഹരിയിൽ 20 വാഹനങ്ങളുടെ ഗ്ലാസുകളാണ് അടിച്ചുപൊട്ടിച്ചത്. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ നമുക്ക് കേൾക്കേണ്ടിവരുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യം, അത് ഇങ്ങനെ വളർന്നുവരുന്നു. ഇടുക്കി കഞ്ചാവ് കൃഷിയുടെ ആസ്ഥാനമായി ഒരുകാലത്ത് അറിയപ്പെട്ടിരുന്നു. ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റം വന്നിട്ടുണ്ട്. ചെറിയ അളവിലൊക്കെ കഞ്ചാവ് കൃഷിയുണ്ടായേക്കാം. എന്നാൽ മറ്റ്

പ്രദേശങ്ങളിൽനിന്നും ഇപ്പോഴും ഇടുക്കി ബ്രാൻഡ് എന്ന പേരിൽ വിദേശത്തേയ്ക്കടക്കം കഞ്ചാവ് കയറ്റി അയയ്ക്കുന്ന സാഹചര്യം നിലനിൽക്കുന്നതായി പത്രങ്ങളിൽ വാർത്ത വരുന്നുണ്ട്. സർവ ലഹരികളും, മദ്യമുൾപ്പെടെ തടയാനുള്ള സംവിധാനം നമ്മുടെ നാട്ടിലുണ്ടാകേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് കഞ്ചിക്കോട്ടെ ബ്രൂവറിയും അതുപോലുള്ള അനുബന്ധ ലഹരി നിർമ്മാണ സ്ഥാപനങ്ങളുമൊക്കെ ആരംഭിക്കാൻ തീരുമാനിക്കുന്നത്. ഇതെല്ലാംകൂടി ആകുമ്പോൾ ചെറിയ ലഹരി ആളുകളിൽ പകർന്ന് അത് ഭാവിയിൽ വലിയ ലഹരിയുടെ അടിമകളായി മാറുന്ന ഒരു സാഹചര്യമുണ്ടാകും. അതിനാൽ അവ പൂർണ്ണമായും തടയുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത്. അതുകൊണ്ട് ലഹരിയോട് അടുപ്പവും പ്രേമവും കാണിക്കുന്ന ഒരു സാഹചര്യം ഒരാൾക്കും ഉണ്ടാകരുതെന്നതാണ് നമ്മൾ സ്വീകരിക്കേണ്ട നിലപാട്.

മയക്കുമരുന്നിന് കുട്ടികൾ ഇരയാകുന്നു. അത് തടയാൻ എക്സൈസ് വകുപ്പിൽ വനിത ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. വിദ്യാലയങ്ങളിലെ ചെറിയ വിദ്യാർഥികളെപ്പോലും

മയക്കുമരുന്ന് മാഫിയ ഉപയോഗപ്പെടുത്തുന്നു. സ്കൂളുകൾപോലും ഇവരുടെ വലയിലാകുകയും ഇത്തരത്തിലുള്ള 1057 സ്കൂളുകളുണ്ടെന്ന റിപ്പോർട്ട് വന്ന സാഹചര്യത്തിലും ആ മേഖലയിൽ വനിതകളുടെ പ്രാതിനിധ്യം അനിവാര്യമാണ്. കുട്ടികളെ സംരക്ഷിക്കുന്ന കാര്യത്തിൽ പുരുഷൻമാരേക്കാൾ മിടുക്കോടുകൂടി അവരെ സംരക്ഷിക്കാൻ വനിതകൾക്ക് സാധിക്കും. നിലവിലുള്ള വനിതാ പോലീസ് ബറ്റാലിയൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിയാൻ പോകുകയാണ്. നിലവിലുള്ള ലിസ്റ്റിൽനിന്നും പത്തനംതിട്ടയിലും കണ്ണൂരും ഇടുക്കിയിലുമുള്ള ഒന്നാം റാങ്കുകാരിക്കുപോലും നാളിതുവരെ പ്രവേശനം ലഭിച്ചിട്ടില്ല. എല്ലായിടത്തും കുറവുകളുണ്ട്. അവിടെപ്പോലും ഇതാണ് സാഹചര്യം. ഈ മദ്യ-ലഹരി മാഫിയാ റാക്കറ്റുകളെ തടയാനുള്ള കർശന നിയമങ്ങൾ നിർമ്മിക്കുകയും നിയമത്തെ ജീവനുള്ളതാക്കുകയും ചെയ്യേണ്ടതുണ്ട്. അതിനെ തലോടിവിടുന്ന സാഹചര്യമല്ല ഉണ്ടാകേണ്ടത്. ഇക്കാര്യത്തിൽ കർശനമായ നിലപാട് എക്സൈസ് വകുപ്പും പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതുണ്ട്. അതനുസരിച്ച് ഭരണകൂടവും മുന്നോട്ടുപോകേണ്ടതുണ്ട്. മദ്യത്തിലേയ്ക്കും മയക്കുമരുന്നിലേയ്ക്കും ലഹരി വസ്തുക്കളിലേയ്ക്കും ഒരാൾപോലും

അധികമായി നാളെ കടന്നുവരാതിരിക്കാനുള്ള മുൻകരുതലുകളാണ് നമുക്ക് വേണ്ടത്. അതിന് മുഴുവൻ പ്രതിനിധികളും ഇവിടെ ഒരേ സ്വരത്തിൽ സംസാരിക്കുന്നു എന്നതിലുള്ള സന്തോഷംകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ചുരുക്കുന്നു. നന്ദി.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, നമ്മുടെ നാട്ടിലെ ലഹരി വ്യാപനവും അതുണ്ടാക്കുന്ന ഗുരുതരമായ ഭവിഷ്യത്തുകളെയും സംബന്ധിച്ച് നടക്കുന്ന ഈ ചർച്ചയിൽ എനിക്ക് മുമ്പ് സംസാരിച്ച എല്ലാവരും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. തീർച്ചയായും പ്രസ്തുത വിഷയത്തിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയ ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥിനെയും ചർച്ചയ്ക്ക് അവസരം ഒരുക്കിയ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയായ ശ്രീ. എം. ബി. രാജേഷിനെയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ നാം കാണേണ്ട ഒരുകാര്യം; ഇത് നമ്മുടെ സംസ്ഥാനത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു വിഷയമല്ല. ആഗോളതലത്തിൽത്തന്നെ ഇന്ന് ലഹരി വലിയൊരു ഭീഷണിയായി മാറിയിരിക്കുകയാണ്. സ്വാഭാവികമായും അതിന്റെ

കണ്ണികൾ/വലകൾ/ശൃംഖല നമ്മുടെ നാട്ടിലേയ്ക്കും നീളുന്നു എന്നതാണ് ഏറ്റവും ഗൗരവമായി നാം കാണേണ്ടത്. തീർച്ചയായും ഇവിടെ നടക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ, സുരക്ഷിതത്വ ക്രമീകരണങ്ങൾ ആ അർത്ഥത്തിൽ നമ്മുടെ സംസ്ഥാനാതിർത്തിയെത്തന്നെ അടവാക്കിക്കൊണ്ടുള്ള ഒരു വിശാലമായ തലത്തിലുള്ള പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുകയായിരിക്കും കൂടുതൽ ഫലപ്രദമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അക്കാര്യത്തിൽ എക്സൈസ് വകുപ്പ് 'KEMU' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നുണ്ട്. അത് കുറച്ചുകൂടി ഇഫക്റ്റീവായി കൊണ്ടുപോകേണ്ടതുണ്ട് എന്നൊരു നിർദേശം മുന്നോട്ട് വയ്ക്കുകയാണ്. അതുപോലെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള ഉണർവ്, വിമുക്തി എന്നീ പദ്ധതികളും മികച്ച നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ലഹരിയുടെ ഗുരുതരമായ പ്രത്യാഘാതത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, ഏറ്റവും നല്ല നിലയിൽ അത് പ്രതിരോധിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നൊരു കാലമാണ് ഇതെന്നതുംകൂടി നാം എടുത്തുപറയേണ്ടിയിരിക്കുന്നു. അത് ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് നമുക്ക് ഒരുമിച്ചുനിന്ന് പ്രവർത്തിക്കേണ്ടതുണ്ടെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക്

സൂചിപ്പിക്കാനുള്ളത്. ഇത് ഏതെങ്കിലും ഒരു രാഷ്ട്രീയ മുതലെടുപ്പിനുള്ള ആരോപണമോ വേദിയോ ആയിട്ട് ഉപയോഗിക്കാതെ നമുക്ക് ഒരുമിച്ചുനിന്നുകൊണ്ട് നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയാണിതെന്നുള്ള കാര്യം ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനമാണ് ഇവിടെ ആവശ്യം. മുൻ പ്രാസംഗികരായ ബഹുമാനപ്പെട്ട ശ്രീ. അൻവർ സാദത്തും ശ്രീ. പി. ബാലചന്ദ്രനും മുന്നോട്ടുവച്ച ഒരു നിർദേശമുണ്ട്. കായിക മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് ചെറുപ്പത്തിൽതന്നെ നമ്മുടെ കുട്ടികളുടെ ഒരു താല്പര്യം കായിക മേഖലയിലേക്ക് കൊണ്ടുവരുന്നത് കൂടുതൽ ഗുണകരമായിരിക്കും. അതിനാൽ ഞാനും അതിനെ പിന്തുണയ്ക്കുകയാണ്. അതോടൊപ്പം ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഗുണമേന്മയ്ക്കായി നിയോജകമണ്ഡലത്തിൽ ഒരു പ്രവർത്തനം നടത്തുന്നുണ്ട്. ‘ Future Stars Education Project’ , അതിന്റെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ മെഡിക്കൽ ക്യാമ്പ്, ദന്ത പരിശോധന ക്യാമ്പ് നടത്തിയപ്പോൾ പല സ്കൂളുകളിൽനിന്നും ദന്ത ഡോക്ടർ നൽകിയ ഒരു റിപ്പോർട്ടുണ്ട്. നിരവധി വിദ്യാർഥികൾ ലഹരി

ഉപയോഗിക്കുന്നതായി വൈദ്യപരിശോധനയിലൂടെ കൃത്യമായി അവർക്ക് മനസ്സിലാകുകയും പ്രസ്തുത റിപ്പോർട്ട് രഹസ്യമായി പ്രഥമാധ്യാപകർക്ക് നൽകുകയും അതേത്തുടർന്ന് പ്രത്യേകമായ പ്രതിരോധ സംവിധാനം ഒരുക്കാനും കഴിഞ്ഞു. അത് കുറച്ചുകൂടി വ്യാപിപ്പിക്കുന്നതുവഴി ലഹരി ഉപയോഗിക്കുന്ന വിദ്യാർഥികളെ സത്വരം കണ്ടെത്തുന്നതിന് സാധിക്കും. തീർച്ചയായും ഇക്കാര്യത്തിൽ ഗവൺമെന്റ് നടത്തുന്ന എല്ലാ പരിശ്രമങ്ങളെയും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ബഹുമാന്യനായ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്നത്തെ കാലത്ത് വളരെയധികം പ്രയാസമാണ് ലഹരി ഉണ്ടാക്കിയിരിക്കുന്നത്. മുമ്പ് മദ്യമായിരുന്നെങ്കിൽ ഇപ്പോൾ ലഹരിയാണ്. മദ്യം കഴിച്ചാൽ അതിന്റെ സ്മെൽ ഉണ്ടാകുമായിരുന്നു, ആളെ തിരിച്ചറിയാൻ കഴിയുമായിരുന്നു. മദ്യപാനിയാണെന്നത് കണ്ടുകൊണ്ട് നമുക്ക് അതിനുവേണ്ടിയുള്ള കാര്യം ചെയ്യാമായിരുന്നു. പക്ഷെ ലഹരി ഉപയോഗിക്കുന്ന ആളാണെന്നുള്ളത് തിരിച്ചറിയാൻ കഴിയാത്ത രീതിയിലേയ്ക്കാണ് ഇന്ന്

പൊയ്ക്കൊണ്ടിരിക്കുന്നത്. എം.ഡി.എം.എ.-പോലുള്ള വസ്തുക്കൾ കഴിച്ചാൽ ഭ്രാന്താണ് ഉണ്ടാകുന്നത്. നമ്മളെല്ലാം ജനപ്രതിനിധികളാണ്. ഓരോ രീതിയിലും ഓരോ മേഖലയിലും ഇടപെടുന്ന ആളുകളാണ് നമ്മൾ. വ്യത്യസ്ത രീതിയിലുള്ള അനുഭവങ്ങൾ ഓരോ ആളുകൾക്കുമുണ്ട്. ഇന്ന് അവതരിപ്പിച്ച അടിയന്തര പ്രമേയം ഒരു രാഷ്ട്രീയ വിഷയമായി നാം കാണുന്നില്ല. ഇന്ന് സമൂഹത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ തന്നെയാണ് അടിയന്തര പ്രമേയമായി കൊണ്ടുവന്നിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലെ ഓരോ ദിവസവും ഞെട്ടിക്കുന്ന ഓരോ വാർത്തകളാണ് പത്രമാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ കഴിഞ്ഞ ദിവസം ഉമ്മയെ മകൻ കത്തിയെടുത്ത് കുത്തുകയാണ്. ഭാഗ്യവശാൽ ഉമ്മ രക്ഷപ്പെട്ടതുകൊണ്ട് താലോലിച്ച് വളർത്തിയ അപ്പൂപ്പനെ കൊല്ലുകയാണ്. ലഹരി കഴിച്ച് ആരാണെന്നറിയാത്ത രീതിക്ക് വെട്ടിക്കൊലപ്പെടുത്തുകയാണിവിടെ ചെയ്തിരിക്കുന്നത്. അയൽവീട്ടിൽനിന്നും കൊടുവാൾ വാങ്ങിക്കൊണ്ടുവന്ന് വെട്ടിക്കൊല്ലുന്ന രീതി. ലഹരിക്കടിമപ്പെടുമ്പോൾ ആരാണ്, എന്താണ് എന്നറിയാൻ കഴിയാതെ ചെയ്തു

പോകുന്ന സംഭവങ്ങളാണിതൊക്കെ. ഇതിനെ തടയാൻ ഗവൺമെന്റിന്റെ ധാരാളം സംവിധാനങ്ങൾ, നേരത്തെ ഉള്ളതിനെക്കാളും കൂടുതലായി വിമുക്തി പോലുള്ള ഒട്ടനവധി സംവിധാനങ്ങൾ ഇന്ന് നിലവിലുണ്ട്. ഇക്കാര്യങ്ങളിൽ എക്സൈസും പോലീസും സംയുക്തമായി ഇടപെടേണ്ട സ്ഥിതിവിശേഷവും ഇന്നുണ്ട്. കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിൽ കൊയിലാണ്ടി ബസ് സ്റ്റാൻഡിൽ ഒരു ഗുണ്ടാ ടീം വന്ന് വലിയ അക്രമമുണ്ടാക്കുകയാണ്. തമ്മിൽ അടിപിടികൂടിയപ്പോൾ പോലീസുകാർ അവിടെ എത്തി അതിൽ ഇടപെട്ടപ്പോൾ അതിലുള്ള ഒരു വ്യക്തി ഒരു കുപ്പി പൊട്ടിച്ച് എക്സൈസ് ഉദ്യോഗസ്ഥന്റെ കഴുത്തിൽ കുത്തുകയാണ്. പക്ഷേ ചോരയൊലിച്ചിട്ടും ഇവരെ കീഴ്പ്പെടുത്താൻ വലിയ ശ്രമം നടത്തി കീഴ്പ്പെടുത്തുകയാണ് പോലീസ് ഉദ്യോഗസ്ഥൻ ചെയ്തത്. വല്ലാത്തൊരു അനുഭവമാണ് അവർ പറയുന്നത്. അക്രമികളെ കോടതിയിൽ എത്തിച്ചപ്പോൾ മജിസ്ട്രേറ്റ് ഗുണ്ടകളോട് നിങ്ങൾക്ക് എന്തെങ്കിലും പ്രയാസം പോലീസുകാരിൽനിന്നും ഉണ്ടായോ എന്നാണ് ചോദിക്കുന്നത്. ആ ഗുണ്ടകൾ പറഞ്ഞതനുസരിച്ച് അവരെ വെറുതെവിടുന്ന ഒരു സ്ഥിതി കോടതിയിലുണ്ടായി. ആ പോലീസുകാരുടെ മനോവീര്യം തകർക്കുന്ന രീതിയായിരുന്നു അതെന്നുള്ള

ഒരു അനുഭവം പറയുകയാണവർ. ഇത്തരത്തിൽ പല രീതിയിലുള്ള അനുഭവങ്ങളും ഇവിടെ ഉണ്ടാകുന്നുണ്ട്. സ്കൂളുകളിലായാലും കലാലയത്തിലാണെങ്കിലും ഗവൺമെന്റിന്റെ ഓരോ കാര്യങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്നുണ്ട്. പക്ഷെ ഇതൊന്നും മതിയാകുന്നില്ലെന്നതാണ് സത്യം. രാഷ്ട്രീയപരമായി നമ്മൾ കാണുമ്പോൾ, ചിലർ പറയുന്നത് വച്ച് കണക്കെല്ലാം വച്ച് നിരത്തുമ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം എന്തോ വലിയ രീതിയിലേയ്ക്ക് ലഹരി കൊടുത്തുകൊണ്ട് ആളുകളെ ഈ രീതിയിലേയ്ക്ക് ഇവർ മാറ്റുകയാണെന്നൊക്കെ തോന്നും. പക്ഷെ അതല്ലല്ലോ; ലഹരി വല്ലാതെ കൂടിക്കൂടി ഇതുപോലെ ലഹരി ഉപയോഗിക്കുന്ന ആളുകൾ വലിയ രീതിയിൽ അക്രമം ഉണ്ടാക്കുന്നു. ഇന്നത്തെ രീതിയിലേക്കുള്ള കപ്പാസിറ്റി മതിയാകാതെ പോകുന്നുണ്ട് എന്നുള്ളതാണ് സത്യം. കഴിഞ്ഞ ദിവസം മറ്റൊരു അനുഭവമുണ്ടായി, ഒരു വീട്ടിൽനിന്നും എന്നെ രാത്രി വിളിക്കുകയാണ്, എന്റെ മകൻ വലിയ രീതിയിലുള്ള അക്രമമുണ്ടാക്കുന്നു, രാവിലെ ഞങ്ങൾ ജീവനോടെ ഉണ്ടാകുമോയെന്ന് അറിയില്ല, എങ്ങനെയെങ്കിലും ഇവനെ ആശുപത്രിയിൽ എത്തിക്കണം

എന്നുപറഞ്ഞുകൊണ്ട് ഒരു രക്ഷിതാവ് എന്നെ ഫോൺ ചെയ്തത് രാത്രി 11 മണിക്കാണ്. പരിസരത്തുള്ള യുവാക്കളെ വിളിച്ചുപറഞ്ഞ് കാര്യങ്ങൾ അവരെ ഏൽപ്പിക്കുകയും പോലീസ് സ്റ്റേഷനിലേക്ക് വിളിക്കുകയും ചെയ്തു. ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽനിന്നും ഉടനടിതന്നെ പോലീസുകാർ സ്ഥലത്തെത്തുകയും ബലംപ്രയോഗിച്ച് കീഴ്പ്പെടുത്തി ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. പിന്നീട് ആ രക്ഷിതാവ് എന്നെ വിളിച്ച് നന്ദി അറിയിച്ചു, എനിക്കുമാത്രമല്ല, ഗവൺമെന്റിനും നന്ദി പറഞ്ഞു. ഈ സർക്കാരിന്റെ പോലീസുകാർ ചെയ്ത നല്ലകാര്യംകൊണ്ടാണ് ഇന്നുരാവിലെ ഞങ്ങൾക്ക് ഇവിടെ ജീവനോടെ നിൽക്കാൻ കഴിഞ്ഞതെന്നും അതല്ലെങ്കിൽ എന്റെ മകൻ ഞങ്ങളെ രണ്ടുപേരെയും കൊലപ്പെടുത്തുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇതുപോലെയുള്ള ധാരാളം അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യങ്ങൾ നടക്കുന്നില്ലെന്നല്ല പറയേണ്ടത്, എന്നാൽ അതൊന്നും മതിയാകുന്നില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. പോലീസുകാർക്കുവേണ്ടി എക്സൈസ് വകുപ്പിന്റെ കൈവശമുള്ള 15 വർഷം പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനുള്ള കാര്യങ്ങൾ

ചെയ്തുകഴിഞ്ഞു. കൂടാതെ ഇത്തരം സന്ദർഭങ്ങളിൽ ആവശ്യമായ ഉപകരണങ്ങളെല്ലാം വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്, അത്തരത്തിൽ ഒട്ടനവധി കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. എന്നാൽ ഈ പറഞ്ഞ കാര്യങ്ങളൊന്നുമല്ലാത്ത രീതിയിലാണ് ഇപ്പോൾ കാര്യങ്ങൾ നടക്കുന്നതെന്ന് നമ്മൾ കാണേണ്ടതുണ്ട്. ലഹരിവസ്തുക്കളുടെ വിതരണക്കാർ അതിന്റെ വ്യാപനത്തിനായി ഒരു ചാനൽ രൂപീകരിക്കുകയാണ്, കമ്പനിപോലെ ഒരു ഗ്രൂപ്പ് രൂപപ്പെടുത്തുകയും അതിൽ കുട്ടികളെ ഉൾപ്പെടെ ലഹരിവസ്തുക്കളുടെ വാഹകരായി വിട്ടുകൊണ്ട് ആരും അറിയാത്ത രീതിയിൽ ഇത്തരം വസ്തുക്കളുടെ വില്പന നടത്തുകയാണ്. ഏതെങ്കിലും കുട്ടികളിൽനിന്നും ഇത് കണ്ടെത്തി പിടിച്ചുകഴിഞ്ഞാൽ അവരുടെ പേര് മാത്രമാണ് വരുന്നത്, അവരെ അറസ്റ്റുചെയ്ത് റിമാൻഡ് ചെയ്യുന്ന നടപടി മാത്രമാണ് ഉണ്ടാകുന്നത്. എന്നാൽ ലഹരി വസ്തുക്കളുടെ ഉറവിടം എവിടെയാണെന്ന് കണ്ടെത്തുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഇത്തരം വില്പനയ്ക്കുപിന്നിലെല്ലാം വമ്പൻ സ്രാവുകൾ ഒളിച്ചിരിക്കുന്നുണ്ടെന്നത് തീർച്ചയാണ്, അക്കാര്യങ്ങളെല്ലാം അറിയാമെങ്കിലും അവരെ കണ്ടുപിടിക്കാൻ കഴിയുന്നില്ലെന്നുള്ള ഒരു വലിയ സത്യം

നിലനിൽക്കുന്നുണ്ട്. അവർ ലഹരി വില്പനയിലൂടെ പണമുണ്ടാക്കുകയാണ്, മനുഷ്യജീവിതത്തെ വിറ്റ് പണമുണ്ടാക്കുകയാണ്, മറ്റുള്ളവരുടെ ജീവിതം ഇല്ലാതാക്കുകയാണ്. ഇത്തരം ആളുകൾ പണമുണ്ടാക്കി കൊഴുത്തുവളരുന്ന സ്ഥിതിയുണ്ടാകുന്നുവെങ്കിലും അക്കാര്യം ആരുടെയും ശ്രദ്ധയിൽപ്പെടുന്നില്ല. ഇത്തരം കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെടുന്നത് പലപ്പോഴും സ്കൂളിലും കോളേജിലുമൊക്കെ പഠിക്കുന്ന കുട്ടികളായിരിക്കും. ലഹരി വില്പനയിൽ യഥാർത്ഥത്തിൽ പിടിക്കേണ്ടത് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കണ്ണികളെയാണ്.

ഈ വിഷയത്തോടനുബന്ധിച്ച മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇന്നുള്ള സിനിമകളെക്കുറിച്ചാണ്. ഇന്നത്തെ സിനിമകളുടെ കാര്യം നമുക്കറിയാം, സ്കൂളില്ലാത്ത ദിവസമാണെങ്കിൽ കുട്ടികൾ 24 മണിക്കൂറും ടെലിവിഷന്റെ മുമ്പിലായിരിക്കും, അല്ലെങ്കിൽ ടാബോ, ഫോണോ ഉപയോഗിച്ചുകൊണ്ടിരിക്കും, അവർ ഇതിന്റെ അടിമയായിക്കൊണ്ടിരിക്കുകയാണ്. വളരെ പെട്ടെന്ന് എങ്ങനെയാണ് കൊലചെയ്യാൻ സാധിക്കുകയെന്നും ലഹരി ഉപയോഗിക്കുന്നതിനുള്ള

എളുപ്പവഴികളും ഇതിലൂടെയെല്ലാം അവർ മനസ്സിലാക്കുകയാണ്. ഫോണും അതുപോലുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും ഇത്തരം കാര്യങ്ങൾ ഓരോന്നായി കുട്ടികളെ കാണിച്ചുകൊണ്ടിരിക്കുകയാണ്, പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ സിനിമ നിർമ്മിച്ചാൽ സെൻസറിംഗ് ഉണ്ടായിരുന്നു, സമൂഹത്തെ ബാധിക്കുന്ന വേണ്ടാത്ത കാര്യങ്ങൾ ഒഴിവാക്കുമായിരുന്നു. സിഗരറ്റ് വലിക്കാൻ പാടില്ലെന്ന മുന്നറിയിപ്പോടെയാണ് സിഗരറ്റ് വലിക്കുന്ന സീൻ കാണിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സെൻസറിംഗൊന്നും നടക്കുന്നില്ല, ഏത് രീതിയിലാണെങ്കിലും കാണിക്കുകയാണ്. എങ്ങനെ എളുപ്പത്തിൽ കൊലചെയ്യാൻ സാധിക്കുമെന്നൊക്കെയാണ് കാണിക്കുന്നത്, ഈ രീതിയിൽ നമ്മുടെ സിനിമകളും മാറുകയാണ്. കുട്ടികൾ ഇതൊക്കെയാണ് പകലന്തിയോളവും നേരം പുലരുവോളവും കാണുന്നത്. ഇങ്ങനെയെല്ലാം ലഹരിക്കും അക്രമവാസനയ്ക്കും അടിമപ്പെട്ടുപോകുന്ന സ്ഥിതിയുണ്ട്.

കഞ്ചാവുപോലുള്ള ലഹരി വസ്തുക്കൾ ഒരു കിലോഗ്രാം തൂക്കം കൈവശം വച്ചാൽ മാത്രമെ ശിക്ഷിക്കപ്പെടുകയുള്ളൂ, ജയിലിലിലടയ്ക്കപ്പെടുകയുള്ളൂ. ആ തൂക്കത്തിൽനിന്നും ഒരു ഗ്രാം കുറഞ്ഞാൽപ്പോലും പ്രശ്നമില്ലാതെ രക്ഷപ്പെടാം,

പോലീസ് സ്റ്റേഷനിൽനിന്നുതന്നെ ജാമ്യം അനുവദിക്കപ്പെടും. ഇതെല്ലാം നിലവിലുള്ള നിയമത്തിന്റെ കുഴപ്പമാണ്. അതുകൊണ്ടുതന്നെ നിയമത്തിലുള്ള ഇത്തരം വ്യവസ്ഥകൾ മാറ്റുകയും നിയമം വളരെ കർശനമാക്കുകയും ചെയ്യേണ്ടതുണ്ട്.

അതുപോലെതന്നെ, രാത്രികാലങ്ങളിൽ ഇരുചക്രവാഹനങ്ങളുടെ പരിശോധന നടത്തേണ്ടതുണ്ട്. അതിനായി പട്രോളിംഗ് കർശനമാക്കേണ്ടതുണ്ട്. എന്നാൽ ആ രീതിയിലുള്ള ഇടപെടൽ നടക്കുന്നില്ല, കാരണം പോലീസുകാർക്ക് അവരുടെ ജീവനിൽ കൊതിയുണ്ട്, ജീവഭയമുണ്ട്. അങ്ങനെയുള്ള പ്രശ്നങ്ങളെല്ലാം നിലനിൽക്കുന്നുണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിന് കൂടുതൽ കാര്യങ്ങൾ ഗവൺമെന്റിൽനിന്നും ചെയ്യേണ്ടതുണ്ട്.

ലഹരി മാഫിയകളെ കയറൂരി വിട്ടുകൊണ്ട് നാട്ടിലെല്ലാം വലിയ പ്രയാസം സൃഷ്ടിക്കുന്നുവെന്ന് ഉപക്ഷേപത്തിന്റെ ചർച്ചയിൽ ആരോപിക്കുന്നുണ്ട്, ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ അത്തരത്തിലാകരുത്. കാരണം ഇതിൽ ഉൾപ്പെടുന്നത് നമ്മുടെയെല്ലാം കുട്ടികളാണ്, ആരുടെ കുട്ടികൾ എന്നത്

ഒരു വിഷയമല്ല, നമ്മുടെ മക്കൾ ആരായാലും ഇതിലേക്ക് വന്നുപെടുന്ന ഒരു സ്ഥിതിയുണ്ട്. ഒരു സർക്കാരിനെ കുറ്റം പറഞ്ഞുകൊണ്ട് നമുക്ക് ഒന്നും കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. നാട്ടിൽ നമുക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യേണ്ടതായിട്ടുണ്ട്. സ്കൂളുകളിലെ ജാഗ്രതാ സമിതിയുടെ പ്രവർത്തനം വളരെ ശക്തമാക്കേണ്ടതായിട്ടുണ്ട്. പ്രീ-പ്രൈമറി തലം മുതൽ കോളേജ് വിദ്യാർഥികൾ വരെയുള്ളവർക്ക് ബോധവൽക്കരണം നടത്തേണ്ട സ്ഥിതിയുണ്ട്. ആ രീതിയിൽ ശക്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയാൽ മാത്രമെ ഇതിനെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ.

മറ്റൊന്ന്, നമ്മുടെ നാട്ടിലെ തൊഴിലാളികളിൽ അധികംപേരും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവരാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്നവരെ നന്നായി നിരീക്ഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഹൈവെയുടെ വർക്കിനും മറ്റുമായി ഗുജറാത്തിൽനിന്നും വരുന്ന കുറെ തൊഴിലാളികൾ നമുക്കുണ്ട്. ഗുജറാത്തിൽനിന്നും ഓരോ സമയം വരുമ്പോഴും ഇവിടെ കൊട്ടുക്കുന്നത് എന്താണെന്നുള്ളതും പലർക്കും ഇത് കൈമാറുന്ന സ്ഥിതിയുണ്ടെന്നും ഇപ്പോൾ എന്റെ നാട്ടിലെ പോലീസുകാർ അടക്കം

പറയാറുണ്ട്. ഇത്തരം കാര്യങ്ങൾ നിരീക്ഷണവിധേയമാക്കേണ്ടതുണ്ട് എന്നാണ് പറയാനുള്ളത്. ഈ വിഷയത്തെ രാഷ്ട്രീയപരമായോ രാഷ്ട്രീയ വിഷയമായോ കാണേണ്ടതില്ല. ഇത് ഒരു സമൂഹത്തിന്റെ വിപത്താണ്. ആ വിപത്തിനെ തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടേണ്ടുന്ന വിഷയമാണ്. ഈ ഉപക്ഷേപം കൊണ്ടുവന്നതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നതോടൊപ്പം അതിനെ അനുകൂലിക്കുകയും ചെയ്യുന്നു. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ ഉപക്ഷേപത്തെ പിന്തുണയ്ക്കുകയാണ്. കോവിഡ് മഹാമാരിയെക്കാൾ ഏറ്റവും വേഗത്തിൽ പടർന്ന് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാമാരിയാണ് മയക്കുമരുന്ന് എന്നുപറയുന്ന ലഹരി. ലഹരിക്കെതിരെ നിരന്തരമായ ചർച്ചകളും ഘോഷയാത്രകളും പ്രതിജ്ഞയും സംഘടിപ്പിക്കാറുണ്ടെങ്കിലും കാര്യമായ ഒരു മാറ്റവും ഇതിനകത്ത് ഇപ്പോഴും ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഒരുതരത്തിലും പിടിക്കപ്പെടാത്ത രൂപത്തിലേക്ക് സമൂഹത്തിൽ ലഹരിവ്യാപനം മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വിദ്യാർഥികളെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്

എന്നതുകൊണ്ടുതന്നെ ഭയാനകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയാണ്. നാലും അഞ്ചും ക്ലാസിൽ പഠിക്കുന്ന ചെറിയ കുട്ടികളെപ്പോലും ലഹരി മാഫിയാ സംഘങ്ങൾ പിടികൂടുകയാണ്. ഇത്തരം സംഘങ്ങൾ കുട്ടികളെ ഭീഷണിപ്പെടുത്തുകയും അവരുടെ ഭീഷണിക്കുമുന്നിൽ പലപ്പോഴും കുട്ടികൾക്ക് ഒന്നും പുറത്തുപറയാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയുമാണ്, വിദ്യാർഥികൾ അതിനുമുന്നിൽ ഭയപ്പെട്ടുപോകുകയാണ്. അവർക്ക് അവരുടെ രക്ഷിതാക്കളോടും അധ്യാപകരോടുപോലും ഇക്കാര്യങ്ങൾ പറയാൻ കഴിയാത്ത സാഹചര്യമുണ്ടെന്നുള്ളതാണ് വാസ്തവം. സർഗാത്മകമായ പ്രവർത്തനത്തിലേക്ക് വരേണ്ട വിദ്യാർഥികളെയും യുവാക്കളെയുമാണ് ഇത്തരം മാഫിയാ സംഘങ്ങൾ പിടിമുറുക്കുന്നത്. ഇന്ന് ഏറ്റവും കൂടുതൽ ലഹരി വസ്തുക്കൾ പിടിക്കപ്പെടുന്ന കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. നേരത്തെ ഒരുഗ്രാം, രണ്ടുഗ്രാം, മൂന്നുഗ്രാം എന്ന നിലയിൽ ആയിരുന്നെങ്കിൽ ഇന്ന് ടൺ കണക്കിന് മയക്കുമരുന്നുകൾ പിടികൂടുന്ന ഒരു കേന്ദ്രമായി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്നുവെന്നത് വളരെ ഭയാനകമായ സാഹചര്യമാണ്. ഇതിനെതിരെ ക്രിയാത്മകമായ, പ്രായോഗികമായ പ്രവർത്തനങ്ങളാണ് നമുക്ക്

ആവശ്യം. അത്തരം പ്രവർത്തനങ്ങൾ ഉണ്ടാകുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. അതിനായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി ശക്തമാക്കേണ്ടതായിട്ടുണ്ട്. എക്സൈസ് വകുപ്പിൽ മതിയായ ഉദ്യോഗസ്ഥരില്ലെന്നത് വളരെ പ്രധാനപ്പെട്ടതാണ്. പല വിഷയങ്ങളിലും നമ്മൾ വിളിക്കുമ്പോൾ പലയിടത്തും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്ത അവസ്ഥയുണ്ട്, അവർക്ക് സഞ്ചരിക്കേണ്ട വാഹനങ്ങളുടെ അപര്യാപ്തതയുണ്ട്. ഇത്തരം ഡ്യൂട്ടികൾ നിർവഹിക്കുമ്പോൾ സഞ്ചരിക്കാനായി അവർക്ക് നല്ല വാഹനങ്ങളില്ല. ഇത്തരത്തിൽ എക്സൈസ് വകുപ്പ് അഭിമുഖീകരിക്കുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. അവ പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ വകുപ്പിൽ വനിതാ എക്സൈസ് ഓഫീസർമാരുടെ കുറവുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടുപോലും നിയമനം നടത്തുന്നില്ല എന്നത് ഒരു വശത്ത് നിൽക്കുന്നു. നമ്മൾ ലഹരിക്കെതിരെ പറയുകയും മറുവശത്ത് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാതെ പോകുകയും ചെയ്യുന്നത് വളരെ ഗുരുതരമാണ്. പിന്നെ എങ്ങനെയാണ് ഇത് പരിഹരിക്കാൻ സാധിക്കുന്നത്? ഇക്കാര്യത്തിൽ ഒരു ബദൽ ഓപ്ഷൻ സ്വീകരിക്കേണ്ടതുണ്ട്.

ലഹരി ഉപയോഗത്തിനെതിരെ പ്രതിജ്ഞ എടുക്കുകയോ ബോധവല്‍ക്കരണം നടത്തുകയോ ചെയ്യുന്നതോടൊപ്പം ടി വിഷയം സംബന്ധിച്ച് പുതിയ തലമുറയിലെ കുട്ടികള്‍ക്ക് എന്താണ് പറഞ്ഞുകൊടുക്കാനുള്ളത് എന്നതാണ് വിഷയം. അതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഈ വിഷയത്തെക്കുറിച്ച് വളരെ ഗൗരവമായി ചര്‍ച്ചചെയ്യുകയും പാഠ്യപദ്ധതിയില്‍ ഉള്‍പ്പെടുത്തുകയും ചെയ്യണം. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് കുട്ടികള്‍ക്ക് കളിക്കാനുള്ള ഇടങ്ങള്‍ ഇല്ലെന്നുള്ളത്. അതിനാല്‍ കുട്ടികള്‍ക്കായി കളിസ്ഥലങ്ങള്‍ നിര്‍മ്മിക്കുകയും അതിനായി കൂടുതല്‍ ഫണ്ട് വകയിരുത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിലേക്ക് എത്തുകയെന്നുള്ളതാണ് ഇതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ബദല്‍ ഓപ്ഷന്‍. ലഹരിവിരുദ്ധ ബോധവല്‍ക്കരണ ക്ലാസ്സുകളില്‍ പങ്കെടുക്കുന്ന കുട്ടികള്‍ പലപ്പോഴും തിരിച്ചുപോകുമ്പോള്‍ ലഹരി ഉപയോഗിക്കുന്നതായി നമുക്ക് കാണാന്‍ സാധിക്കും. അതുകൊണ്ട് ഇക്കാര്യത്തില്‍ പ്രായോഗികവും ക്രിയാത്മകവുമായ നിര്‍ദേശങ്ങളും പ്രവര്‍ത്തനങ്ങളുമാണ് നമുക്ക് ആവശ്യം. ടി വിഷയങ്ങള്‍ സംബന്ധിച്ച് എപ്പോഴും ചര്‍ച്ചചെയ്യുന്നുണ്ട്. കേവലമായ ഒരു

ചർച്ചയിലൊതുക്കാതെ മറ്റ് നിർദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് നമ്മുടെ കുട്ടികളെയും യുവാക്കളെയും സ്ത്രീകളെയും ലഹരി ഉപയോഗത്തിൽനിന്നും രക്ഷിക്കാൻ കഴിയണം. ഒരു അമ്മ കൊടുത്ത ഇന്റർവ്യൂവിൽ "കതക് തുറന്നുകൊടുക്കാൻ എനിക്ക് ഭയമാണ് എന്റെ മകൻ വീട്ടിലേക്ക് വരുമ്പോൾ" എന്ന് പറയുന്ന കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചു. അമ്മയെ തിരിച്ചറിയാത്ത മക്കളുണ്ടാകുന്നു. ഓരോ വീടുകളിലും ഇതാണ് അവസ്ഥ. ഇന്ന് എന്റെ വീട്ടിലാണെങ്കിൽ നാളെ മറ്റൊരാളുടെ വീട്ടിലായിരിക്കും ഈ അവസ്ഥയുണ്ടാകുന്നത്. ഇത്തരം അനുഭവങ്ങൾ എന്റെ വീട്ടിലേക്ക് വരില്ലെന്ന് ഒരാൾക്കും പറയാൻ സാധിക്കാത്ത രൂപത്തിലേക്ക് ഇത് മാറിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ അതിനനുസരിച്ചുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിച്ച് അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. ലഹരിവസ്തുക്കൾ വിൽക്കാൻ സാധ്യതയുള്ളത് വിദ്യാലയങ്ങളുടെ സമീപത്തുള്ള കടകളിലായതിനാൽ അവിടങ്ങളിൽ

നിരന്തരമായ പരിശോധനകൾ നടത്തണമെന്നുകൂടിയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സമകാലിക സാമൂഹിക പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിലാണ് നിയമസഭ ഇന്ന് സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനപ്രകാരം ഈ പ്രശ്നം പ്രധാനമായും ചർച്ചയ്ക്കെടുത്തിട്ടുള്ളത്. നാം ഈ വിഷയം ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും നമ്മൾ അറിയാതെ ഉയർന്നുവരുന്നൊരു ധ്വനി, പ്രത്യേകിച്ച് പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗത്തിൽ കേരളമാണ് ലഹരിയുടെ കേന്ദ്രം എന്നുള്ളനിലയിലാണ്. യഥാർത്ഥത്തിൽ വസ്തുതകൾ പരിശോധിക്കുമ്പോൾ, ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ലഹരി ഉപയോഗത്തിന്റെ കാര്യത്തിലും അതിന്റെ വ്യാപനത്തിന്റെ പ്രശ്നമെടുത്താലും കേരളം മുന്നിലല്ല എന്നത് ഒരു വസ്തുതയെന്നപോലെ നമുക്ക് തിരിച്ചറിയാൻ കഴിയും. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിന്റെ കാര്യത്തിലും വ്യാപനത്തിന്റെ കാര്യത്തിലും വളരെ പുറകിലാണെന്ന് മാത്രമല്ല വളരെ കുറച്ചുമാത്രം ഈ പ്രശ്നം ഉയർന്നുനിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം

നിലനിൽക്കുന്നുണ്ട്. പത്ത് വയസ്സിനും എഴുപത്തിയഞ്ച് വയസ്സിനുമിടയിൽ പ്രായമുള്ളവരിൽ 14.6% ഇന്ത്യാക്കാർ അതായത് 16 കോടി ജനങ്ങൾ മദ്യം എന്ന ലഹരി ഉപയോഗിക്കുന്നവരാണ്. മദ്യം കഴിക്കുന്ന ജനങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ, ഏറ്റവും കൂടുതൽ ആളുകൾ മദ്യം ഉപയോഗിക്കുന്നത് അരുണാചൽ പ്രദേശിലാണെന്ന് കാണാൻ കഴിയും. അതായത് അരുണാചൽ പ്രദേശിലെ 52.5% ജനങ്ങൾ മദ്യം ഉപയോഗിക്കുവെന്ന് കണക്കുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നുണ്ട്. തൊട്ടുപിന്നിലുള്ള സംസ്ഥാനം തെലങ്കാനയാണ്. 43.4% ജനങ്ങൾ തെലങ്കാനയിൽ മദ്യം ഉപയോഗിക്കുന്നു. അതിനുപുറകിലുള്ള സംസ്ഥാനം, 39.9% പേർ മദ്യം ഉപയോഗിക്കുന്ന സിക്കിം ആണ്. നമ്മുടെ കേരളം ലഹരിയെ ശക്തമായി പ്രതിരോധിക്കുന്ന കാര്യത്തിലും ജനങ്ങളെ ബോധവൽക്കരിക്കുന്ന കാര്യത്തിലും ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന സംസ്ഥാനമാണെന്നുള്ളത് ഇന്ത്യയിലെ പൊതുസാഹചര്യം പരിശോധിക്കുമ്പോൾ വസ്തുതയായി പറയാതിരിക്കാൻ നിർവാഹമില്ല.

മറ്റൊരു ലഹരി വസ്തുവാണ് കഞ്ചാവ്. കഞ്ചാവിന്റെ ഉപയോഗം കൂടുതലുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ നമ്മുടെ കേരളം വളരെ പുറകിലാണെന്നത്

ആശ്വാസകരമായ വസ്തുതയാണ്. കഞ്ചാവിന്റെ ഉപയോഗം താരതമ്യേന കൂടുതലായുള്ളത് ഉത്തർപ്രദേശ്, പഞ്ചാബ്, സിക്കിം, ഛത്തീസ്ഗഡ്, ഡൽഹി എന്നീ സംസ്ഥാനങ്ങളിലാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ നിലയിലെല്ലാം പരിശോധിക്കുമ്പോൾ കേരളം ഇതിനെതിരായി ശക്തമായ നിലയിലേക്കുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുവെന്നുള്ളത് നാം കാണേണ്ട ഏറ്റവും പ്രധാനപ്പെട്ട വസ്തുതയാണ്. കഞ്ചാവ് ഉപയോഗത്തിൽ ഏറ്റവും പുറകിലുള്ള സംസ്ഥാനമെന്ന പ്രത്യേകത കേരളത്തിനാണ്. കേന്ദ്ര ഭരണപ്രദേശമായ പോണ്ടിച്ചേരി മാറ്റിനിർത്തിയാൽ കഞ്ചാവ് ഉപയോഗം ഏറ്റവും കുറവുള്ളത് കേരളത്തിലാണ് എന്നതുകൂടി നാം ഈ അവസരത്തിൽ തിരിച്ചറിയേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് നടത്തുന്ന നിരവധി മാതൃകാപരമായ പ്രവർത്തനങ്ങളുണ്ട്. ആ പ്രവർത്തനങ്ങളെ കാണാതിരിക്കാൻ കഴിയില്ല. ബഹുമാന്യനായ പ്രമേയാവതാരകന്റെ പ്രസംഗത്തിലെ ഒരു വാചകം ശ്രദ്ധയിൽപ്പെടുകയുണ്ടായി, "സർക്കാരിന് ഇക്കാര്യത്തിൽ എന്തെങ്കിലും കരുതലുണ്ടോ" എന്നുള്ളതായിരുന്നു പ്രമേയാവതാരകൻ സൂചിപ്പിച്ച കാര്യം. സർക്കാർ നടപ്പാക്കുന്ന നിരവധി

പദ്ധതികൾ പ്രമേയാവതാരകൻ അറിയാത്തതുകൊണ്ടല്ല, അതിനെക്കുറിച്ച് എല്ലാം വ്യക്തമായ നിലയിൽ അറിവുള്ളവരാണ് എം.എൽ.എ.-മാരായ നമ്മളെല്ലാം. ഇക്കാര്യത്തിൽ 2016 മുതൽ ഇങ്ങോട്ട് പരിശോധിക്കുമ്പോൾ കേരളത്തിൽ വളരെ കാര്യക്ഷമമായി നാമെല്ലാം നേതൃത്വം നൽകിക്കൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ 'വിമുക്തി' പദ്ധതിക്ക് 2016 ഒക്ടോബർ മാസത്തിൽ രൂപം കൊടുത്തു. അതിനുശേഷം വിമുക്തിയുടെ നേതൃത്വത്തിൽ വാർഡുതലത്തിലുൾപ്പെടെ പ്രതിരോധ പ്രവർത്തനങ്ങൾ ലഹരിക്കെതിരായി നടന്നുവരികയാണ്. ‘ Say No To Drugs’ ഉൾപ്പെടെയുള്ള പ്രത്യേക മുദ്രാവാക്യങ്ങളുയർത്തി നമ്മുടെ ഗ്രാമീണ മേഖലയെയും നഗരങ്ങളെയും ഒരുപോലെ ബോധവൽക്കരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ 'വിമുക്തി' എന്ന അതിവിപുലമായ പദ്ധതിയുടെ ഭാഗമായി കേരള ഗവൺമെന്റ് നടപ്പാക്കിവരികയാണ്. സ്കൂളുകളെയും കോളേജുകളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി

സംസ്ഥാനത്ത് 5585 സ്കൂളുകളിലും 890 കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും അതിന്റെ ഭാഗമായി ലഹരി പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർഥികളുടെ കഴിവുകളെ നശിപ്പിക്കുന്ന വിധത്തിലുള്ള ലഹരി ഉപയോഗം തിരിച്ചറിഞ്ഞുകൊണ്ടാണ് ഗവൺമെന്റ് ഈ നിലയിലുള്ള പദ്ധതികൾ ഏറ്റെടുക്കാനും നടപ്പിലാക്കാനും ശക്തമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. കോളേജുതലത്തിൽ പ്രിൻസിപ്പലിന്റെയും/വൈസ് പ്രിൻസിപ്പലിന്റെയും നേതൃത്വത്തിൽ 'ശ്രദ്ധ' , 'നേർക്കൂട്ടം' പോലുള്ള പദ്ധതികൾ ശക്തമായ നിലയിൽ സർക്കാർ നടത്തിവരികയാണ്. അധ്യാപകരും രക്ഷകർത്താക്കളും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം സംഘടനകളെയും ജനവിഭാഗങ്ങളെയും കോർത്തിണക്കിക്കൊണ്ട് വിദ്യാലയങ്ങളെ ലഹരിവിമുക്ത കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള വലിയ ഇടപെടലുകൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായി നടക്കുന്നുവെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. സ്കൂളുകളിൽ 'ഉണർവ്' പദ്ധതി സമാനമായ നിലയിൽ വിജയകരമായി നമുക്ക് ഏറ്റെടുക്കാൻ കഴിയുന്നു.

'നേർവഴി' എന്ന പദ്ധതി അധ്യാപകരുടെകൂടി സഹകരണത്തോടെ കേരളത്തിലെ വിദ്യാലയങ്ങളിൽ ഏറ്റവും ശക്തമായി ഏറ്റെടുക്കാൻ കഴിയുന്നുവെന്നുള്ളതും സമീപ കാലയളവിൽ കേരളത്തിലെ ഗവൺമെന്റ് നടപ്പാക്കിയ ലഹരിവിരുദ്ധ പദ്ധതിയുടെ ഭാഗമായി നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ആശുപത്രികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഡീ-അഡിക്ഷൻ സെന്ററുകളുടെ സജീവമായ പ്രവർത്തനങ്ങളും ലഹരി ഉപയോഗത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി ഏറ്റവും നന്നായി ഉപയോഗപ്പെടുത്താൻ കഴിയുന്നു എന്നുള്ളതുകൂടി നാം ശ്രദ്ധിക്കേണ്ടതാണ്.

പോലീസിന്റെ നടപടികൾ വളരെ ശ്രദ്ധേയമാണ്. ഹൈദരാബാദിലെ മയക്കുമരുന്ന് നിർമ്മാണശാലയുമായി ബന്ധപ്പെട്ട് സമീപകാലയളവിൽ കേരള പോലീസ് നടത്തിയ അന്വേഷണം മാതൃകാപരമായിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ഹൈദരാബാദിൽപോയി പോലീസിന്റെ നേതൃത്വത്തിൽ വലിയ റെയ്ഡ് നടത്തുകയും അവിടെയുള്ള ലഹരി നിർമ്മാണ കേന്ദ്രത്തെപ്പോലും ഏറ്റവും കർശനമായി നിയമപരിധിയിൽകൊണ്ടുവന്ന് നേരിടുന്നതിനാവശ്യമായ സമീപനം സ്വീകരിക്കാൻ കേരളാ പോലീസിന്

കഴിഞ്ഞുവെന്നുള്ളതും ശ്രദ്ധേയമായ കാര്യമാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ എം.ഡി.എം.എ. വേട്ടയിൽ 3.407 കിലോ വരുന്ന എം.ഡി.എം.എ.-യും അതിന്റെ ഭാഗമായി പ്രവർത്തിച്ച പ്രതിയെയും കാസർഗോഡ് പോലീസ് പിടികൂടി എന്ന വാർത്തയും സമീപകാലയളവിൽ നമുക്ക് കേൾക്കാൻ കഴിഞ്ഞു. ഇതിൽ ചില നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനുള്ളത്, എക്സൈസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് സജീവമായി അവർ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇത് സാമൂഹ്യവിരുദ്ധരുമായിട്ടുള്ള ഏറ്റുമുട്ടലാണ്. അതിനെ നേരിടാൻവരുന്ന സർക്കാർ സംവിധാനത്തോട് സാമൂഹ്യവിരുദ്ധർ ഏത് മാർഗ്ഗമുപയോഗിച്ചും ഏറ്റുമുട്ടുന്ന സാഹചര്യമുണ്ടാകുന്നു. ആയുധങ്ങളുപയോഗിച്ചുകൊണ്ട് എക്സൈസ് ഉദ്യോഗസ്ഥരെ നേരിടുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക സ്ക്വാഡുമായി പോകുന്നവരെ ആയുധങ്ങളുപയോഗിച്ച് ലഹരി മാഫിയാ സംഘം കീഴ്പ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതിനാൽ എക്സൈസ് ഉദ്യോഗസ്ഥർക്കും അതുമായി ബന്ധപ്പെട്ട ഫോഴ്സിനും ആവശ്യമായ ആയുധങ്ങൾ കൊടുത്ത് അവരുടെ സ്വജീവൻ രക്ഷിക്കാനും ഇത്തരം മാഫിയ സംഘങ്ങളിൽനിന്ന് അവർക്ക്

രക്ഷനേടാനും ആവശ്യമായ കരുതൽ നടത്താൻ കഴിയേണ്ടതായിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി വിവിധ ക്യാമ്പയിനുകൾ, ജാഗ്രതാ സംവിധാനങ്ങൾ, ജനകീയ ബോധവൽക്കരണം എന്നിവ നമുക്ക് ഏറ്റെടുക്കാൻ കഴിയണം. നിയമ ഭേദഗതികൊണ്ടുവന്ന് അതിന്റെ ഭാഗമായി ലഹരി ഉപയോഗിക്കുന്നവരെ കൂടുതൽ കടുത്ത ശിക്ഷാനടപടികളുടെ പരിധിയിൽ കൊണ്ടുവരാൻ കഴിയേണ്ടതായിട്ടുണ്ട്. ഇവിടെ അന്യസംസ്ഥാന തൊഴിലാളികളുടെ കാര്യം സൂചിപ്പിച്ചു. അവരുടെ ഈ നാട്ടിലെ പ്രവർത്തനങ്ങളിലെല്ലാം ലഹരിയുടെ സ്വാധീനമുണ്ടാകുന്നുണ്ടോയെന്ന് പ്രത്യേകമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. അഭിമാനത്തോടുകൂടി ഒരു കാര്യം ചൂണ്ടിക്കാണിക്കട്ടെ, ഞാൻ കേരളത്തിലെ ഒരു യുവജന പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഒരാളാണ്. ആ യുവജന പ്രസ്ഥാനം, ഡി.വൈ.എഫ്.ഐ. കേരളത്തിൽ സംസ്ഥാന വ്യാപകമായി ലഹരിക്കെതിരായി ശക്തമായ നിലയിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഡി.വൈ.എഫ്.ഐ. സംസ്ഥാന വ്യാപകമായി ലഹരിക്കെതിരായി സംഘടിപ്പിക്കുന്ന ജാഗ്രതാ പരേഡിൽ

പങ്കെടുത്തുകൊണ്ടാണ് ഈ നിയമസഭാ സമ്മേളനത്തിൽ ഡി.വൈ.എഫ്.ഐ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന എം.എൽ.എ.-മാരുൾപ്പെടെ വന്നിട്ടുള്ളത്. അങ്ങനെ മാതൃകാപരമായി പ്രവർത്തിക്കാൻ യുവജനസംഘടനകൾക്ക് കഴിയുന്നുണ്ടെങ്കിലും ഇത് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ജനകീയ ബോധവൽക്കരണത്തിന്റെ ഭാഗമായി ക്ലബ്ബുകൾക്കും വ്യത്യസ്ത സംഘടനകൾക്കും കൂട്ടായി ഈ വിപത്തിനെ നേരിടാൻ കഴിയണമെന്നുകൂടി സൂചിപ്പിക്കുന്നു. അതോടൊപ്പം ഈ പ്രശ്നത്തെ സർക്കാർ ഏറ്റവും ജാഗ്രതയോടുകൂടി കാണുന്നുവെന്നതിന്റെ പ്രത്യേകമായ താൽപര്യവും ഇവിടെ സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ഞാൻ ശക്തമായി എതിർക്കുകയും ഇത് ചർച്ച ചെയ്യാൻ സന്മനസ് കാണിച്ച എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിനെയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയും ചെയ്യുന്നു. ലഹരിയുടെ വ്യാപനം എത്രമാത്രമാണ് നമ്മുടെ സമൂഹത്തിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നത്? ഏതാനും ദിവസങ്ങൾക്കുമുമ്പ് കോഴിക്കോട്

ജില്ലയിലെ താമരശ്ശേരിയിൽ കാൻസർ രോഗിയായ സ്വന്തം മാതാവിനെ വെട്ടിക്കൊലപ്പെടുത്തിയ ഇരുപത്തിനാലുകാരൻ പോലീസിന് നൽകിയ മൊഴി 'എന്നെ ജനിപ്പിച്ചതിനുള്ള ശിക്ഷ ഞാൻ നടപ്പാക്കി'യെന്നാണ്. കമ്പനികൂടി ഒരു ആസ്വാദനത്തിനുവേണ്ടി തുടങ്ങുകയും പിന്നീടൊരിക്കലും ജീവിതത്തിലേക്ക് തിരിച്ചുവരാനാകാത്തവിധം ദുരന്തങ്ങളിൽ അകപ്പെട്ടുകയും ചെയ്യുന്ന എത്ര ലഹരി ജീവിതങ്ങളുണ്ട്? കൂട്ടുകെട്ടുകളും സൗഹൃദങ്ങളും നന്മകളുടെ വഴികളെക്കാൾ ഏറെ തിന്മയുടെ വഴികളിലേക്കാണ് പുതുതലമുറയെ നയിച്ചുകൊണ്ടിരിക്കുന്നത്. ജീവിതത്തിൽ ഒരു പ്രാവശ്യം ഉപയോഗിച്ചാൽത്തന്നെ അഡിക്ടായി പോകുംവിധമുള്ള മാരകമായ മയക്കുമരുന്നുകൾ ഇന്ന് വിദ്യാർഥികൾക്കിടയിൽ വ്യാപകമാണ്. വിദ്യാലയങ്ങൾക്കടുത്തുള്ള പെട്ടിക്കടകളിൽ ചോക്ലേറ്റ് രൂപത്തിലും സ്റ്റാമ്പ് രൂപത്തിലുമൊക്കെ പലയിടത്തും ഇത് ലഭ്യമാകുന്നുവെന്നത് ഏറെ ദുഃഖകരമാണ്. പക്ഷേ കേരളത്തിന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് നാം പരമാവധി ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. എന്നാൽ ഗുജറാത്തിലെ മുന്ദ്ര പോർട്ട് വഴി കടന്നുവരുന്ന മയക്കുമരുന്ന് തടയുന്നതിന് എന്തുനടപടികളാണ്

കേന്ദ്രസർക്കാർ സ്വീകരിച്ചതെന്ന് സ്വാഭാവികമായും നാം ചോദിക്കേണ്ടതായിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലേക്ക് ലഹരി മരുന്നുകൾ കയറ്റുമതി ചെയ്യുന്ന ഗുജറാത്തിനെതിരെ ശബ്ദമുയർത്താൻ ഇവിടെ പ്രമേയം അവതരിപ്പിച്ച കോൺഗ്രസിന് അവരുടെ എം.പി.-മാരെക്കൊണ്ട് കേന്ദ്രത്തിലൊരു ശ്രമം നടത്താമായിരുന്നുവെന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ലഹരി ഉപയോഗം സംബന്ധിച്ച് 2020-ൽ 4650-ഉം 2021-ൽ 5334-ഉം കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2022-ൽ ഇരുപതിനായിരത്തിലധികം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-ൽ 5674 പേരെയും 2021-ൽ 6704 പേരെയും അറസ്റ്റ് ചെയ്തിരുന്നു. 2022-ൽ 18743 പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. കേരളത്തിൽ കഴിഞ്ഞവർഷം 5.04 ലക്ഷം കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തത്. അതിൽ 1.09 ലക്ഷം കേസുകളും ലഹരി, അബ്കാരി കേസുകളാണ് എന്നത് ലഹരിയുടെ വ്യാപനത്തിന്റെ തോത് കൃത്യമായി ബോധ്യപ്പെടുത്തുന്നതാണ്. 330 പേരാണ് കഴിഞ്ഞവർഷം കേരളത്തിൽ കൊല്ലപ്പെട്ടത്. പ്രതിപട്ടികയിലുള്ളവരിൽ നല്ലൊരു ഭാഗം

ലഹരിക്ക് അടിമകളാണെന്ന വസ്തുത വിസ്മരിക്കാനാകില്ല. ഓരോ കേസുകളിലും ലഹരിക്ക് കൃത്യമായ സ്വാധീനമുണ്ട്. ലഹരി വഴികളെ കൃത്യമായി നിരീക്ഷിച്ച് ശക്തമായ നിയമനടപടി സ്വീകരിക്കുകയെന്നത് അനിവാര്യമാണ്. നിരവധി സർക്കാർ സംവിധാനങ്ങളുടെ ഏകോപിതമായ പരിശ്രമത്തിന്റെ ഫലമായി ലഹരിക്കടത്ത് കുറ്റകൃത്യങ്ങൾ വലിയതോതിൽ തടയാൻ സാധിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരെ സംസ്ഥാനതലത്തിൽ കേരള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും പ്രവർത്തിച്ചുവരുന്നുണ്ട്. ആശുപത്രികളിൽ നടപ്പാക്കിവരുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ ഏറെ മാതൃകാപരമായി പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ സ്റ്റേഷൻ പരിധിയിലും എല്ലാ മാസവും രണ്ടാഴ്ച എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവും നടത്തിവരുന്നുണ്ട്. എല്ലാ സ്റ്റേഷൻ പരിധിയിലും എല്ലാ മാസവും രണ്ടാഴ്ച നടത്തിവരുന്ന ഈ സ്പെഷ്യൽ ഡ്രൈവ് ഏറെ ഗുണകരം തന്നെയാണ്.

കേരളത്തെ മയക്കുമരുന്ന് മുക്ത സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ആരംഭിച്ച 'നോ ടു ഡ്രഗ്സ്' ലഹരി

വിരുദ്ധ ക്യാമ്പയിൻ നല്ല നിലയിലാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. നിലവിലെ സമാധാനപൂർണ്ണവും സ്നേഹനിർഭരവും ആരോഗ്യമുള്ളതുമായ അനന്തരതലമുറകളെ തകർത്തുകളയുന്ന ഒരു മഹാവിപത്താണ് മയക്കുമരുന്ന്. നിയമങ്ങളുപയോഗിച്ചും പോലീസിന്റെയും എക്സൈസിന്റെയും പ്രതിരോധ നടപടികൾകൊണ്ടും മയക്കുമരുന്ന് എന്ന വിപത്തിനെ ചെറുക്കാൻ സർക്കാർ തലത്തിൽ സ്വീകരിക്കുന്ന ശക്തമായ നടപടികളുടെ ഫലമായി മയക്കുമരുന്ന് കടത്ത് കണ്ടെത്താനും ഡ്രഗ് മാഫിയകളെ തകർക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാദേശിക ഇടങ്ങളിൽ ലഹരിക്കെതിരായ ഹ്രസ്വ സിനിമകൾ, വീഡിയോകൾ, സെമിനാറുകൾ, ലഹരിവിരുദ്ധ ക്ലാസ്സുകൾ എന്നിവ നടന്നുവരുന്നു. വിദ്യാലയങ്ങളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ റോൾ പ്ലേ, സ്കിറ്റ്, കവിതാലാപനം, കഥാ വായന, പ്രസംഗം, പോസ്റ്റർ രചന തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. എൻ.സി.സി., എസ്.പി.സി., എൻ.എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്സ്, ജെ.ആർ.സി., വിമുക്തി ക്ലബ്ബുകൾ മുതലായ

സംവിധാനങ്ങളെ ക്യാമ്പയിനിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുമുണ്ട്. പക്ഷേ അതുകൊണ്ടുമാത്രം പൂർണ്ണമായും ലക്ഷ്യം നേടാനാകില്ല.

ലഹരി ഉപഭോഗം സൃഷ്ടിക്കുന്ന ശാരീരിക മാനസികാരോഗ്യ പ്രശ്നങ്ങൾ, സാമൂഹിക ആഘാതങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി പരിശീലനം വിഭാവനം ചെയ്യുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വില്പന നടത്തുന്നില്ലെന്ന ബോർഡ് പ്രദർശിപ്പിച്ചിരിക്കണം. അതിൽ ബന്ധപ്പെടേണ്ട പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ, മേൽവിലാസം എന്നിവയുണ്ടാകണം. എല്ലാ എക്സൈസ് ഓഫീസുകളിലും ലഹരി ഉപഭോഗവും വിതരണവും സംബന്ധിച്ച വിവരങ്ങൾ സമാഹരിക്കാൻ കൺട്രോൾ റൂം, സംസ്ഥാനമൊട്ടാകെ പോലീസിന്റെയും എക്സൈസിന്റെയും നേതൃത്വത്തിൽ ലഹരിവിരുദ്ധ സ്പെഷ്യൽ ഡ്രൈവ് എന്നിങ്ങനെയുള്ള സമഗ്രമായ പ്രവർത്തനം നടന്നുവരുന്നുണ്ട്. നാർക്കോട്ടിക് കേസുകളിലുൾപ്പെട്ട പ്രതികളുടെ ശിക്ഷ ഉറപ്പുവരുത്താൻ മുൻകാല കുറ്റകൃത്യങ്ങളെക്കൂടി കുറ്റപത്രത്തിലുൾപ്പെടുത്തുക, കാപ്പ രജിസ്റ്റർ മാതൃകയിൽ ലഹരിക്കടത്ത് ഉൾപ്പെടെയുള്ള കുറ്റകൃത്യം ചെയ്യുന്നവരുടെ ഡാറ്റ ബാങ്ക് തയ്യാറാക്കുക, ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ

ഏർപ്പെടുന്നവർക്കെതിരെ കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കുക തുടങ്ങിയവയെല്ലാം നടപ്പിൽവരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇത്തരം നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും ലഹരി വ്യാപനത്തിന് കുറവുകളുണ്ടാകുന്നില്ലെന്നത് പരമമായ ഒരു വസ്തുതയാണ്. സാമൂഹിക സഹകരണത്തോടെ എല്ലാ വിഭാഗത്തെയും വിശ്വാസത്തിലെടുത്തുകൊണ്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി ഇതിനെതിരായി നമുക്ക് മുന്നോട്ടുനീങ്ങാമെന്ന് പറഞ്ഞുകൊണ്ട് സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഇവിടെ ചർച്ചചെയ്യുന്നത് ഒരു പൊതുവിഷയമാണ്. സംസ്ഥാന ഗവൺമെന്റ് ഇത് ചർച്ച ചെയ്യാൻ സന്നദ്ധമായി എന്നത് സർക്കാരിന് ഇക്കാര്യത്തിലുള്ള വിശാലമായ താൽപര്യവും അതിന്റെ ശക്തമായ ഇടപെടലിന്റെയും ഭാഗമാണ്. അക്കാര്യത്തിൽ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ത്യ എന്നത് വധശിക്ഷ നിയമം നിലവിലുള്ള രാജ്യമാണ്. എന്നതുകൊണ്ട് നമ്മുടെ രാജ്യത്ത് കൊലപാതകം ഇല്ലാതാകുന്നില്ല. ഏതെങ്കിലും നിയമത്തിന്റെ അഭാവത്തിന്റെ

ഭാഗമായിട്ടല്ല ലഹരി വിഷയങ്ങൾ ആഗോളതലത്തിൽത്തതന്നെ വളർന്നുകൊണ്ടിരിക്കുന്നത്. രാസലഹരി എന്നത് ഒരു പുതിയ ട്രെൻഡ് ആയി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു വലിയ മാഫിയ അതിന് പിന്നിൽ പ്രവർത്തിക്കുകയാണ്. ശ്രീലങ്ക, ബംഗ്ലാദേശ്, ഇന്ത്യ, നേപ്പാൾ തുടങ്ങിയ സൗത്ത് ഏഷ്യൻ രാജ്യങ്ങളെ വലിയ നിലയിൽ ലക്ഷ്യം വച്ചുകൊണ്ടാണ് ആ മാഫിയ പ്രവർത്തിക്കുന്നത് എന്നാണ് Global SMART Programme (Global Synthetics Monitoring: Analyses, Reporting and Trends) എന്നൊരു അന്താരാഷ്ട്ര സംഘടനയുടെ അഭിപ്രായം. Amphetamine Methamphetamine, Ecstasy ഗുളികകൾ ഇന്ന് ലോകത്ത് ഒരു വലിയ വിപണന മാർക്കറ്റാണ്. ഇത് വലിയ സിന്തറ്റിക് ഡ്രഗ്സാണ്.

നമ്മുടെ സംസ്ഥാന സർക്കാർ എത്രമാത്രം സൂക്ഷ്മതയും അവധാനതയുമാണ് ഇക്കാര്യത്തിൽ പുലർത്തുന്നത്. മദ്യത്തിന്റെ വരുമാനംകൊണ്ട് റവന്യൂ മെയിന്റയിൻ ചെയ്യാൻ സംസ്ഥാന സർക്കാർ പ്രോത്സാഹിപ്പിക്കുന്നു എന്നാണ് കേരളത്തിലുള്ള ഒരു പ്രചാരണം. മാതൃഭൂമി പത്രം തന്നെ ഇക്കാര്യത്തിൽ നൽകിയ ഒരു വാർത്തയുണ്ട്. റവന്യൂ

വരുമാനത്തിൽ മദ്യത്തിന്റെ ഉപഭോഗത്തിന്റെ ഭാഗമായിട്ടുള്ള വരുമാനം കേരളത്തിൽ കഴിഞ്ഞ പത്ത് വർഷക്കാലമായി 4.8% കുറഞ്ഞിരിക്കുകയാണ്. ഇത് വ്യക്തമാക്കുന്നത് എന്താണ്? എല്ലാവരുടെയും പിന്തുണയോടെ സർക്കാർ സ്വീകരിച്ച വളരെ പോസിറ്റീവായ ചുവടുവയ്പ്പിന്റെ ഭാഗമാണിത്. 2012-13-ൽ 18.2 ശതമാനം വരുമാനമുണ്ടായിരുന്നത് 2023-24-ൽ 14.23 ശതമാനമായി കുറഞ്ഞു. നാല് ശതമാനത്തിന്റെ കുറവുണ്ടായി. കേരളത്തിൽ മദ്യശാലകളുടെ എണ്ണം 390 ആണ്. എന്നാൽ നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ 5329 എണ്ണവും കർണ്ണാടകയിൽ 3926 എണ്ണവുമാണ്. മദ്യശാലകളുടെ എണ്ണവും കേരളത്തിൽ വളരെ കുറവാണ്.  മദ്യത്തിന്റെ ആസക്തി കുറയ്ക്കുന്നതിൽ കേരളാ ഗവൺമെന്റ് പരാജയപ്പെടുന്നു എന്നുള്ളത് അർത്ഥശൂന്യമായ വാദമാണ്. ഇതിലെ പ്രശ്നമെന്താണ്? ഈ ആഗോള പ്രതിഭാസത്തിന്റെ ഭാഗമായി പുതിയ തലമുറയിൽ ഒരു depoliticize വരുന്നുണ്ട്. കേരളത്തിലെ അണുകുടുബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു അരാജക സ്വഭാവത്തിലൂടെയുള്ള ജീവിതക്രമത്തെക്കുറിച്ച് ഇവിടെ അവതാരകൻ ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെ സൂചിപ്പിക്കുകയാണ്ടായി. ഇത് വളരെ പ്രധാനപ്പെട്ട ഒരു

കാര്യമായാണ് നമ്മുടെ ഗവൺമെന്റ് കാണുന്നത്. നേരത്തെതന്നെ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന്റെ ഭാഗമായി വളരെ വിപുലമായ ഒരു പ്ലാൻ അവതരിപ്പിക്കുകയും നാമത് ശക്തമായി പ്രചരിപ്പിക്കുകയുമുണ്ടായി. നിയമത്തിന്റെ അഭാവമല്ല, സാമൂഹ്യ അവബോധത്തിന്റെ പ്രശ്നമാണിത്. കേരളത്തിൽ പുകവലിയുടെ വിഷയംതന്നെ പരിശോധിച്ചാൽ, പുകവലിക്കുക എന്നുപറഞ്ഞാൽ വലിയ നിലയിൽ ആളുകൾ അപമാനമായി കാണുന്ന നിലയിലേക്ക് പോയി. ആരും അതിന് സന്നദ്ധരാകുന്നില്ല. പുതിയ തലമുറയിൽ അതില്ല. കാരണമെന്താണ്? ആരോഗ്യപരമായ കാര്യങ്ങൾ മുൻനിർത്തി കേരളത്തിൽ നടത്തിയിട്ടുള്ള വിപുലമായ പ്രചാരണത്തിന്റെ ഭാഗമാണത്. സിഗരറ്റ് മാർക്കറ്റിൽ കിട്ടാത്തതുകൊണ്ടല്ല, പക്ഷെ പുകവലിക്കാൻ ഇന്ന് ആരും സന്നദ്ധരാകുന്നില്ല. മാർക്കറ്റിൽ കിട്ടുന്നതുകൊണ്ട് ഉപയോഗിക്കുന്നുവെന്ന് പറയുന്നത് തെറ്റായ പ്രചാരണമാണ്. ഒരു അവബോധമാണ് പ്രധാനമായും നമുക്ക് വേണ്ടത്. അത് ഏറ്റവും ശക്തമായിതന്നെ ഉണ്ടാക്കണം. ഇവിടെ നേരത്തെ ചർച്ചയുടെ ഭാഗമായി പറഞ്ഞു, ആധുനിക വെബ് സീരീസുകൾ wild crime പ്രോത്സാഹിപ്പിക്കുകയാണ്. ചുരുക്കം ചില സിനിമകളിലും സിന്തറ്റിക്ക്

ഡ്രഗ്സ് ഉപയോഗിച്ച് നടത്തുന്ന വലിയ കൊലപാതകങ്ങൾ കാണിക്കുന്നുണ്ട്. ഇത് പുതിയ തലമുറയെ പ്രത്യേകമായ രീതിയിൽ സ്വാധീനിക്കും. അടുത്ത കാലത്തുണ്ടായ നെന്മാറ ഇരട്ടക്കൊലക്കേസ് പ്രതി ചെന്താമര ഉൾപ്പെടെ നടത്തുന്നത് ക്രൂരമായ കൊലപാതകങ്ങളാണ്. അതൊരു പുതിയ പ്രവണതയായി മാറുകയാണ്. ഇത്തരം wild crimes നമ്മുടെ സമൂഹത്തിൽ ഒരു പ്രത്യേകമായ അവബോധമാണ് സൃഷ്ടിക്കുന്നത്. മാധ്യമങ്ങളെല്ലാം ഡ്രഗ്സിനെതിരെ ശക്തമായി രംഗത്ത് വരുന്നുണ്ടെങ്കിലും രാത്രിയിൽ 'ക്രൈം ഫയൽ' പോലുള്ള പേരുകളിൽ അവതരിപ്പിക്കുന്ന പ്രത്യേക സംപ്രേക്ഷണങ്ങൾ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള  പ്രേരണയാണ് സൃഷ്ടിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ വലിയൊരു അവബോധവും ഇടപെടലും സമൂഹത്തിൽ അനിവാര്യമായിക്കൊണ്ടിരിക്കുന്ന ഘട്ടമാണ് നമ്മുടെ മുന്നിലുള്ളത്. ഇവിടെ കേസുകൾ ശക്തമായി രജിസ്റ്റർ ചെയ്യുന്നുണ്ട്. ഞാൻ അതിന്റെ കണക്കുകൾ പരിശോധിച്ചപ്പോൾ അബ്കാരി കേസുകൾ - 69926, NDPS (Narcotic Drugs and Psychotropic Substances) കേസുകൾ - 24670,  COTPA (Cigarettes and Other Tobacco Products) കേസുകൾ -

289210 എന്നിങ്ങനെയാണുള്ളത്. കേരളത്തിൽ കേസുകൾ കൂടുന്നതിന് കാരണമെന്താണ്? കേരളത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസും ശക്തമായി ഇക്കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാടുകളുടെ ഭാഗമായാണ് ഇവിടെ കേസുകളുടെ എണ്ണത്തിൽ വലിയ നിലയിൽ വർധനയുണ്ടാകുന്നത്. സാമൂഹ്യ അവബോധം ശക്തമായ എല്ലാ തലത്തിലും നാം ജാഗ്രതയോടെ കൊണ്ടുവന്ന് ഒരു പൊതു അവബോധമാക്കി മാറണം. പ്രധാനമായും ഇത് യുവജനങ്ങളെയാണ് ലക്ഷ്യം വയ്ക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു സ്ഥിതി ഇവിടെ പറഞ്ഞു. രക്ഷാകർത്താക്കൾ, കുടുംബങ്ങൾ, പൊതുവിദ്യാലയങ്ങൾ തുടങ്ങി പൊതുവിൽ എല്ലാ മേഖലകളിലും ജാഗ്രതയോടുകൂടി ഇതിനെ കാണണം. കാരണമെന്തെന്നാൽ അണുകുടുംബമായി മാറിയതോടുകൂടി ഇന്ന് പഴയതുപോലെയല്ല കാര്യങ്ങൾ. അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്കും ഇന്ന് വീട്ടിൽ സ്വന്തമായി മുറിയും സംവിധാനങ്ങളുമുണ്ട്. അണുകുടുംബവും അതിവേഗതയിലുള്ള ജീവിത സംസ്കാരവും കാരണം രക്ഷാകർത്താക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിൽ പഴയതുപോലെയുള്ള രീതിയല്ല ഇപ്പോഴുള്ളത്. ഒരു സ്കൂളിലെ ടീച്ചർ എന്നോട് പറഞ്ഞത്, ഒരു കുട്ടിയെ

സംശയംതോന്നി പിടിച്ചു, അപ്പോൾ കുട്ടി കയ്യിലുണ്ടായിരുന്ന സാധനം കുട്ടിയുടെ വസ്ത്രത്തിനുള്ളിലേക്ക് ഇട്ടു. ടീച്ചറത് പിടിക്കാൻ നോക്കിയപ്പോൾ കുട്ടി ടീച്ചറോട് പറയുകയാണ് 'പോക്സോ ആക്റ്റ് പ്രകാരം പരാതി കൊടുക്കുമെന്ന്'. ഒരു വലിയ മാഫിയ പ്രവർത്തനം ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. പുതിയ തലമുറയെ വലിയ രീതിയിൽ ആകർഷിച്ച് അവരെ ഒരു അരാഷ്ട്രീയ, അരാജകത്വ സ്വഭാവത്തിലേക്ക് കൊണ്ടുപോകുകയാണ്. ഇത് കേരളത്തെ പൊതുവിൽ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. അതിനെ എല്ലാവരും യോജിച്ചുനിന്ന് സംഘടിതമായി നേരിടണം. ആഗോള പ്രതിഭാസത്തിന്റെ ഭാഗമായി രൂപപ്പെട്ടുവരുന്ന പുതിയ അന്തരീക്ഷമാണ്. വലിയ മാഫിയ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കാരണം നമ്മുടെ ഗവൺമെന്റ് പുലർത്തുന്ന സൂക്ഷ്മതയും ജാഗ്രതയും ശ്രദ്ധയുംകൊണ്ടാണ് കേരളത്തിൽ ഒരു പരിധിക്കപ്പുറത്തേയ്ക്ക് അപകടകരമായ സ്ഥിതിയിലേക്ക് കാര്യങ്ങൾ പോകാത്തത്. അപ്പോഴും അപകടകരമായ ചില പ്രവണതകൾ ചില പ്രത്യേക വിഭാഗങ്ങളിൽ ശക്തമായി

 രൂപപ്പെട്ടുവരുന്നുണ്ട് എന്ന കാര്യവും നാം ഗൗരവമായി കാണുകയും അതിനെ പ്രതിരോധിക്കാനാവശ്യമായ നിലയിലുള്ള വിപുലമായ യോജിച്ച ശക്തമായ ശ്രമം ഇതിന്റെ ഭാഗമായി കൊണ്ടുവരികയും ചെയ്യണം. അതിന് ആധുനിക സംവിധാനങ്ങളിലേക്ക് പ്രധാനമായും നാം പോകണം. ഏറ്റവും കൂടുതൽ സിന്തറ്റിക് ഡ്രഗ്സ് പിടിച്ചതായുള്ള വാർത്തകൾ വരുന്നത് കേരളത്തിലാണ്. എന്നാൽ അത് മറികടക്കാൻ കഴിയുന്ന നിലയിലേക്കുള്ള മാഫിയ സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടായിരിക്കാം. ആ അർത്ഥത്തിലേക്കുള്ള കാര്യങ്ങൾ പ്രധാനമായും ഇതിന്റെ ഭാഗമായി വരികയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, നിലവിൽ എല്ലാവരുടെയും സഹായത്തോടുകൂടി ഏറ്റവും ശക്തമായി ഇക്കാര്യത്തിൽ ഇടപെടുന്നുവെങ്കിലും, ആവശ്യമായ ആധുനികവൽക്കരണത്തോടുകൂടിയുള്ള ശക്തമായ ഇടപെടൽ അനിവാര്യമായി വന്നിരിക്കുകയാണ്. കാരണം, മാഫിയ എന്നുപറയുന്നത് വലിയ നിലയിൽ സ്വാധീനമുള്ള ഒരു സംവിധാനമായി മാറിയിരിക്കുന്നു. ഇവ നിരോധിക്കുന്ന വിഷയത്തിലേക്ക് വന്നാൽ..... ഇന്ത്യയിൽ ഗുജറാത്ത്, ബീഹാർ, മിസോറാം

എന്നിവ സിന്തറ്റിക്ക് ഡ്രഗ്സ് നിരോധനമുണ്ടായ സംസ്ഥാനങ്ങളാണ്. ഇവിടങ്ങളിൽ എന്താണ് സ്ഥിതി? ഗുജറാത്തിലൊക്കെ ഏത് ഘട്ടത്തിലും ഒരു ഫോൺ കോളിൽ ഡ്രഗ്സ് ലഭ്യമാണ്. അതിനാൽ നിരോധനംകൊണ്ട് ഇല്ലാതാക്കാൻ കഴിയില്ല എന്ന അനുഭവം ഇന്ത്യയിൽതന്നെയുണ്ട്. ലോകത്തെവിടെയും നിരോധനത്തിന്റെ ഭാഗമായി ആ പ്രദേശം രക്ഷപ്പെടുകയല്ല ചെയ്യുന്നത്. എഴുതാൻ ഉപയോഗിക്കുന്ന ബ്രഷിന്റെ മഷി അതുപോലെ വൈറ്റ്നർപോലും ലഹരിയായി ഉപയോഗിക്കുന്നുണ്ട്. കണ്ണൂർ എസ്.എൻ. കോളേജിൽ ഉണ്ടായിട്ടുള്ള അനുഭവമാണ്. നിരോധിച്ച സ്ഥലത്ത് ഭീകരമായ മറ്റ് വഴികളിലേക്ക് ലഹരി പോകുകയാണ്. നിരോധനമല്ല ഇതിനുള്ള പരിഹാരമാർഗം. നിരോധിച്ചതുകൊണ്ട് ഇന്ത്യയിൽ ഒരു സ്ഥലത്തും ഇത് ഇല്ലാതായിട്ടില്ല. സാമൂഹ്യ അവബോധമാണ് പ്രധാനം. ആയതിനാൽ ഇത് ചർച്ചയ്ക്കെടുത്ത ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും മതസംഘടനകളും യുവജന സംഘടനകളും യോജിച്ച് ഇന്നത്തെ കാലത്ത് വന്നിരിക്കുന്ന ഈ അപകടകരമായ പ്രവണതയെ പ്രതിരോധിക്കാനാവശ്യമായ വലിയൊരു

ഐക്യനിരയോടുകൂടിയ സാമൂഹിക അവബോധം ശക്തമായി സമൂഹത്തിലുണ്ടാക്കാൻ പുതിയ തലമുറയിൽ വിശേഷിച്ച് കായികമേഖലയിലുമെല്ലാമുള്ള അഭിരുചിയിലേക്ക് അവരുടെ ട്രൻഡിനെ മാറ്റി നാം ഒരുമിച്ച് നിന്നാൽ ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളോടൊപ്പം ഇത് വിജയിപ്പിക്കാൻ കഴിയുന്നതാണ്. ആ നിലയിലുള്ള ഒത്തൊരുമയോടുകൂടി സാമൂഹ്യ അവബോധമുണ്ടാക്കാൻ നമുക്ക് കൂട്ടായി പരിശ്രമിക്കണം എന്നുകൂടി അഭ്യർഥിച്ച് സഭാനടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള യുവത്വം ലഹരിയുടെ മയക്കത്തിലേയ്ക്ക് വഴുതി വീഴുകയാണ്. ഇന്നിവിടെ ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാപേരും ഇക്കാര്യത്തിൽ എവിടെ എത്തിയിരിക്കുന്നുവെന്നുള്ളതിന്റെ അപകടകരമായ കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. ലഹരിയുടെ കേന്ദ്രമായി കേരളം മാറിയിരിക്കുകയാണ്. അയൽസംസ്ഥാനങ്ങളിൽനിന്നുൾപ്പെടെ ഈ സംസ്ഥാനത്തേയ്ക്ക് ലഹരിമരുന്നുകളുടെ ഒഴുക്കാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ

എം.ഡി.എം.എ., എൽ.എസ്.ഡി. സ്റ്റാമ്പും കെമിക്കൽ സബ്സ്റ്റൻസുൾപ്പെടെയുള്ള അപകടകരമായ മെറ്റീരിയൽസാണ് കേരളത്തിലേയ്ക്ക് വരുന്നത്. പഴയ കഞ്ചാവിന്റെ കാലമൊക്കെ കടന്നുപോയി. ഇപ്പോൾ അതിനപ്പുറത്തേയ്ക്കാണ് കാര്യങ്ങൾ. കേരളത്തിൽ ഇപ്പോൾ കഞ്ചാവിന്റെ ഉപയോഗം കുറവാണെന്ന് ഇവിടെ സംസാരിക്കുകയുണ്ടായി. മറ്റ് കെമിക്കൽ സബ്സ്റ്റൻസ് കൂടിയതിനാലാണ് അത് കുറയാനുള്ള കാരണം. ഏറ്റവും അപകടകരമായ രീതിയിലേയ്ക്കാണ് സംസ്ഥാനം കടന്നുപോകുന്നത്. കെമിക്കൽ സബ്സ്റ്റൻസ് കഴിച്ച് അഡിക്ഷൻ വരുന്നവർ പിന്നെ ജീവിതത്തിലേയ്ക്ക് മടങ്ങിവരുന്നില്ല. ഒരു ഡീ അഡിക്ഷൻ സെന്ററിനുപോലും ഇതിനെ ഭേദമാക്കാൻ സാധിക്കുന്നില്ല. മരണത്തിലേയ്ക്കുള്ള യാത്രയാണ് തുടങ്ങുന്നത്. അത്രയും അപകടത്തിലാണ് സംസ്ഥാനം നിൽക്കുന്നത്. എന്താണ് കേരളത്തിന്റെ സ്ഥിതി; ഇതിന്റെ അവയലബിലിറ്റി എന്താണ്; സ്കൂൾ, കോളേജ്, ഹോസ്റ്റൽ, ബീച്ച്, പൊതുസ്ഥലം, ഹോട്ടൽ, വാക്ക് വേ, ഒഴിഞ്ഞുകിടക്കുന്ന പറമ്പ്, വീട്, കലിങ്ക്, വിദൂര ഗ്രാമം, പട്ടണം, നഗരം എന്നിങ്ങനെ എവിടെ നോക്കിയാലും ഇത് സുലഭമാണ്. എവിടെനിന്നാണ് ഇത്രയും വലിയ ഒഴുക്ക്;

ഒരുകാലത്തുമില്ലാത്ത തരത്തിലാണ് കേരളത്തിലേയ്ക്ക് വരുന്നത്. വളരെ കുറച്ച് ലഹരിപദാർത്ഥങ്ങൾ മാത്രമേ പിടിക്കപ്പെടുന്നുള്ളൂ. എവിടെയെങ്കിലും ചെക്ക് ചെയ്താൽ ചെറിയ അളവിൽ ഇത് ലഭിക്കും. എന്നാൽ വലിയതോതിൽ ചുരം കടന്നും അതിർത്തി കടന്നും ട്രെയിൻ മാർഗ്ഗവും ബസിലും കൊറിയർ വഴിയും എല്ലാ സംവിധാനങ്ങളുമുപയോഗിച്ച് ഈ മെറ്റീരിയൽസ് കേരളത്തിലേയ്ക്ക് ഒഴുകുകയാണ്. ഒരു സ്ഥലത്തും ഇതിനെ തടയാനും നിയന്ത്രിക്കാനും സാധിക്കുന്നില്ല. നമ്മുടെ നിയന്ത്രണത്തിനപ്പുറത്തേയ്ക്കുള്ള ക്വാണ്ടിറ്റിയാണ് ഇവിടേയ്ക്ക് വരുന്നത്. ഇത്തരം ലഹരിപദാർത്ഥങ്ങൾ പിടിക്കുന്നതും യഥാർത്ഥത്തിലുള്ള ക്വാണ്ടിറ്റിയും തമ്മിൽ ഒരു സാമ്യവുമില്ല. ഇവർ തമ്മിലുള്ള വഴക്കിന്റെ ഭാഗമായി ഒറ്റികൊടുക്കുന്നതുകൊണ്ടാണ് കുറച്ചൊക്കെ പിടിക്കാൻ സാധിക്കുന്നത്. അല്ലാതെ ഇവരെ പിടിക്കാൻ സാധിക്കില്ല. ഇവിടെയൊരു മാഫിയ ഉണ്ടെന്ന് എല്ലാവരും പറഞ്ഞു. ഇതൊരു അന്താരാഷ്ട്ര പ്രതിഭാസമാണെന്നുള്ള കൺക്ലൂഷനിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ചില കാര്യങ്ങളിൽനിന്ന് രക്ഷപെടുന്നതിനുവേണ്ടിയുള്ള ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷിന്റെ ഒരു കൗശലപൂർവമായ പ്രയോഗമാണ്. കേരളത്തിലെ

യുവത്വത്തെ വഴിതെറ്റിക്കുന്ന ഒരു മാഫിയ വർക്ക് ചെയ്യുന്നുണ്ടെങ്കിൽ ആ മാഫിയയെ പുറത്തുകൊണ്ടുവരേണ്ട ചുമതല ആർക്കാണ്; ആരാണ് ചെയ്യുന്നത്; എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? 2022-ൽ പ്രതിപക്ഷം ഈ വിഷയം വളരെ ഗൗരവത്തോടുകൂടി കൊണ്ടുവന്നു. അന്ന് മുഖ്യമന്ത്രിയടക്കമുള്ളവർ ഇടപെട്ടു, ഞങ്ങളെല്ലാംമറന്ന് എല്ലാകാര്യത്തിലും പൂർണ്ണമായ പിന്തുണ വാഗ്ദാനം ചെയ്തു. മുഖ്യമന്ത്രി അതിനെ അഭിനന്ദിച്ചു. നമുക്ക് ഒരുമിച്ച് തുടങ്ങാമെന്ന് പറഞ്ഞു. 2025-ൽ രണ്ടുവർഷമായി. എന്താണ് ഒരുമിച്ച് തുടങ്ങിയത്; എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? വിമുക്തിയോ? വാർഡിൽ ബോധവത്ക്കരണം നടക്കുന്നു, അവർ കുറെ ഫോട്ടോ എടുത്തു. അവരെക്കൊണ്ട് അതേ സാധിക്കുകയുള്ളൂ. അവർക്ക് എൻഫോഴ്സ്മെന്റ് സാധിക്കുന്നില്ല. ശ്രീ. അൻവർ സാദത്ത് വളരെ പ്രധാനപ്പെട്ട ഒരു പോയിന്റ് സൂചിപ്പിച്ചു. 'വിമുക്തി'-ക്ക് ഇത്രയും ടാർജറ്റൊക്കെ കൊടുത്തിട്ട് അവർ പലയിടങ്ങളിലും പോയി; കുറെ ഫോട്ടോ എടുത്തു, പഞ്ചായത്തിൽപ്പോയി അവരെയൊക്കെ ഇരുത്തി പടമെടുത്ത് ബാനറൊക്കെ വച്ചുകൊടുക്കുകയാണ്. ഇതിന്റെ ഇഫക്ട് എന്താണ്; എന്താണ് അതിന്റെ ഇംപാക്റ്റ്; അതുകൊണ്ട് എന്തെങ്കിലും കുറഞ്ഞോ

എന്നൊക്കെ നിങ്ങൾ റിവ്യൂ ചെയ്തിട്ടുണ്ടോ? പതിൻമടങ്ങ് വർധിച്ചില്ലേ? 2022-ൽ സഭ ഇത് ചർച്ച ചെയ്യുമ്പോഴുണ്ടാകുന്ന സിറ്റുവേഷനിൽനിന്ന് എത്ര മോശം സാഹചര്യത്തിലേയ്ക്കാണ് കേരളം പോയിരിക്കുന്നത്. എവിടെയാണ് എത്തിയിരിക്കുന്നത്; എവിടെ ചെന്നാലും പരാതിയല്ലേ? നൂറിലൊന്ന് കാര്യങ്ങൾ ഇപ്പോൾ പുറത്തുവരുന്നില്ല. പല മാതാപിതാക്കളും ഇത് ഒളിച്ചുവയ്ക്കും. കാരണം മക്കൾ ഇങ്ങനെ ചെയ്യുകയാണെന്ന് പുറത്തറിയില്ലേ? സ്കൂളിൽ അറിഞ്ഞാൽ സ്കൂൾ അധികാരികൾ, പി.റ്റി.എ. തുടങ്ങിയവർ ഇത് ഒതുക്കിവയ്ക്കാനുള്ള ശ്രമമാണ് നടത്തിവരുന്നത്. വലിയ രീതിയിൽ വയലൻസ് വർധിച്ചില്ലേ; അതുമാത്രമല്ല, അതിന്റെ സ്വഭാവംതന്നെ മാറിയില്ലേ? എത്ര ക്രൂരമായ കൊലപാതകങ്ങളും ആക്രമണങ്ങളുമാണ് നടക്കുന്നത്? സാധാരണഗതിയിൽ പെട്ടെന്നുള്ളൊരു പ്രൊവോക്കേഷന്റെ ഭാഗമായി നടക്കുന്ന ഒരു ക്രൈമാണോ ഇപ്പോൾ നടക്കുന്നത്, ക്രൈമിന്റെ സ്വഭാവം എന്താണ്? ഞാൻ ആ പോലീസുകാരന്റെ വീട്ടിൽപ്പോയി. നിലത്തുവീണ പോലീസുകാരനെ ചവിട്ടി, വാരിയെല്ലുമുഴുവൻ ഒടിഞ്ഞ് ലംഗ്സിൽ കയറി. മൂന്ന് പെൺകുട്ടികളാണ് ആ കുടുംബത്തിലുള്ളത്. പാവപ്പെട്ട കുടുംബമാണ്. എന്റെ

നിയോജകമണ്ഡലത്തിൽ ഒരു കാര്യവുമില്ലാതെ, ഒരു വീട്ടിൽ കയറി ആറിലും നാലിലും പഠിക്കുന്ന രണ്ടു കുഞ്ഞുങ്ങളുടെ മുമ്പിൽവച്ച് അച്ഛനെയും അമ്മയെയും ഗ്രാന്റ് പാരൻസിനെയും വെട്ടിക്കൊന്നത്. അച്ഛൻ സീരിയസായി കിടക്കുകയാണ്. ആ കുഞ്ഞ് എന്റെ നെഞ്ചത്തുചേർന്നുനിന്ന് കരഞ്ഞപ്പോൾ എന്ത് മറുപടിയാണ് പറയുക? എത്ര പ്രാവശ്യം പരാതി പറഞ്ഞാലും ഇവരെയൊക്കെ വിളിച്ച് ശാസിച്ച് വിടുകയാണ്. വീട്ടിൽക്കയറി കൊലപാതകം നടത്തുകയാണ്. എന്ത് മറുപടിയാണ് ആ കുഞ്ഞുങ്ങളോട് പറയാൻ സാധിക്കുന്നത്? നമ്മുടെ നിയന്ത്രണം വിട്ടുപോകുന്ന തലത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കാതെ ഉറക്കം നടിച്ചിട്ട് കാര്യമില്ല. വയലൻസ് വർധിക്കുകയാണ്. പുറത്തിറങ്ങി നടക്കാൻ ആളുകൾക്ക് പേടിയാണ്. എവിടെവച്ചും ഏതുനിരപരാധിയും കേരളത്തിൽ ആക്രമിക്കപ്പെടാമെന്നുള്ള സ്ഥിതിയിലേയ്ക്ക് ഡ്രഗ്സിന്റെ ഇഫക്ട് മാറുകയാണ്. ചെറിയ ക്ലാസിൽ പഠിക്കുന്ന കുഞ്ഞുങ്ങളെയുൾപ്പെടെ കാരിയേഴ്സാക്കുകയാണ്. ഒരു നെറ്റ്‍വർക്കിൽ അവരെ കൊണ്ടുവരികയാണ്. ഇത് വലിയൊരു പ്ലാനാണ്. ഇതിന് അഡിക്ടായിക്കഴിഞ്ഞാൽ പണമില്ലാത്തപ്പോൾ ഇതിന്റെ കാരിയറായി

മാറുകയാണ്. എന്തൊരു ദുരന്തമാണ് കേരളത്തിന്? ഒരു കാലത്തുമില്ലാത്ത തരത്തിൽ സംസ്ഥാനം പോകുകയാണ്. അതിന് വിമുക്തി, സെമിനാർ, ക്യാമ്പയിൻ എന്നിവ നടത്തുന്നുണ്ടെന്നുപറയുന്നതിൽ ഒരർത്ഥവുമില്ല. ബോധവൽക്കരണം വേണം. ആകെ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ കുറച്ച് സ്റ്റാഫും സൗകര്യങ്ങളും സംവിധാനങ്ങളും മാത്രമേയുള്ളൂ. എൻഫോഴ്സ്മെന്റാണ് ഏറ്റവും പ്രധാനം, എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുക. എവിടെയെല്ലാം നമുക്ക് ഇവരെ തടയാൻ സാധിക്കുമോ അവിടെയെല്ലാം തടയുക. നമ്മൾക്കൊരു ഇന്റലിജൻസുണ്ടോ; എക്സൈസിന് ഒരു വൃത്തിയായിട്ടുള്ള ഇന്റലിജൻസ് സംവിധാനമുണ്ടോ; ഒരു കേസ് പിടിച്ചാൽ അതിന്റെ സോഴ്സ് എവിടെയാണെന്ന് അന്വേഷിച്ചുപോകാനുള്ള ഒരു മെക്കാനിസമോ മെഷിനറിയോ ഇല്ല. നമുക്കെല്ലാം കിട്ടുന്ന വിവരങ്ങൾ ഈ സഭയിൽ പറയാൻ സാധിക്കുന്ന കാര്യമാണോ; തൊട്ടടുത്തിരിക്കുന്ന സഹപ്രവർത്തകനുമായി ഷെയർ ചെയ്യാൻപോലും സാധിക്കാത്ത വിവരങ്ങളാണ് ജനപ്രതിനിധികളായ എന്റെയും നിങ്ങളുടെയുമെല്ലാം മനസ്സിലുള്ളത്. ശരിയല്ലേ; നമ്മൾ കേട്ടിട്ടുള്ള കാര്യങ്ങൾ, നമുക്കറിയാവുന്ന

കാര്യങ്ങൾ പറയാൻ സാധിക്കുമോ; ഒരാളോട് ഷെയർ ചെയ്യാൻപോലും സാധിക്കാത്ത സംഭവങ്ങളാണ് കുടുംബങ്ങൾക്കകത്തും പുറത്തും നടക്കുന്നത്. എവിടെയും ആരും എപ്പോൾ വേണമെങ്കിലും ആക്രമിക്കപ്പെടാം. നമ്മുടെ കുഞ്ഞുങ്ങളെ കൊലയ്ക്ക് കൊടുക്കണോ; അതിനൊരു പ്രോഗ്രാം വേണ്ടേ? കഴിഞ്ഞ പ്രാവശ്യവും ഇതിനെക്കുറിച്ച് സൂചിപ്പിച്ചതാണ്. മൂന്നുകൊല്ലം മുമ്പാണ് എല്ലാവരുംകൂടി വലിയൊരു മൂവ്മെന്റ് വേണമെന്ന് പറഞ്ഞത്. മൂന്നുകൊല്ലത്തിനിടയിൽ എന്തുണ്ടായി; ഒരു വ്യത്യാസവും കണ്ടില്ല. കൺവെൻഷണലായി ചെയ്യുന്ന രീതിയ്ക്കപ്പുറത്തേയ്ക്ക് ഒന്നും ചെയ്യുന്നില്ല. എനിക്കത് പറയാതിരിക്കാൻ പറ്റില്ല; ഒന്നും ചെയ്യുന്നില്ല. കുഞ്ഞുങ്ങളെ അവരുടെ വിധിക്കുവിട്ടുകൊടുത്താൽ മതിയോ; അവരെ കൊലയ്ക്കുകൊടുത്താൽ മതിയോ? നിങ്ങൾ ഗൗരവമായി ചിന്തിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഉത്തരവാദിത്വബോധത്തോടുകൂടിയാണ് പ്രതിപക്ഷം ഇത് കൊണ്ടുവന്നത്. കേട്ടാൽ വിഷമിക്കുന്ന, ചങ്ക് തകർന്നുപോകുന്ന കാര്യങ്ങളാണ് കേരളത്തിൽ നടക്കുന്നത്. നമ്മുടെ കേരളത്തെ മയക്കുമരുന്ന് ലോബിക്കും മാഫിയ സംഘത്തിനും വിട്ടുകൊടുക്കാൻ സാധിക്കില്ല എന്നുള്ള

ഉറച്ച നിലപാടെടുത്തുകൊണ്ടുള്ള ഗൗരവതരമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നപ്പോൾ അതിന്റെയൊരു കക്ഷി രാഷ്ട്രീയ ഉള്ളടക്കത്തോട് യോജിക്കുന്നില്ലെങ്കിലും ഗൗരവമുള്ള സാമൂഹിക വിപത്ത് ഉയർത്തുന്നുണ്ടെന്നത് കണക്കിലെടുത്താണ് ചർച്ച ചെയ്യാൻ തയ്യാറാണെന്ന് സർക്കാരിനുവേണ്ടി അറിയിച്ചത്. ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ കാര്യ ഗൗരവത്തോടുകൂടിത്തന്നെയാണ് ഈ വിഷയം അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അവതരണത്തിൽ കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരമല്ല ഉണ്ടായിരുന്നത്, പ്രശ്നത്തിന്റെ ഗൗരവം തന്നെയാണ്. വളരെ ഹൃദയസ്പർശിയായി അനുഭവങ്ങളെ മുൻനിർത്തിക്കൊണ്ടുതന്നെ അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി. 2022-ലും നടപടികൾ നിർത്തിവയ്ക്കാനുള്ള ഇത്തരമൊരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത് ഞാൻ

ഓർമ്മിക്കുകയാണ്. അന്ന് ഞാൻ സ്പീക്കറായിരുന്നു. അന്നത്തെ ദിവസത്തിന്റെ പ്രത്യേകതകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് യഥാർത്ഥത്തിൽ ചർച്ച ചെയ്യേണ്ട വിഷയമാണ് എന്നുപറഞ്ഞ് പൊതുവെ ഈ സഭയാകെ ഒരുമിച്ചുനിൽക്കണമെന്നും അതിലൂടെ നാടിനെ ഈ വിപത്തിനെതിരായി ഒരുമിപ്പിച്ചു നിർത്തേണ്ടതിന്റെ പ്രാധാന്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്തുപറഞ്ഞത്. അന്ന് ചെയറിലിരുന്നുകൊണ്ട് ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിനെ അഭിനന്ദിച്ചു. ഇന്ന് മന്ത്രിയായിരുന്നുകൊണ്ടും അദ്ദേഹത്തിന്റെ അവതരണത്തെ ഈ വിഷയത്തിൽ അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ ഹൃദയസ്പർശിയായി അത് അവതരിപ്പിച്ചതിനെ അഭിനന്ദിക്കാൻ ഒരു മടിയുമില്ല. ഒരിക്കൽക്കൂടി ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. മറ്റംഗങ്ങൾ പലരും ഗൗരവമുള്ള പ്രശ്നങ്ങളിവിടെ ഉന്നയിക്കുകയുണ്ടായി. അവസാന ഭാഗത്ത് അൽപം രാഷ്ട്രീയം കയറിവന്നിട്ടുണ്ടെങ്കിലും, പ്രത്യേകിച്ച് പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ, സാധാരണ ഉണ്ടാകാറുള്ളതിന്റെയത്ര ഇല്ലെങ്കിലും രാഷ്ട്രീയമായുള്ള മുനകൾ

അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും, ഈ പ്രശ്നത്തിന്റെ ഗൗരവത്തിൽ നിന്നുകൊണ്ട് മറുപടി പറയാനാണ് ഞാനാഗ്രഹിക്കുന്നത്.

കേരളത്തിൽ മാത്രമാണ് ഈ പ്രശ്നം എന്ന് കാണുന്നത് ശരിയല്ല, കേരളത്തിൽ മാത്രമുള്ളൊരു പ്രശ്നമല്ലിത്. കേരളത്തിൽ മയക്കുമരുന്നിന്റെ വ്യാപനം ഉണ്ടാകുന്നുണ്ടെന്നത് മുൻകാലങ്ങളിലും ഇപ്പോഴും വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. എന്നാലിത് കേരളത്തിൽ മാത്രമുള്ളൊരു പ്രശ്നമാണെന്ന് പറഞ്ഞാൽ നമുക്കീ വിഷയത്തെ ശരിയായി അഭിസംബോധന ചെയ്യാൻ സാധിക്കില്ല. കേരളത്തിലേക്ക് മയക്കുമരുന്നെത്തുന്നത് പുറത്തുനിന്നാണ്. ഇന്ത്യയിലേക്കും പുറത്തുനിന്നു ഇവ വരുന്നുണ്ട്. ലോകമാകെയുള്ള പ്രശ്നമാണിത്. നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് ഇക്കാര്യം ചൂണ്ടിക്കാട്ടിയപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതിനെ ഖണ്ഡിക്കുകയുണ്ടായി. പക്ഷെ വസ്തുത നമ്മൾ കാണണം. United Nations Office on Drugs and Crime (UNODC) എന്നത് ആധികാരികതയുള്ളൊരു ഏജൻസിയാണ്. 2023-ലെ UNODC യുടെ ഏറ്റവും പുതിയ റിപ്പോർട്ടനുസരിച്ച് ലോകത്ത് മയക്കുമരുന്ന് ഉപയോഗിക്കുന്ന

ആളുകളുടെ എണ്ണം 2011- ൽ 24 കോടി ആയിരുന്നുവെങ്കിൽ 2021 ആയപ്പോൾ അതായത് ഒരു ദശകത്തിനിടയിൽ, 29.6 കോടിയായി ഉയർന്നു. ദയവ് ചെയ്ത് ഇത് ലോകത്ത് ആകെയുള്ളൊരു പ്രശ്നമായതിനാൽ ഇതിനെ നമ്മൾ ഗൗരവത്തിലെടുക്കേണ്ടയെന്ന് മന്ത്രി അഭിപ്രായപ്പെട്ടതായി വ്യാഖ്യാനക്കരുത്, ഞാനിതിന്റെ വസ്തുത ചൂണ്ടിക്കാണിക്കുകയാണ്. ഒരു ദശകം കൊണ്ട് ലോകമാകെ 56 മില്ല്യൺ ആളുകൾ കൂടി മയക്കുമരുന്ന് ഉപയോഗിക്കുന്നവരായി മാറിയെന്ന് UNODC യുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇതൊരു ആഗോള പ്രതിഭാസമായി മാറിയിരിക്കുന്നു. ഇന്ത്യയിലും ഈ കാലയളവിൽ ലഹരിയുടെ ഉപയോഗം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അതിന്റെ കണക്കുകളെ സംബന്ധിച്ച് പാർലമെന്റിൽ സമർപ്പിച്ച നിരവധി മറുപടികളിലുണ്ട് അവയുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. നേരത്തെതന്നെ ഈ സഭയിൽ ഉദ്ധരിച്ചിട്ടുള്ളതും ഇക്കാര്യത്തിൽ ഏറ്റവും ഒടുവിൽ നടന്നതുമായ പഠനറിപ്പോർട്ട് Magnitude of substance use in India - 2019 ആണ്. മയക്കുമരുന്നിന്റെ ഉപയോഗത്തിൽ ദേശീയ തലത്തിൽ കേരളം ഏറ്റവും പിന്നിലാണെന്ന് പ്രസ്തുത റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. നമുക്ക് ആശ്വസിക്കാമെന്നല്ല ഇപ്പറയുന്നതിന്റെ

അർത്ഥം. അങ്ങനെയാണെങ്കിൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകില്ലായിരുന്നു. വസ്തുതയെ വസ്തുതയായി നമ്മൾ കാണണം. നമ്മുടെ സംസ്ഥാനത്തും മയക്കുമരുന്നിന്റെ വ്യാപനം കൂടുന്നുണ്ട്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു പരാമർശം നടത്തിയതുപോലെ, കേരളം ലഹരിയുടെ കേന്ദ്രമായി മാറിയിട്ടില്ല, എന്നാലിതിന്റെ വ്യാപനം കൂടുന്നുണ്ട്. കേരളമല്ല ഏറ്റവും കൂടുതൽ ലഹരി ഉപഭോഗം നടക്കുന്ന സംസ്ഥാനം. ലോകത്താകെയും ഇന്ത്യയിലും ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നു. അതിനാനുപാതികമായിട്ടല്ലെങ്കിലും കേരളത്തിലും ലഹരിയുടെ ഉപയോഗം കൂടുന്നുണ്ടെന്നതാണ് വസ്തുത. ഇന്നലെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ (PIB) പുറത്തിറക്കിയ പത്രക്കുറിപ്പനുസരിച്ച് 2024- ൽ 25,000 കോടി രൂപയുടെ മയക്കുമരുന്ന് ഇന്ത്യയിൽ പിടികൂടിയിട്ടുണ്ട്. "more than ₹25,000 crore worth of drugs were seized in 2024 as part of the Zero Tolerance policy against drugs" - ഇന്നലെ PIB പുറത്തിറക്കിയ പ്രസ്തുത റിപ്പോർട്ടാണിത്. 2023 ൽ 16,100 കോടി രൂപയുടെ മയക്കുമരുന്നാണ് പിടികൂടിയത്. അതായത് ഒരു വർഷം കൊണ്ട് ഇന്ത്യയിലാകെ 55 ശതമാനം

അധികമാണ് മയക്കുമരുന്ന് പിടികൂടിയത്. പ്രസ്തുത 25,000 കോടി രൂപയിൽ കേരളത്തിൽ നിന്ന് പിടികൂടിയ മയക്കുമരുന്നിന്റെ മൂല്യം ആകെ 60 കോടി രൂപയാണ്. ഇത് ഗൗരവമായി കാണേണ്ട കാര്യമാണെങ്കിലും, കേരളം ഇതിന്റെ തലസ്ഥാനമായി എന്ന് ദയവുചെയ്ത് വ്യാഖ്യാനിക്കരുത്. വസ്തുതയെ വസ്തുതയായിതന്നെ ആവശ്യമായ ഗൗരവത്തോടെ കാണണം.

നമ്മൾ ഇക്കാര്യത്തിലൊരു ക്ഷുദ്രമായ തർക്കത്തിൽ ഏർപ്പെടേണ്ടവരല്ല. ഞാൻ പറഞ്ഞതെല്ലാം വസ്തുതയാണ്. ശ്രീ. എ. പി. അനിൽ കുമാർ ഈ ചർച്ച നടക്കുമ്പോഴൊന്നും ഇവിടെ ഉണ്ടായിരുന്നില്ല.......അങ്ങ് ഉണ്ടായിരുന്നില്ല.....ഞങ്ങൾ ഇവിടെയിരുന്ന് എണ്ണി....എത്ര...അല്ല....ഇരിക്കൂ......(ബഹളം).........ഞാൻ തർക്കത്തിനില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്... അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.

<u>ശ്രീ. എം. ബി. രാജേഷ്:</u> സർ, അങ്ങ് ഇതിനെല്ലാം സാക്ഷിയാണല്ലോ, ഞാൻ ഇവിടെ വസ്തുതാപരമായി വളരെ മിതമായിട്ടെ കാര്യങ്ങൾ പറഞ്ഞിട്ടുള്ളൂ. കേന്ദ്രം ലഹരിയുടെ കേന്ദ്രമായി എന്നുപറഞ്ഞത് ശരിയല്ലെന്നെ പറഞ്ഞുള്ളൂ. ലഹരിയുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടെന്ന് പറഞ്ഞാലത് ശരിയാണ്.

ലഹരിയുടെ കേന്ദ്രമായെന്ന് പറയുന്നത് ശരിയല്ല ......... (ബഹളം).... അങ്ങ് ഏറ്റുമുട്ടാനുറച്ചാണെങ്കിൽ തൽക്കാലം ഞാനതിനില്ല. അതിനു വേറെ അവസരം നമുക്ക് ഉപയോഗിക്കാം. ഈ വിഷയത്തിൽ ഏറ്റുമുട്ടാനില്ലെന്ന് വ്യക്തമാക്കുകയാണ്. പക്ഷെ വസ്തുതകൾ പറയേണ്ടിവരും. നിങ്ങളുടെ ഭാഗത്ത് നിന്ന് തന്നെ പലരും സംസാരിച്ചത് വളരെ കാര്യഗൗരവത്തോടെയാണ്. ഇപ്പുറത്തുനിന്നും അങ്ങനെയാണ് സംസാരിച്ചത്. ആ സ്പിരിറ്റാണ് നമുക്ക് നിലനിർത്തേണ്ടത്. പക്ഷെ സർക്കാരിന്റെ ഭാഗത്തിനിന്ന് വസ്തുതകളും കണക്കും പറയേണ്ടിവരും.

ഇവിടെ വന്ന ഒരു വിമർശനം എൻഫോഴ്സ്മെന്റിനെക്കുറിച്ചാണ്. അതിനെക്കുറിച്ച് പറഞ്ഞശേഷം ക്യാംപെയിനിൽ എന്തു ചെയ്തു എന്ന കാര്യത്തിലേക്കും വരാം. ഒരു എൻഫോഴ്സ്മെന്റും നടക്കുന്നില്ലായെന്ന വിമർശനം ഇവിടെയുണ്ടായി. അത് നിർഭാഗ്യകരമാണ്. അങ്ങനെയല്ല വസ്തുത. സ്കൂൾ പരിസരങ്ങളിലെ പരിശോധന 2023-ൽ 10761 ആണ്. 2024- ൽ 32846 പരിശോധനകളാണ് നടത്തിയത്. ഒരു വർഷത്തിനിടയിൽ മൂന്നിരട്ടിയായി പരിശോധന വർദ്ധിച്ചു. അതിനുപുറമേ, കേസുകളെ സംബന്ധിച്ച് സർക്കാർ

പാർലമെന്റിൽ നൽകിയ ആധികാരികമായ മറുപടിയുണ്ട്. കേരളത്തിൽ നിന്ന് പിടികൂടിയ മയക്കുമരുന്നിന്റെ മൂല്യം വളരെ കുറവാണ്. പക്ഷെ കേസുകളുടെയും അറസ്റ്റ് ചെയ്യപ്പെട്ട ആളുകളുടെ എണ്ണവും വളരെ കൂടുതലാണ്. പാർലമെന്റിൽ കഴിഞ്ഞ ഫെബ്രുവരി 5-ാം തീയതി കൊടുത്ത മറുപടിയാണിത്. 24517 പേരെ 2024-ൽ കേരളത്തിൽ അറസ്റ്റ് ചെയ്തു. ഇന്ത്യയുടെ ഡ്രഗ് ക്യാപിറ്റൽ എന്നറിയപ്പെടുന്ന സംസ്ഥാനമാണ് പഞ്ചാബെന്ന് നമുക്കെല്ലാവർക്കും അറിയാം. അവിടെ അറസ്റ്റ് ചെയ്തത് വെറും 9734 പേരെ മാത്രമാണ്. അതായത് കേരളത്തിൽ അറസ്റ്റ് ചെയ്തതിന്റെ മൂന്നിലൊന്ന് മാത്രമേ പഞ്ചാബിൽ അറസ്റ്റ് ചെയ്തിട്ടുള്ളു. നമ്മുടെ എൻഫോഴ്സ്മെന്റ് എത്രമാത്രം ശക്തമാണെന്നാണിത് കാണിക്കുന്നത്. കൂടുതൽ ശക്തിപ്പെടുത്തണമെന്ന വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. അതിനായാണ് ശ്രമിക്കുന്നത്. പക്ഷെ ഒന്നും നടക്കുന്നില്ലായെന്ന് വിമർശിക്കുമ്പോൾ ഞാൻ ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നുവന്നേയുള്ളു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകളെ അറസ്റ്റ് ചെയ്തത് നമ്മളാണ്. എന്നാൽ നേരത്തെ സൂചിപ്പിച്ച Magnitude of Substance use in India, 2019, റിപ്പോർട്ടനുസരിച്ച് ഏറ്റവും കുറഞ്ഞ

മയക്കുമരുന്നുപയോഗമുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. എന്നാൽ ഏറ്റവും കൂടുതൽ ആളുകളെ അറസ്റ്റ് ചെയ്യുന്നത് കേരളത്തിലാണ്. പഞ്ചാബിൽ ഇതിന്റെ മൂന്നിലൊന്ന് മാത്രമേ അറസ്റ്റ് ചെയ്തിട്ടുള്ളൂ. വസ്തുത ചൂണ്ടിക്കാണിക്കുന്നുവെന്നേയുള്ളൂ. തർക്കത്തിനായി പറയുന്നതല്ല. എൻഫോഴ്സ്മെന്റിന്റെ മികവിനെ സംബന്ധിച്ച് വേറെ ഒരു ഉദാഹരണം പറയാം. വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് കൺവിക്ഷൻ റേറ്റ്. ഇതും പാർലമെന്റിലെ മറുപടിയാണ്. രാജ്യസഭ-2022 ഡിസംബർ 14 ലെ മറുപടിയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൺവിക്ഷൻ റേറ്റുള്ള സംസ്ഥാനം കേരളമാണ്. 98.9 ആണ് കേരളത്തിലെ കൺവിക്ഷൻ റേറ്റ്. എൻഫോഴ്സ്മെന്റ് ദുർബലമാണെങ്കിൽ ഇത് സാധ്യമാകുമോ? ഏറ്റവും കൂടതൽ ആളുകളെ അറസ്റ്റ് ചെയ്യുന്നതും ഏറ്റവും കൂടുതൽ കൺവിക്ഷൻ റേറ്റ് ഉള്ളതും കേരളത്തിലാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൺവിക്ഷൻ റേറ്റുള്ളത് കേരളത്തിലാണ്. ഇരുപത്തിനാലായിരത്തിലധികം പേരെ അറസ്റ്റ് ചെയ്യുമ്പോൾ ഇവിടത്തെ കൺവിക്ഷൻ റേറ്റ് 98.9 ശതമാനമാണ്. ദേശീയ ശരാശരി 78 ശതമാനം മാത്രമാണ്. ദേശീയ ശരാശരിയെക്കാൾ ഇരുപത് ശതമാനം കൂടുതലാണ്

കേരളത്തിലെ കൺവിക്ഷൻ റേറ്റെന്ന് കാണാൻ സാധിക്കും. അയൽ സംസ്ഥാനങ്ങളിലെ കൺവിക്ഷൻ റേറ്റ് നോക്കിയാൽ കേരളത്തിന്റെ അടുത്തെങ്ങുമില്ല. തെലുങ്കാനയിൽ 25.6 ശതമാനവും ആന്ധ്രാപ്രദേശിൽ 25.4 ശതമാനവുമാണ് കൺവിക്ഷൻ റേറ്റ്. ഭേദപ്പെട്ട കൺവിക്ഷൻ റേറ്റുള്ളത് തമിഴ്നാട്ടിലാണ്; അത് 82.9 ശതമാനമാണ്. അപ്പോൾ എങ്ങനെയാണ് ഇവിടെ ഒന്നും നടക്കുന്നില്ലെന്ന നിഗമനത്തിൽ എത്താൻ കഴിയുന്നത്. എൻഫോഴ്സ്മെന്റിന്റെ മികവാണ് കൺവിക്ഷന്റെ കാര്യത്തിലും കാണുന്നത്. നമുക്ക് അന്വേഷണം പിന്തുടർന്ന് പോകാൻ കഴിയുന്നില്ലെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞു. നമ്മുടെ ടെലിവിഷൻ ചാനലുകളെല്ലാം വളരെ പ്രാധാന്യത്തോടെ സംപ്രേഷണം ചെയ്തൊരു അറസ്റ്റായിരുന്നു മൂർഖൻ ഷാജി എന്ന കൊടും കുറ്റവാളിയുടേത് (മയക്കുമരുന്ന്). ബഹുമാനപ്പെട്ട ഹൈക്കോടതി ജാമ്യം അനുവദിച്ച കേസിൽ ബഹു. സുപ്രീംകോടതി മുമ്പാകെപ്പോയാണ് നമ്മൾ ജാമ്യം റദ്ദാക്കിയത്. എക്സൈസ് വകുപ്പ് തമിഴ്നാട്ടിൽ പോയി അതിസാഹസികമായാണ് മൂർഖൻ ഷാജിയെ അറസ്റ്റുചെയ്തത്. തമിഴ്നാട്ടിൽ പോയി പിടികൂടി അറസ്റ്റ് ചെയ്യുന്നതിന്റെ ദൃശ്യങ്ങൾ നമ്മൾ എല്ലാവരും

കണ്ടിട്ടുണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഡൽഹിയിൽപ്പോയാണ് വേറൊരു പ്രതിയെ പിടിച്ചത്. ആൻഡമാൻ നിക്കോബാറിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ മയക്കുമരുന്ന് വേട്ട നടത്തിയത് കേരള എക്സൈസ് മഞ്ചേരിയിൽ നിന്ന് അറസ്റ്റുചെയ്ത പ്രതികളിൽ നിന്നുകിട്ടിയ ലീഡ് ഉപയോഗിച്ചുകൊണ്ടാണ്. അപ്പോൾ ഇതിന്റെ ഉറവിടം ആൻഡമാൻ നിക്കോബാർ ആണെന്ന് കണ്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉറവിടത്തിൽ പോകാൻ പറ്റുന്നുണ്ടോയെന്ന് ചോദിച്ചതുകൊണ്ടാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. കേരള എക്സൈസിന് അതിന്റെ പരിധിയിൽനിന്നുകൊണ്ടാണ് പ്രവർത്തിക്കാൻ കഴിയുന്നത്. എന്നാലും ഉറവിടത്തിൽപ്പോയി പിടിച്ച കേസ്സുകളുടെ ചില അനുഭവങ്ങളാണ് പറഞ്ഞത്. 100 കോടി രൂപയുടെ രാസലഹരിയാണ് ആൻഡമാൻ നിക്കോബാറിലെ ബങ്കറിൽ സൂക്ഷിച്ചിരുന്നത് കണ്ടെത്തിയത്. അത് ബങ്കറിൽ വച്ചുതന്നെ ആൻഡമാൻ നിക്കോബാറിലെ ഏജൻസിയുടെ സഹായത്തോടുകൂടി നശിപ്പിക്കുകയാണ് ചെയ്തത്. ആൻഡമാൻ നിക്കോബാർ ഒരു പ്രധാന ഹബ്ബായി മാറി എന്ന വിവരം കേരള എക്സൈസാണ് നൽകിയത്. അതിനുശേഷം അവിടെ നിന്നും കളക്ടർ എന്നെ കാണാൻ ഇവിടെ വന്നിരുന്നു.

കേരളാ എക്സൈസ് ഇവിടെ നിന്നും ആൻഡമാനിൽ പോയത് അവർക്കുതന്നെ എത്രത്തോളം പ്രയോജനകരമായി എന്ന് പറയുന്നതിനായി മലയാളിയായ കളക്ടർ എന്നെ കാണാൻ വരികയുണ്ടായി. അപ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം നടക്കുന്നുണ്ട്. ഹൈദരാബാദിലെ ഒരു കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു; ഒരു ശതകോടീശ്വരനെയാണ് ഹൈദരാബാദിൽനിന്നും അറസ്റ്റ് ചെയ്തത്. കേരളത്തിലെ തൃശ്ശൂർ സിറ്റി പോലീസ് അറസ്റ്റ് ചെയ്ത പ്രതിയിൽനിന്ന് കിട്ടിയ തുമ്പ് വച്ച് അന്വേഷിച്ച് ചെന്നത് ഹൈദരാബാദിലാണ്. കേരളാ പോലീസ് എം.ഡി.എം.എ. പിടികൂടിയ കേസ്സിന്റെ അന്വേഷണത്തിന് ഒടുവിലാണ് സിന്തറ്റിക് മയക്കുമരുന്ന് നിർമ്മാണശാല കണ്ടെത്തിയത്. ഹൈദരാബാദിലെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വലിയൊരു മയക്കുമരുന്നുശാല പ്രവർത്തിച്ചിരുന്നു. അവിടെ നിന്നാണ് വലിയതോതിൽ ഇത് ഉൽപ്പാദിപ്പിച്ച് എത്തിച്ചുകൊണ്ടിരിക്കുന്നത്. അറസ്റ്റ് ചെയ്തയാളുടെ പേര് വെങ്കിട നരസിംഹരാജു. വെങ്കിട നരസിംഹരാജു ഒരു ബില്യണറാണ്; ഒരു പ്രമുഖ സിനിമാ നിർമ്മാതാവുമാണ്. കേരള പോലീസാണ് അവിടെ നിന്നെല്ലാം

അറസ്റ്റ് ചെയ്തത്. അപ്പോൾ നമുക്ക് അവിടെ പോകാൻ കഴിഞ്ഞു. ഇങ്ങനെയുള്ള പല സ്ഥലങ്ങളിലും അന്വേഷിച്ച് എത്താൻ കഴിഞ്ഞിട്ടുണ്ട്. പല വമ്പൻ സ്രാവുകളെയും കുടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. എൻഫോഴ്സ്മെന്റ് വളരെ ദുർബലമാണെന്ന് പറഞ്ഞാൽ അത് ഒട്ടും ശരിയല്ല, നേരെ തിരിച്ചാണ്. വേറൊരു ഉദാഹരണം പറയാം. കൺവിക്ഷൻ റേറ്റിന്റെ കാര്യം നമ്മൾ പറഞ്ഞു. റേറ്റ് മാത്രമല്ലല്ലോ. ഇപ്പോൾ നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ കൊച്ചിയിൽ നിന്ന് അറസ്റ്റ് ചെയ്തത് അങ്ങേക്കുമറിയാമായിരിക്കും. വലിയൊരു seizure ആയിരുന്നു ഉണ്ടായിരുന്നത്. 15000 കോടി രൂപയുടെ രണ്ടായിരത്തി അഞ്ഞൂറ്റിചില്വാനം ഗ്രാം ഡ്രഗ്സ് സീസ് ചെയ്തത് വലിയ വാർത്തയായിരുന്നു. രണ്ട് മാസം മുമ്പ് നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ അറസ്റ്റ് ചെയ്ത 15000 കോടി രൂപയുടെ മയക്കുമരുന്ന് കേസ്സിലെ പ്രതിയായ ഇറാനിയൻ സ്വദേശിയെ വെറുതെ വിട്ടു. Times of India റിപ്പോർട്ട് ചെയ്ത വാർത്ത എന്റെ മുന്നിലുണ്ട്. ‘ Proof insufficient, Iranian acquitted in 15kcr drug-seizure case’ എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. കൊച്ചിയിൽ നിന്ന് അവർ പിടികൂടിയതാണ്.

തെളിവില്ലാതെ വെറുതെ വിട്ടു; ചില്ലറ പ്രതിയല്ല. 15000 കോടി രൂപയുടേതാണ്. ആ അളവിലാണ് മയക്കുമരുന്ന് ഇന്ത്യയിലേക്ക് വരുന്നതെന്ന് നമ്മൾ കാണണം. കേരളത്തിനാണ് ഇന്ത്യയിൽ ഏറ്റവും ഉയർന്ന കൺവിക്ഷൻ റേറ്റുള്ളത്. അപ്പോഴാണ് ശതകോടീശ്വരനായ ഹൈദരാബാദിലെ മയക്കുമരുന്ന് വ്യവസായിയെയും മയക്കുമരുന്ന് കൊമേഴ്സ്യലായി ഉൽപ്പാദിപ്പിക്കുന്നയാളെയും അയാളുടെ കൂട്ടാളികളെയും അവിടെച്ചെന്ന് നമുക്ക് അറസ്റ്റ് ചെയ്യാൻ കഴിയുന്നത്. ഈ വസ്തുത കൂടി നമ്മൾ കാണണം. എക്സൈസിനെ ശാക്തീകരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും അതിനോട് യോജിപ്പാണുള്ളത്. എക്സൈസിനെ ശാക്തീകരിക്കണം; അതിലേയ്ക്കായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. പുതിയ 66 മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ എക്സൈസിന് ലഭ്യമാക്കുകയുണ്ടായി. ചെക്ക് പോസ്റ്റ് ആധുനികവൽക്കരിക്കുന്നതിന് സി.സി.ടി.വി. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എല്ലാ ചെക്ക് പോസ്റ്റുകളിലും ഏർപ്പെടുത്തി. സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. സൈബർ

സെല്ലിനെ നവീകരിക്കാൻ സി.ഡി.ആർ. (Call Detail Record) അനലൈസറുകൾ എല്ലാ ഡിവിഷനുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ ഫോറൻസിക് സോഫ്റ്റ്‌വെയർ ലഭ്യമാക്കിയിട്ടുണ്ട്. ഐ.ടി. സെല്ലിന് MacBook, iMac കമ്പ്യൂട്ടറുകൾ, ട്രെയിനിംഗ് എന്നിവയെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്; ആയുധങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എക്സൈസിനെ ശാക്തീകരിക്കാൻ വേണ്ടി ഇപ്പോൾ ഇത്രയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും ശാക്തീകരിക്കണമെന്ന് ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ അംഗങ്ങൾ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. കാരണം എൻഫോഴ്സ്‌മെന്റ് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഈ നടപടികളൊക്കെ നമ്മൾ സ്വീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ വളരെ സംഘടിതമായ drug trafficking ചെയിനിന്റെ റൂട്ടുണ്ട്. അത് വളരെ താഴത്തെ തലത്തിൽ പ്രവർത്തിക്കുകയാണ്. ഈ ചെയിൻ ബ്രേക്ക് ചെയ്യാൻ കഴിയാത്തിടത്തോളം കാലം ഇതിന്റെ സപ്ലൈ രംഗം വളരെ വിശാലമായി പോകും. നമ്മൾ എൻഡ്

പോയിന്റിൽ നിൽക്കുന്ന ആളുകളെ പിടിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. അത് കൊള്ളാം; അതിൽ കുഴപ്പമില്ല. പക്ഷേ, ഇത് സപ്ലൈ ചെയ്യുന്ന മേൽത്തട്ട് മുതൽ താഴെവരെയുള്ള വലിയ റൂട്ടുണ്ട്. സ്വാഭാവികമായും തർക്കം വരുമ്പോൾ പറയുന്നത് നമ്മുടെ സംസ്ഥാനത്തിന് പുറത്തുനിന്നാണ് എന്നൊക്കെയാണ്. ആയിക്കോട്ടെ. പക്ഷേ നമ്മുടെ സംസ്ഥാനത്ത് വരുന്ന ഈ റൂട്ട് പൊളിക്കുന്നതിനുവേണ്ടി നടപടി എടുക്കുന്നില്ലെങ്കിൽ താൽക്കാലികമായി നമ്മൾ എന്ത് നടപടിയെടുത്താലും ശരി, അത് ശാശ്വതാമയി നിലനിൽക്കാതെ പോകും. അതിന് സ്ട്രോങ്ങ് ആയിട്ടുള്ള നടപടി ഗവൺമെന്റ് എടുക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ചെയർ അറിയാതെ ഈൽഡ് ചെയ്താൽ ഇനി മൈക്ക് കിട്ടില്ല.

ശ്രീ. എം. ബി. രാജേഷ്: സർ, ഇനി അങ്ങയുടെ അനുവാദത്തോടു കൂടി മാത്രമെ ഈൽഡ് ചെയ്യുകയുള്ളൂ.

മി. സ്പീക്കർ: ഇത് എല്ലാ അംഗങ്ങൾക്കുമുള്ള പൊതുനിർദ്ദേശമാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ഇത് പൊതുതാൽപ്പര്യമുള്ള വിഷയമെന്ന നിലയിലാണ് അദ്ദേഹത്തെപ്പോലൊരു മുതിർന്ന നേതാവ്/അംഗം

എഴുന്നേറ്റപ്പോൾ ഞാൻ ഈൽഡ് ചെയ്തത്. അങ്ങ് ക്ഷമിക്കണം. ഇനി അങ്ങയുടെ അനുവാദത്തോടുകൂടിയെ ഈൽഡ് ചെയ്യുകയുള്ളൂ.

മി. സ്പീക്കർ: ക്ഷമയുടെ പ്രശ്നമില്ല. പൊതുവിൽ എല്ലാവരും പാലിച്ചാൽ മതി.

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. അങ്ങിവിടെ വരുന്നതിന് തൊട്ടുമുമ്പ് ഞാൻ പറഞ്ഞത് അങ്ങനെ ഇതിന്റെ ഉറവിടം തേടിപ്പോയി പിടിച്ച ചില കേസ്സുകാണ്. അതിലൊന്നാണ് ഹൈദരാബാദിലെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വലിയൊരു മയക്കുമരുന്ന് നിർമ്മാണശാല സ്ഥാപിച്ച് മയക്കുമരുന്ന് ഉൽപ്പാദനം നടത്തി കേരളത്തിലേക്കും വിദേശത്തേക്കുംവരെ കയറ്റുമതി ചെയ്ത് എത്തിച്ചുകൊണ്ടിരുന്ന വെങ്കിട നരസിംഹരാജു എന്ന ശതകോടീശ്വരനും സിനിമാ നിർമ്മാതാവുമായ വ്യക്തിയെ അറസ്റ്റ് ചെയ്തത് തൃശ്ശൂർ സിറ്റി പോലീസിന്റെ അന്വേഷണത്തിലാണ്. ആൻഡമാൻ നിക്കോബാറിൽ കേരളാ എക്സൈസ് അന്വേഷിച്ച് പോയി 100 കോടിയുടെ രാസലഹരി ബങ്കറിൽ സൂക്ഷിച്ചത് കണ്ടെത്തി. നമ്മൾ അറസ്റ്റ്

ചെയ്ത പ്രതിയിൽ നിന്നാണ് ആ വിവരം കിട്ടിയത്. എക്സൈസ് സംഘം അവിടെപ്പോയി അത് നശിപ്പിച്ചു. ഡൽഹിയിൽപ്പോയി ഒരു പ്രതിയെ അറസ്റ്റ് ചെയ്തതിനെക്കുറിച്ചും മുർഖൻ ഷാജിയെ അറസ്റ്റ് ചെയ്തതിനെക്കുറിച്ചും ഞാൻ നേരത്തേ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. സംസ്ഥാന എക്സൈസിന്റെ അധികാരപരിധിക്കകത്ത് നിന്നുകൊണ്ട് നമ്മൾ അറസ്റ്റ് ചെയ്യുന്ന പ്രതികളിൽനിന്ന് കിട്ടുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഉറവിടം വരെ എത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞ കാര്യത്തെ ഞാൻ ഗൗരവത്തോടെ കാണുകയും ചെയ്യാം. നമ്മുടെ പരിമിതിക്കകത്തുനിന്നുകൊണ്ട് നമ്മൾ പ്രവർത്തിക്കുന്നതാണ്. എൻഫോഴ്സ്മെന്റിന്റെയും ആധുനികവൽക്കരണത്തിന്റെയും കാമ്പയിനിന്റെ കാര്യങ്ങൾ ഇവിടെ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച ലഹരിവിരുദ്ധ കാമ്പയിൻ നമ്മളെല്ലാവരും ഒറ്റക്കെട്ടായി അംഗീകരിച്ച് ഏറ്റെടുത്തതാണ്. ആ കാമ്പയിൻ നല്ല നിലയിലല്ലേ നടന്നത്. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ അടിയന്തരപ്രമേയ നോട്ടീസിന് മറുപടിപഞ്ഞുകൊണ്ട് മുഖ്യമന്ത്രി പ്രഖ്യാപിച്ച കാമ്പയിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. 2022

ഒക്ടോബർ 6 മുതൽ 2022 നവംബർ 1 വരെ ഒന്നാം ഘട്ടം, നവംബർ 14 ശിശുദിനം മുതൽ 2023 ജനുവരി 26-വരെ രണ്ടാംഘട്ടം, 2023 ജനുവരി 26 മുതൽ 2024 ജനുവരി 30 ഗാന്ധി രക്തസാക്ഷി ദിനംവരെ മൂന്നാംഘട്ടം, ഇപ്പോൾ അതിന്റെ നാലാംഘട്ടം നടന്നുകൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായ/കൺവെൻഷണലായ രീതിയിൽ മാത്രമല്ല കാമ്പയിൻ നടന്നത്. അതിനപ്പുറമുള്ള വലിയ ഇടപെടലുകളാണ് നടന്നത്. ഏകദേശം രണ്ട് കോടി വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരും അണിനിരന്ന മനുഷ്യചങ്ങല സംഘടിപ്പിച്ചു. അതിൽ നിങ്ങളെല്ലാവരും പങ്കെടുത്തിട്ടുണ്ടാവുമെന്നാണ് ഞാൻ വിചാരിക്കുന്നത്. അതിന്റെ തർക്കത്തിലേക്ക് ഞാൻ പോകുന്നില്ല. ജനങ്ങളെ അങ്ങനെയല്ലേ മൊബിലൈസ് ചെയ്യുന്നത്; എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. ലഹരിക്കെതിരെ ജനങ്ങളെ എങ്ങനെയാണ് അണിനിരത്തിയെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ബോധവൽക്കരണത്തിന്റെ കാര്യം ഇപ്പോൾ ഇവിടെ പറഞ്ഞു. ആ കാമ്പയിന്റെ ഭാഗമായി 9337 ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് മാത്രം

നടത്തിയിട്ടുണ്ട്. ലോകകപ്പ് ഫുട്ബോൾ മത്സരം വന്ന സമയത്താണ് നമ്മൾ 'ലഹരിക്കെതിരെ ഫുട്ബോൾ ലഹരി' എന്ന മുദ്രാവാക്യം ഉയർത്തിയത്. എല്ലാ അവസരത്തെയും നമ്മൾ ഉപയോഗിക്കുകയാണ് ചെയ്തത്. ചെറുപ്പക്കാരെ ആകർഷിക്കാൻ കഴിയുന്ന ഒന്നാണ് ഫുട്ബോൾ. സ്പോർട്സിന്റെ കാര്യം ഇവിടെ പ്രമേയ അവതാരകൻ മുതൽ എല്ലാവരും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രണ്ട് കോടി ഒരു ലക്ഷത്തി നാൽപ്പതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ് ഗോൾ അടിക്കുന്ന കാമ്പയിനാണ്. അതിനർത്ഥം അത്രത്തോളം ആളുകൾ അതിൽ പങ്കെടുത്തുവെന്നാണ്. രണ്ട് കോടി ആളുകൾ അതിൽ പങ്കെടുക്കുകയും ഈ മെസേജ് അത്രയും ആളുകളിലേക്ക് എത്തിക്കാൻ ശ്രമിച്ചുവെന്നാണ് പറഞ്ഞതിന്റെ അർത്ഥം. ഈ കാമ്പയിൻ കഴിഞ്ഞപ്പോഴാണ് പഞ്ചാബ്, ബീഹാർ, മേഘാലയ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള ഡെലിഗേഷൻ നമ്മൾ ജനകീയമായി നടത്തുന്ന കാമ്പയിനെകുറിച്ച് പഠിക്കാൻ ഇങ്ങോട്ട് വന്നത്. നമ്മൾ അതിനെ ഇകഴ്ത്താൻ പാടില്ല. മറ്റ് സംസ്ഥാനങ്ങൾ അതിൽനിന്ന് പാഠം ഉൾക്കൊള്ളാനാണ് ശ്രമിക്കുന്നത്. ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ഒരു പ്രസക്തമായ ചോദ്യം ഇവിടെ ഉന്നയിച്ചിരുന്നു. ലഹരിയുമായി ബന്ധപ്പെട്ട്

എന്തെങ്കിലും പഠനം സർക്കാർ നടത്തിയോ എന്നാണ് അദ്ദേഹം ചോദിച്ചത്. രണ്ട് പഠനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. 2023 ജനവരിയിൽ ഒരു പഠന റിപ്പോർട്ട് പ്രകാശിപ്പിച്ചിട്ടുണ്ട്. വിമുക്തിയുടെ ഡീ-അഡിക്ഷൻ കേന്ദ്രങ്ങളിലും കൗൺസിലിംഗ് കേന്ദ്രങ്ങളിലും ചികിത്സയ്ക്കായി എത്തിയ 600 പേരിലാണ് ആദ്യത്തെ പഠനം നടത്തിയത്. അതെല്ലാം പത്തൊൻപത് വയസ്സിന് താഴെയുള്ളവരാണ്. 155 പേർ കുറ്റാരോപിതരും 376 പേർ വിമുക്തി ജില്ലാ ഡീ-അഡിക്ഷൻ കേന്ദ്രങ്ങളിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കൗൺസിലിംഗ് സെന്ററുകളിലും ചികിത്സയ്ക്ക് എത്തിയവരാണ്. ഇതിൽ 69 പേർ രണ്ട് കൂട്ടത്തിലുമുണ്ട് (ചികിത്സയ്ക്ക് എത്തിയവരും കുറ്റാരോപിരരുമാണ്). മനശാസ്ത്ര വിദഗ്ധരും എക്സൈസ് ഉദ്യോഗസ്ഥരുമാണ് ഈ പഠനത്തിന് നേതൃത്വം കൊടുത്തത്. സർവെയുടെ കണ്ടെത്തൽപ്രകാരം ഈ 600 പേരിൽ 97 ശതമാനം കൗമാരക്കാരും ഏതെങ്കിലും ലഹരി ഉപയോഗിച്ചുവെന്നാണ്. രണ്ടാമത്തെ പഠനം കുറച്ചുകൂടി വിശദമായ പഠനമാണ്. 62693 പേരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർവെയാണ് നടത്തിയത്. അത് എസ്.പി.സി.-യുടെ (Student Police Cadet) സഹായത്തോടെയാണ് നമ്മൾ

നടത്തിയിട്ടുള്ളത്. വ്യത്യസ്തമായ 26 സാമൂഹിക വിഭാഗങ്ങളിൽനിന്നുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചു. അതിൽ എല്ലാവരും ഉൾപ്പെടുന്നുണ്ട്. തൊഴിലാളികൾ മുതൽ ഐ.ടി. പ്രൊഫഷണൽ വരെയുള്ള 26 സാമൂഹിക വിഭാഗങ്ങളുണ്ട്. ഇതിൽ മൂന്ന് ഘട്ടമാണ് വരുന്നത്. ലഹരിയിലേക്ക് ആകർഷിക്കപ്പെടുന്നതിന്റെ കാരണങ്ങൾ ഒന്നാംഘട്ടവും വിമുക്തിയുടെ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമാണ്, അതിന്റെ കുറവുകളെന്തെല്ലാമാണെന്നുള്ളത് രണ്ടാംഘട്ടവും എൻഫോഴ്സ്മെന്റ് എങ്ങനെ ശക്തിപ്പെടുത്താമെന്നുള്ളത് മൂന്നാംഘട്ടവുമാണ്. അങ്ങനെ മൂന്ന് ഘട്ടങ്ങളിലായി ഇവിടെ പഠനം നടത്തിയിട്ടുണ്ട്. ഇപ്പോൾ പഠനം പൂർത്തിയായി, റിപ്പോർട്ട് ഉടനെ പ്രസിദ്ധീകരിക്കും. കഴിയുമെങ്കിൽ റിപ്പോർട്ട് എല്ലാ എം.എൽ.എ.-മാർക്കും പങ്കുവയ്ക്കുന്ന കാര്യവും ആലോചിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

സ്പോർട്സിന്റെ കാര്യമാണ് ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചത്. അത് ശരിയായ കാര്യമാണ്. പല സ്ഥലങ്ങളിലും അത്തരമൊരു മാതൃക വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാരണം, കായികലഹരി എന്നത് ഇത്തരത്തിലുള്ള മാരകമായ ലഹരിയെ ചെറുക്കാനുള്ള നല്ലൊരു

പ്രത്യൗഷധമാണ് എന്ന് കണ്ടിട്ടുണ്ട്. അത് കണ്ടിട്ടാണ് എക്സൈസ് 'ഉണർവ്' എന്ന കായിക പരിശീലന പരിപാടി ആവിഷ്കരിച്ചത്. 5 ലക്ഷം രൂപ കായിക ഉപകരണങ്ങൾക്കും പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുമായി നൽകിക്കൊണ്ട് എക്സൈസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ഉണർവ്. സാമ്പത്തികമായ പരിമിതികൾ അതിന് കുറച്ച് പ്രയാസമൊക്കെ സൃഷ്ടിക്കുന്നുണ്ടെങ്കിലും ആ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2024-25-ൽ മുഖ്യമന്ത്രിയുടെ നാലാം നൂറുദിന കർമ്മ പദ്ധതിയിലാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. സർക്കാർ എത്ര സൂക്ഷ്മമായിട്ടാണ് ഇതിലിടപെട്ടത് എന്നതിന്റെ തെളിവാണ് ഈ നടപ്പാക്കിയ പദ്ധതികളെല്ലാം. സ്കൂൾ വിദ്യാർഥികളുടെ പെരുമാറ്റത്തിലുണ്ടാകുന്ന മാറ്റം ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ള അംഗങ്ങൾ സൂചിപ്പിച്ചു. അതുകൊണ്ടുതന്നെ വിദ്യാർഥികളുടെ പെരുമാറ്റ വൈകല്യങ്ങൾ പരിശോധിച്ച് ഇടപെടുന്നതിനാണ് 'നേർവഴി' പദ്ധതി ആരംഭിച്ചത്. അത് സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി മാത്രമുള്ളതാണ്. 9656178000 എന്ന പ്രത്യേകമായ നമ്പർ എക്സൈസ് വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നമ്പരിൽ വരുന്ന പരാതികളിന്മേൽ പ്രത്യേക

കൗൺസിലിംഗ് നൽകാൻ വിമുക്തി മെന്റർമാർ സന്നദ്ധരാകും. വിമുക്തി പദ്ധതിയുടെ പ്രവർത്തനം അത്ര ചെറുതല്ല. അത് രാജ്യത്തിനാകെ മാതൃകയായിട്ടുള്ള പ്രവർത്തനമാണ്. പ്രത്യേക കൗൺസിലിംഗ് ഈ നമ്പരുകളിൽ വരുന്ന........

ശ്രീമതി യു. പ്രതിഭ: സർ, അങ്ങ് വഴങ്ങുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ചെയർ അനുവദിക്കാതെ വഴങ്ങില്ലെന്ന് നേരത്തെ പറഞ്ഞതാണ്. ചെയർ അനുവദിച്ചാൽ മാത്രമെ വഴങ്ങുകയുള്ളൂ. അങ്ങയുടെ അനുവാദമില്ലാതെ വഴങ്ങില്ല.

ശ്രീമതി യു. പ്രതിഭ: സർ, വളരെ ഗൗരവതരമായ ഒരു വിഷയമായതുകൊണ്ടാണ് ഇടപെടുന്നത്. നേർവഴി അടക്കമുള്ള ധാരാളം പ്രോജക്ടുകൾ നമ്മുടെ സ്കൂളുകളിലുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. പലപ്പോഴും എന്തൊക്കെ പ്രോജക്ടുകൾ നടപ്പാക്കുന്നുവെന്ന് അറിയാൻവേണ്ടി എടുക്കുമ്പോഴാണ് ഇത്തരം പ്രോജക്ടുകളുടെ നല്ല വശങ്ങൾ നമുക്ക് മനസ്സിലാകുന്നത്. പക്ഷെ നമ്മുടെ സ്കൂളുകളിൽ എത്രത്തോളം ആത്മാർത്ഥമായി ഇത്തരം പ്രോജക്ടുകൾ നടത്തുന്നുണ്ടെന്ന പരിശോധന നടത്തിയിട്ടുണ്ടോ;

അതോടൊപ്പം പലപ്പോഴും എക്സൈസ് വകുപ്പ് കേസെടുക്കുമ്പോൾ വലിയ തരത്തിലേയ്ക്കുള്ള ശരിയായ പരിശോധന നടത്താനാവശ്യമായ സംവിധാനങ്ങൾ സാധാരണ സ്റ്റേഷനുകളിലുണ്ടോ; ഒരാൾക്കെതിരെ കേസെടുക്കുമ്പോൾ ആവശ്യമായ പരിശോധന നടത്തിയിട്ടാണോ അവരുടെ പേരിൽ കേസെടുക്കുന്നത്; ഇത്തരം കാര്യങ്ങളൊക്കെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ?

ശ്രീ. ടി. സിദ്ദിഖ്: സർ, സ്കൂളുകളിലും കോളേജുകളിലും ഹയർ സെക്കണ്ടറി തലത്തിലുമുള്ള വിദ്യാർഥികളുമായി ബന്ധപ്പെട്ട് ഇതിന്റെ സ്റ്റാർട്ടിംഗ് എന്നുപറയുന്നത് ഏറ്റവും പ്രധാനമായി ഇ-സിഗരറ്റ്സും വേപ്പും ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട മേഖലകളാണ്. വിദേശരാജ്യങ്ങളിൽനിന്നും വരുന്നവർ ഹൈ ഡെൻസിറ്റിയുള്ള ഇ-സിഗരറ്റ്സ് ഉൾപ്പെടെ കൊണ്ടുവരികയും ഇവിടെ നിർമ്മിക്കപ്പെടുകയും ചെയ്യുകയാണ്. ഇത് ഫോറിൻ സാധനങ്ങൾ വിൽക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളിലുൾപ്പെടെ എല്ലാ സിറ്റികളിലും ഇത് വ്യാപകമായിരിക്കുകയാണ്. നമ്മുടെ കുട്ടികൾ ഇ-സിഗററ്റ്സ് മുഴവൻ വാങ്ങി ഉപയോഗിക്കുന്നതായി രഹസ്യമായും സൗകര്യപ്രദമായിടത്തും അത്

ഉപയോഗിക്കുന്ന ശീലം വ്യാപകമായി വളർന്നുകൊണ്ടിരിക്കുകയാണ്. ഇ-സിഗരറ്റ്സ് ഇതിന്റെയൊരു ഗേറ്റ് വേ ആണ്. ഇതിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ നടപ്പിലാക്കിയ മെന്റൽ ഹെൽത്ത് സംബന്ധിച്ച കാര്യം ഇവിടെ ക്വാട്ട് ചെയ്യുകയാണ്. അദ്ദേഹം രാവിലെ ശ്രദ്ധക്ഷണിക്കലിൽ കൊണ്ടുവരികയും മെന്റൽ ഹെൽത്തിനെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തതാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ശരിയാണ്. അങ്ങയെപ്പോലെ ഞാനും അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കൽ ശ്രദ്ധിച്ചിരുന്നു. മാതൃകാപരമായ ഒരു പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ഇവിടെ ബഹുമാന്യയായ യു. പ്രതിഭ കേസ് എടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് ഉന്നയിച്ചത്. തെറ്റായ രീതിയിൽ/പകപോക്കൽ എന്ന നിലയിൽ കേസ് എടുത്തിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടിയിലെ കേസ് സംബന്ധിച്ച കാര്യങ്ങൾ നമുക്ക് അറിയാവുന്നതാണ്. ബഹുമാന്യനായ ടി. സിദ്ദിഖ് പറഞ്ഞ കാര്യത്തിന് ആധികാരികമായി

പറയാനുള്ള വൈദഗ്ധ്യമോ വിവരമോ ഇപ്പോൾ കൈവശമില്ല. ഇ-സിഗരറ്റ്സ് ഇതിന്റെ കാരണമാകുന്നുവെന്നതിനെക്കുറിച്ച് വിദഗ്ധരുടെ സഹായത്തോടെ പരിശോധിക്കുകയും മനസ്സിലാക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

മി. സ്പീക്കർ: ഇ-സിഗരറ്റ്സ് പ്രൊഹിബിറ്റഡ് അല്ല.

ശ്രീ. എം. ബി. രാജേഷ്: സർ, അത് നിരോധിതമല്ല. അത് എവിടെയും മയക്കുമരുന്നായി കണക്കാക്കുന്നില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, വിദേശത്തുനിന്നും കൊണ്ടുവരുന്ന ഹൈ ഡെൻസിറ്റി നിക്കോട്ടിൻ അളവ് കൂടുതലുള്ള ഇ-സിഗരറ്റ്സാണ് വ്യാപകമായി പ്രചാരത്തിലുള്ളത്. ഇത് ലിക്വർ അഡിക്ഷനെക്കാൾ വളരെ കൂടുതൽ ആരോഗ്യ പ്രശ്നങ്ങൾക്കാണ് വഴിവയ്ക്കുന്നത്. അത് പരിശോധിക്കപ്പെടേണ്ടതാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, എനിക്കതിനെപ്പറ്റി ആധികാരികമായി പറയാൻ കഴിയില്ല. ഇവിടെ ഉന്നയിക്കുന്ന ഏതുപ്രശ്നവും പരിശോധിക്കാവുന്നതേയുള്ളൂ. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള നേർവഴിയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കോളേജ് വിദ്യാർഥികൾക്കായി നടപ്പാക്കുന്ന പദ്ധതിയായ 'നേർക്കൂട്ട'ത്തിന് കോളേജ് പ്രിൻസിപ്പലിന്റെയോ

വൈസ് പ്രിൻസിപ്പലിന്റെയോ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് നേതൃത്വം കൊടുക്കുന്നത്. ഹോസ്റ്റലുകൾ ഇതിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായതിനാൽ ഹോസ്റ്റലിലെ കുട്ടികൾ പലപ്പോഴും ഇതിലേയ്ക്ക് വഴുതിപ്പോകുന്ന കേന്ദ്രങ്ങളാണ്. അവിടേയ്ക്കുവേണ്ടി പ്രത്യേകമായി 'ശ്രദ്ധ' എന്ന പേരിലൊരു പദ്ധതി നടപ്പാക്കുന്നുണ്ട്. 2024-ൽ 'നേർക്കൂട്ട'ത്തിന്റെ 1020 യോഗങ്ങളും 'ശ്രദ്ധ'യുടെ 512 യോഗങ്ങളുമാണ് കോളേജുകളിൽ ചേർന്നത്. അതുപോലെ ക്വിസ് മത്സരങ്ങൾ, സംവാദ സദസ്സ്, പ്രത്യേക ശിശുദിന സദസ്സ്, ഡിസംബർ 10-ന് മനുഷ്യാവകാശ ദിനത്തിന്റെ പരിപാടി എന്നിങ്ങനെ ധാരാളം പ്രവർത്തനങ്ങൾ കാമ്പയിന്റെ ഭാഗമായി നടന്നിട്ടുണ്ട്.

വിമുക്തിയെന്നത് ഇന്ത്യക്കാകെ മാതൃകയായ പദ്ധതിയാണ്. അതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങളൊക്കെ ഇതിനെപ്പറ്റി പഠിക്കാൻ വരുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് അതായത് 2018 നവംബർ മുതലാണ് വിമുക്തി നടപ്പാക്കിയത്. ഇതിനായി 14 ജില്ലകളിലും ഒരു മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നഴ്സ് എന്നിവരടങ്ങുന്ന കൗൺസിലിംഗ് കേന്ദ്രങ്ങളാണ്

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 136550 പേർക്ക് ഔട്ട് പേഷ്യന്റ് ആയിട്ടും 11078 പേർക്ക് ഐ.പി. ആയും കൗൺസിലിംഗ്/ ഡീ-അഡിക്ഷൻ ചികിത്സ കൊടുക്കാൻ വിമുക്തി കൗൺസിലിംഗ് കേന്ദ്രങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. വലിയ ഒരു സേവനമാണ് വിമുക്തി നടത്തിയിട്ടുള്ളത്. നെയ്യാറ്റിൻകരയിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക കൗൺസിലിംഗ് കേന്ദ്രവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായും എക്സൈസ് മന്ത്രി കോ-ചെയർമാനുമായി സംസ്ഥാനതലത്തിൽ ലഹരിവിരുദ്ധ സമിതി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടിയാണ്. ഇത് ജില്ലാതലത്തിലും തദ്ദേശസ്ഥാപനതലത്തിലും വാർഡുതലത്തിലും ഓരോ വിദ്യാലയതലത്തിലും ഉണ്ട്. കൂടാതെ യോഗം ചേരുകയും കാര്യങ്ങൾ മോണിറ്റർ ചെയ്ത് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഈ യോഗങ്ങളിൽ പങ്കെടുക്കേണ്ടത് എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ആളുകളുടെ ഉത്തരവാദിത്വമാണ്. ജനപ്രതിനിധികളുടെ ആകെ ഉത്തരവാദിത്വമാണ് ഇത് സജീവമായി മുന്നോട്ടുകൊണ്ടുപോകുകയെന്നത്. നാം കൂട്ടായിട്ട് അതിന് ശ്രമിക്കണം.

സ്കൂളുകളെയെല്ലാം വൾനറബിൾ സ്പോട്ടുകളായാണ് എക്സൈസ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ ഹോട്ട് സ്പോട്ടുകളും നിശ്ചയിച്ചിട്ടുണ്ട്. 2024-ൽ മാത്രം സ്കൂളുകളിൽ 59917 ബോധവത്കരണ പരിപാടികളും കോളേജുകളിൽ 5825 ബോധവത്കരണ പരിപാടികളുമാണ് നടന്നിട്ടുള്ളത്. ഇതിനുപുറമെ തീരദേശ മേഖലകളിലും ആദിവാസി മേഖലകളിലും പ്രത്യേക ബോധവത്കരണ പരിപാടികൾ, ജനമൈത്രി എക്സൈസ് കോഡ്, ആദിവാസി മേഖലകളിൽ ക്യാമ്പുകൾ, വർക്ക് ഷോപ്പുകൾ, കരിയർ ഗൈഡൻസ് പരിപാടികൾ, പി.എസ്.സി. പരിശീലന പരിപാടികൾ, ക്വിസ് മത്സരങ്ങൾ, സ്പോർട്സ് മത്സരങ്ങൾ ഇതെല്ലാം സംഘടിപ്പിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് നടത്തിയ പി.എസ്.സി. പരിശീലനത്തിൽ പങ്കെടുത്താണ് ശ്രീമതി സെൽവി എന്ന ആദിവാസി വനിത ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നേടിയത്. നെടുമങ്ങാടുള്ള അഭിജിത്ത് ലാലും ദേവികുളത്തെ അമൽ രവി എന്ന ആദിവാസി ചെറുപ്പക്കാരനും ഇപ്രകാരം ഈ മേഖലയിൽനിന്നും ജോലിയിലേക്ക് വന്നവരാണ്. ഇതെല്ലാം ജനമൈത്രി എക്സൈസ് നടത്തിയി പ്രവർത്തനത്തിന്റെ ഫലമാണ്. 463 പോലീസ്

സ്റ്റേഷനുകളിൽ 1360 ബ്ലാക്ക് സ്പോട്ടുകളും എൻ.ഡി.പി.എസ്. ചെക്കിംഗ് പോയിന്റുകളും ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അവിടെ പ്രത്യേകമായ നിരീക്ഷണം പോലീസ് നടത്തിക്കൊണ്ടിരിക്കുന്നതുകൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. തുടർച്ചയായി ഒന്നിൽ കൂടുതൽ തവണ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി കരുതൽ തടങ്കലും സ്വത്ത് കണ്ടുകെട്ടാനുമുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. എക്സൈസിലും പോലീസിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള കൺട്രോൾ റൂമുകൾ പ്രവർത്തിക്കുകയാണ്. പോലീസിന്റെയും എക്സൈസിന്റെയും സ്ട്രൈക്കിംഗ് ഫോഴ്സും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ നർക്കോട്ടിക് സ്ക്വാഡും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഹൈവേ പട്രോൾ യൂണിറ്റ് പോലീസിനും എക്സൈസിനും പ്രത്യേകമായിട്ടുണ്ട്. തീരദേശ പോലീസുമായി ചേർന്നിട്ടുള്ള പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എക്സൈസ് കമ്മീഷണറുടെ

കീഴിൽ ഒരു നർക്കോട്ടിക്സ് സ്ക്വാഡ് സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

തിരുവനന്തപുരം, കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ നാല് അതിർത്തി മേഖലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിനുപുറമെ പോലീസിന്റെ പ്രത്യേക പദ്ധതിയായ 'യോദ്ധാവ്' സ്കൂളുകളിലെ വളരെ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. മഫ്ടി പോലീസിന്റെ നിരീക്ഷണം സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ പരിസരങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ട്. പോലീസും എക്സൈസും കേസുകളിലുൾപ്പെടുന്നവരുടെ ഹിസ്റ്ററി ഷീറ്റ് പോലീസ് സ്റ്റേഷന്റെയും എക്സൈസ് റേഞ്ച് ഓഫീസിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ട്. ഈ തരത്തിലുള്ള നടപടികളെല്ലാം നാം സ്വീകരിച്ചിരിക്കുകയാണ്.

എൻഫോഴ്സ്മെന്റിന്റെ കാര്യം ഒരിക്കൽ കൂടി പറയട്ടെ, 2024-ൽ 4474 പേരെ ശിക്ഷിച്ചപ്പോൾ വിട്ടയച്ചത് 161 പേരെയും 2023-ൽ 4998 പേർ ശിക്ഷിക്കപ്പെട്ടപ്പോൾ വിട്ടയയ്ക്കപ്പെട്ടത് 100 പേരെയും മാത്രമാണ്. നേരത്തെ NCB-യുടെ കേസ് പറഞ്ഞു. 15000 കോടി രൂപയുടെ മയക്കുമരുന്ന്

പിടിച്ചതിൽ പ്രതിയെ തെളിവില്ലാതെ വിട്ടയച്ചതിനെക്കുറിച്ച് നേരത്തേ സൂചിപിച്ചു. ഇത് ഇന്ത്യയിലേയ്ക്ക് പ്രധാനമായും വരുന്നത് കടൽ മാർഗമാണെന്ന് (മുന്ദ്ര പോർട്ട്, മുംബൈ പോർട്ട്) പലരും ചൂണ്ടിക്കാണിച്ചു. 2022-ലെ കണക്കുനോക്കിയപ്പോൾ കടൽ മാർഗം 22 കേസുകൾ പിടികൂടിയതിൽ 10-ഉം ഗുജറാത്ത് വഴിയാണ്. അഞ്ചെണ്ണം മഹാരാഷ്ട്ര വഴിയാണ്. ഇത് കേരളം മാത്രം അഭിമുഖീകരിക്കുന്ന പ്രശ്നമല്ല. കേരളം ഒരു തുരുത്തല്ല; കേരളം ഇന്ത്യയുടെ ഭാഗമാണ്. ലോകമാകെ ഈ ലഹരി ശൃംഖല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഗ്ലോബലൈസേഷന്റെ കാലമാണിത്. മറ്റെല്ലാം ഗ്ലോബലൈസ് ചെയ്യപ്പെടുന്നതുപോലെയാണ് ലഹരിയും ഗ്ലോബലൈസ് ചെയ്യപ്പെടുന്നത്. അതാണ് യു.എൻ.ഒ.ഡി.സി. (യുണൈറ്റഡ് നേഷൻസ് ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം)-യുടെ റിപ്പോർട്ട് ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് വിവിധ മാർഗങ്ങളിലൂടെ ഇന്ത്യയിലേയ്ക്ക് വരുന്നു. ബാംഗ്ലൂരിൽനിന്നും ഗോവയിൽ നിന്നുമാണ് പ്രധാനമായും രാസലഹരികൾ കേരളത്തിലേയ്ക്കുവരുന്നത്. അത് തടയാൻ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നു; കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിലും കൺവിക്ഷൻ റേറ്റിന്റെ കാര്യത്തിലും രാജ്യത്ത് നമ്മൾ

ഒന്നാമതായി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതിനുപുറമെ ജനങ്ങളെയാകെ അണിനിരത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളും നാം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങൾ ഇനിയും വർധിപ്പിക്കണമെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഗവൺമെന്റ് അതിനോട് യോജിക്കുന്നു. അതുകൊണ്ടാണ് ഈ ചർച്ചയ്ക്ക് തയ്യാറാണെന്ന് അറിയിച്ചത്. ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. അതിനേറ്റവും പ്രധാനം നമ്മൾ ഒറ്റക്കെട്ടായി നിൽക്കുകയും ഒറ്റക്കെട്ടായി പ്രവർത്തിക്കുകയും ചെയ്യുക എന്നതുതന്നെയാണ്. നമുക്ക് തർക്കിക്കാനും ആരോപണ-പ്രത്യാരോപണങ്ങൾ ഉന്നയിക്കാനും വേറെ വിഷയങ്ങളും മറ്റു മേഖലകളും തിരഞ്ഞെടുക്കാം. ഇതിൽ ആരോപണ-പ്രത്യാരോപണങ്ങളുന്നയിക്കാനും ക്ഷുദ്രമായ തർക്കങ്ങളുടെ ഒരു വിഷയമാക്കി ഇതിനെ മാറ്റാനും ശ്രമിച്ചാൽ അത് നാം വരുന്ന തലമുറയോടും സമൂഹത്തോടും ചെയ്യുന്ന അന്യായവും അനീതിയുമായിരിക്കും എന്നുമാത്രമാണ് ചൂണ്ടിക്കാട്ടാനുള്ളത്. അതുകൊണ്ടാണ് ബഹുമാന്യനായ അംഗമുന്നയിച്ച പ്രസക്തമായ കാര്യങ്ങളോടും പ്രമേയാവതാരകൻ ഉന്നയിച്ച കാര്യങ്ങളോടും ആ സ്പിരിറ്റോടുകൂടി

പ്രതികരിച്ചത്. അങ്ങിവിടെ ചെക്ക് പോസ്റ്റ് ശക്തിപ്പെടുത്തുന്ന കാര്യം പറഞ്ഞപ്പോൾ കൈമ-ന്റെ കാര്യം പറഞ്ഞത് പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. അത് പാഠ്യപദ്ധതിയുടെ ഭാഗമായി 7, 8 ക്ലാസുകളിലൊക്കെ ആയിക്കഴിഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. ഈ വിപത്തിനെതിരെയുള്ള ഏറ്റവും വലിയ കരുത്ത് എന്നത് നമുക്കിടയിലുള്ള യോജിപ്പാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും ഈ പ്രമേയത്തെ എതിർത്തുകൊണ്ടും ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

(ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.)